
Date of Publication: 9 ഫെബ്രുവരി 2019
വോള്യം 17/ലക്കം 1 / വില 20/-
ISSN 2319 - 9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



# വിശ്വാസം




# സംഘടിത

സംഘടിത/ ഫെബ്രുവരി 2019/വോള്യം 17/ലക്കം 1

ചിത്രം കടപ്പാട്: **നിക്കൊളസ് റോറിഷിന്റെ മദർ ഒഫ് ദ് വേൾഡ് (1924)**

ശബരിമലയും സ്ത്രീകളും 6
**ഷൈലജ നാരായണൻ**

ഈശ്വരൻ എന്റെ മനസ്സിന്റെ ആവശ്യമാണ് 11
**സൗമ്യ ആർ. കൃഷ്ണ/ലക്ഷ്മീ രാജീവ്**

സ്ത്രീകളുടെ വിശ്വാസം അഥവാ നിലാവിന്റെ വേര് 12
**ജീസ ജോസ്**

ബുദ്ധനിലേക്കുള്ള സ്ത്രീയാത്രകൾ 13
**മായാ പ്രമോദ്**

വിശ്വാസവും ഇസ്ലാമിക ഫെമിനിസവും: ഹൂറിയ ബൂത്‌ലജയുടെ ജീവിത പരീക്ഷണങ്ങൾ 16
**ഉമ്മുൽ ഫായിസ**

സ്നേഹത്തിന്റെ സാക്ഷ്യം പോരാട്ടത്തിന്റെയും 22
**ജംസീന പി.എസ്./സിസ്റ്റർ ലൂസി**

അല്ലാഹുവാകാൻ കൊതിച്ച പെൺകുട്ടിയുടെ കഥ 24
**ആയിഷ മെഹമൂദ്**

വിശ്വാസം-ആചാരം ആർക്കുവേണ്ടി 28
പെൺപക്ഷം/**അജിത കെ.**

സ്ത്രീ വിശ്വാസം ആത്മീയത 29
**കുക്കു ദേവകി**

വിശ്വാസം ഒരു തെളിച്ചമുള്ള പകൽ 35
**റോസി തമ്പി**

സ്ത്രീയെന്ന വ്യക്തി 39
വാസ്തവം/**ഡോ. ജാൻസി ജോസ്**

പ്രത്യക്ഷരക്ഷാ ദൈവസഭയും സ്ത്രീപക്ഷ ചിന്തകളും 40
**അരുന്ധതി സിന്ധു ആർ.**

ആചാരവും വിശ്വാസവും ക്വീയർ മനുഷ്യരും 43
**പ്രിജിത്ത് പി.കെ.**

അഗസ്ത്യമലയിലും പെൺപാദങ്ങൾ എത്തി 47
**സുൽഫത്ത്**

ഇസ്ലാം ലിംഗനീതിക്കെതിരോ? 49
**വി പി. സുഹ്റ**

എന്റെ വിശ്വാസത്തെ അളക്കാൻ നിങ്ങളാര്? 51
ഉപ്പും മുളകും/**പി.ഗീത**

പെണ്ണരങ്ങുകൾ 53
വഴിത്താരകൾ/**ജാനകി**

കൽപ്പാത്തിയിലെ സന്ധ്യ 59
കവിത/**വിജി ശങ്കർ**

അന്വേഷി വാർഷികാഘോഷം 60
റിപ്പോർട്ട്

ശാസ്ത്രരംഗത്തെ സ്ത്രീകൾക്കും കുട്ടികൾക്കും ഒരു ദിനം 61
ശാസ്ത്രം/**സീമാ ശ്രീലയം**

**ഫോട്ടോ ഫീച്ചർ : റിറ്റാബ്ലോ ആത്മീയ കലാരൂപങ്ങൾ**

**എഡിറ്റർ:**ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ:**കെ.അജിത **എക്സി.എഡിറ്റർ :** ഡോ. ജാൻസി ജോസ്, **പത്രാധിപസമിതി:** രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ.പ്രീത, ഡോ. ഷീബ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, സോണിയ ജോർജ്. **എക്സിക്യൂട്ടീവ് കമ്മിറ്റി** : അമീറ വി.യു, ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തുലക്ഷ്മി കെ., ഡോ. മിനി പ്രസാദ്, ശ്രീജിത **ഉപദേശകസമിതി** : സുഗത കുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** : ശാലിനി.പി.എം., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.



**പു**തുവർഷത്തിലെ ആദ്യ ലക്കം സംഘടിതയാണിത്. പ്രളയാനന്തരം കേരളം പതുക്കെ നവനിർമ്മിതിയിൽ കെട്ടിപ്പടുക്കപ്പെട്ടപ്പോൾ അനുഭവപ്പെട്ട സാമ്പത്തിക അസ്ഥിരത സംഘടിതയുടെ പ്രസിദ്ധീകരണത്തെയും ബാധിച്ചു. കമ്പോളയുക്തികൾക്കൊപ്പം സഞ്ചരിക്കാൻ തയ്യാറാകാത്തതുകൊണ്ടു തന്നെ പ്രസിദ്ധീകരണത്തിനുള്ള സാമ്പത്തികസ്രോതസ്സുകൾ ബദലായി കണ്ടെത്താൻ ഞങ്ങൾ പാടുപെട്ടു. പരസ്യങ്ങൾ കിട്ടാതായി. സാമ്പത്തികഭദ്രതയില്ലാത്ത ജീവിതങ്ങളുടെ ആസന്നഘട്ടങ്ങളിലുള്ള നില ഇങ്ങനെയൊക്കെത്തന്നെയാവുമല്ലോ. എങ്കിലും നമ്മൾ തിരിച്ചു വരുന്നു. ജീവിതം അതിജീവനം തന്നെ എന്ന് വീണ്ടും തെളിയിച്ചു കൊണ്ട് !

കഴിഞ്ഞുപോയ വർഷം നമ്മെ സംബന്ധിച്ച് ഏറ്റവും സംഭവബഹുലമായിരുന്നുവല്ലോ. ചരിത്രത്തിൽ ഇടം തേടിയ ആണ്ട് എന്ന് തീർച്ചയായും പറയാവുന്ന ഒരു കാലം. പ്രളയവും അതുയർത്തിയ പാരസ്പര്യവും ഇന്നും നമ്മെ മാനുഷികതയുടെ ഓർമ്മപ്പെടുത്തലുകളുമായി വഴികാട്ടുന്നുണ്ട്. എന്നാൽ വൈരുദ്ധ്യങ്ങളുടെ വിഹാരകേന്ദ്രം എന്ന മട്ടിൽ ഏറ്റവും പ്രതിലോമകരമായ സംഘാടനങ്ങൾക്കും കേരളം സാക്ഷിയായി. പുരുഷാധിപത്യത്തിന്റെ വഴക്കങ്ങളിൽ ആയിരക്കണക്കിന് സ്ത്രീകൾ സ്ത്രീവിരുദ്ധ നിലപാടുകളുമായി പൊതുവഴികളിൽ നിലയുറപ്പിച്ചു. ഫാഷിസത്തിന്റെ ശാക്തീകരണപ്രതീതിയുളവാക്കാനുള്ള ശേഷി വീണ്ടും തെളിയിക്കപ്പെട്ടു. സാംസ്കാരിക ദേശീയതയുടെ വാഹകരാകാനുള്ള ഉത്തരവാദിത്വം സ്ത്രീകളിലാണ് നിക്ഷിപ്തമായിരിക്കുന്നതെന്ന സത്യവും വീണ്ടും നമുക്ക് മുന്നിൽ ഖേദകരമാംവണ്ണം വെളിവായി.

ശബരിമലയിലെ സ്ത്രീ പ്രവേശനത്തോട് അനുകൂലവും പ്രതികൂലവുമായ നിലപാടെടുത്തവർ സധൈര്യം മലകയറാൻ മുന്നോട്ടുവന്നവരെ കൂടിയും കുറഞ്ഞും ഗുണമേന്മാപരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. പൊതുബോധത്തിന്റെ ആക്ടിവിസ്റ്റ് വിരുദ്ധ അരിപ്പയിൽ പലരും കുടുങ്ങി. പിൻബലത്തെക്കാളേറെ ചോദ്യങ്ങളുയർത്തപ്പെട്ടു. അവരുടെ പിൻകാല ചരിത്രങ്ങൾ പരിശുദ്ധിപരീക്ഷണത്തിന് സമർപ്പിക്കപ്പെട്ടു. എത്രയോ പേർ സ്വന്തം ജീവിതങ്ങളുടെ വില നൽകിയാണ് ഇന്നുവരെ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടതും അല്ലാത്തതുമായ സാമൂഹ്യ പരിഷ്ക്കരണങ്ങൾക്ക് നേതൃത്വം നൽകിയിട്ടുള്ളത്. വിലയിരുത്തലുകൾക്കും വിധിക്കലുകൾക്കുമിടയിൽ ഈ സത്യം മറന്നുപോകാനിടയാകരുതെന്നു മാത്രം പറയാം. മല കയറാതെ തിരിച്ചു പോകേണ്ടിവന്നവരും കയറി വിജയിച്ചവരും ഒരുപോലെ സുപ്രധാനമായ ചരിത്രദൗത്യമാണ് നിർവ്വഹിച്ചത്. കേരളത്തിന്റെ സ്ത്രീചരിത്രത്തിലെ നിർണ്ണായകമായ ഒരു സന്ദർഭം തന്നെ തീർച്ചയായും ഇത്. ആണധികാരബോധങ്ങളുടെ ഞെട്ടിക്കുന്ന ആഴപ്പരപ്പുകൾ തുറന്നു കാട്ടപ്പെട്ടപ്പോൾ അതിനെതിരെ ഉയരാനാകുന്ന ചെറുത്തുനില്പിന്റെ സുശക്തസാധ്യതകൾക്ക് കൂടി കേരളം സാക്ഷ്യം വഹിച്ചു. ഇതിലാണ് നമ്മുടെ പ്രതീക്ഷയും ധൈര്യവും!

2019 ചെറുത്തുനില്പിന്റെ വർഷമാവട്ടെ എന്നാണ് ആശംസിക്കേണ്ടതും ആഗ്രഹിക്കേണ്ടതും. ഇതിനായി ഹിന്ദുത്വത്തിന്റെ ഹീനശക്തികളെ തോൽപ്പിക്കാൻ ഈ രാജ്യത്തെ ജനാധിപത്യ വിശ്വാസികൾ തീർക്കുന്ന ഐക്യനിരയിൽ നമ്മളും കണ്ണികളാകാൻ പരിശ്രമിക്കേണ്ടതുണ്ടുതാനും.

കഴിഞ്ഞ കുറേ മാസങ്ങളായി വിശ്വാസമെന്ന സങ്കല്പനം സജീവമായി ചർച്ച ചെയ്യപ്പെടുകയാണ്. സുപ്രീം കോടതിയുടെ ശബരിമലയെ സംബന്ധിച്ച വിധി വിശ്വാസസംരക്ഷണപക്ഷമാണെന്ന് വേണം കരുതാൻ. എന്നാൽ ആരാണ് വിശ്വാസി എന്ന വ്യവഹാരം നമ്മുടെ ചിന്തയുടെയും ജീവിതപരിപ്രേക്ഷ്യങ്ങളുടെയും മേൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നുണ്ടിപ്പോൾ. യൂറോപ്യൻ ജ്ഞാനോദയകാലം തൊട്ടിങ്ങോട്ട് ആധുനികതയുടെ 'സെക്കുലർ, ലിബറൽ' പരിപ്രേക്ഷ്യങ്ങളിൽ മതവും വിശ്വാസവും വർജ്ജിക്കപ്പെടേണ്ട ദുശ്ശീലങ്ങളുടെ, ശാസ്ത്രബോധം കൊണ്ട് ഉച്ചാടനം ചെയ്യേണ്ടുന്ന അയുക്തിയുടെ മേഖലയായി പരിഗണിക്കപ്പെട്ടുപോന്നിട്ടുണ്ട്. ഇതിനൊരു പൊളിച്ചെഴുത്ത് കാലം ആവശ്യപ്പെടുന്നില്ലേ എന്ന ചോദ്യം അവശേഷിക്കുന്നു. സ്ത്രീവാദങ്ങളുടെ മതവിശ്വാസസാക്ഷരത ഏറെ പരിമിതികൾക്കുള്ളിലുള്ളതാണെന്ന് ഈയവസരത്തിൽ ഓർക്കേണ്ടതുണ്ട്. സാറ ബ്രാക്കിനെയും നാദിയ ഫാദിൽനെയും പോലുള്ളവർ പറയുന്നപോലെ മാറ്റി നിർത്തപ്പെട്ട പരിപ്രേക്ഷ്യങ്ങളെക്കൂടി ഉയർത്തിക്കാട്ടുന്ന കൂട്ടായ്മയുടെ സംവാദമാകേണ്ടതുണ്ട് സ്ത്രീവാദം. 'വിശ്വാസം' എന്ന വിഷയം ചർച്ചചെയ്യുന്ന ഈ വർഷത്തെ ആദ്യലക്കം സംഘടിത ആണധികാരത്തിനെതിരെയുള്ള വർദ്ധിത വിപ്ലവവീര്യം ആശംസിച്ചുകൊണ്ട് സമർപ്പിക്കുന്നു.






**ഷൈലജ നാരായണൻ**
വിദ്യുച്ഛക്തി ബോർഡ്
ഉദ്യോഗസ്ഥ

# ശബരിമലയും സ്ത്രീകളും

സ്ത്രീകളുടെ വിശ്വാസമെന്നു കേട്ടാൽ ശബരിമലയെക്കുറിച്ചു മാത്രം ചിന്തിക്കുന്ന ഒരു കാലഘട്ടമാണിന്ന്. 2018 സെപ്തംബർ മാസം സുപ്രീം കോടതി ശബരിമലയിൽ സ്ത്രീകൾക്കു പ്രവേശനം അനുവദിച്ചുകൊണ്ടുള്ള വിധി പുറപ്പെടുവിച്ചു. അഞ്ചംഗ ഭരണഘടന ബഞ്ച് ഉത്തരവിട്ട വിധി രാജ്യത്തിന്റെ ഭരണഘടനയെയും ജനാധിപത്യ മൂല്യങ്ങളെയും ഉയർത്തി കാട്ടുന്നതായിരുന്നു. സ്ത്രീകൾ ഇന്നും ലിംഗവിവേചനവും അസമത്വവും അനുഭവിക്കുന്നുണ്ട് എന്ന തിരിച്ചറിവും ഈ വിധിയിലൂടെ ഉണ്ടായി. രാജ്യത്താകമാനമുള്ള എല്ലാ സ്ത്രീകളും സാമൂഹിക, രാഷ്ട്രീയപ്രസ്ഥാനങ്ങളും വളരെ പ്രതീക്ഷയോടയൊണ് വിധിയെ സ്വാഗതം ചെയ്തത്. എന്നാൽ കേരളത്തിൽ നേരെ വിപരീതമായ സ്ഥിതി നമ്മൾ കാണുകയുണ്ടായി. സാക്ഷര കേരളമെന്നും പ്രബുദ്ധ കേരളമെന്നും സമത്വ കേരളമെന്നും സാമൂഹിക, രാഷ്ട്രീയ ജാതിമത വ്യത്യാസമില്ലാതെ ഉച്ചരിച്ചു കൊണ്ടിരുന്ന കേരളത്തിൽ സ്ത്രീകളുടെ വിശ്വാസത്തിന്മേൽ ക്രൂരമായ കടന്നുകയറ്റം ഉണ്ടാവുന്നത് നമ്മൾ കണ്ടു. സ്വാമി വിവേകാനന്ദൻ കേരളം ഒരു ഭ്രാന്താലയമാണ് എന്ന് പറഞ്ഞത് അക്ഷരാർത്ഥത്തിൽ ശരി വയ്ക്കുന്ന കാഴ്ചയാണ് നാം കണ്ടത്.

സ്ത്രീകൾ ശബരിമലയിൽ കയറുന്നത് വിശ്വാസങ്ങൾക്കെതിരാണെന്നും ആചാരലംഘനമാണെന്നും ആവർത്തിച്ചു പറഞ്ഞു കൊണ്ടേയിരുന്നു. സംസ്ഥാനത്തുടനീളം നാമജപങ്ങളും പ്രാർത്ഥനായജ്ഞങ്ങളും നടന്നു. സ്ത്രീകളെ വിശ്വാസത്തിന്റെ പേരിൽ തരം തിരിച്ചു കാണുവാൻ തുടങ്ങി. വിശ്വാസികളെന്നും അവിശ്വാസികളെന്നും, കുലസ്ത്രീകളെന്നും അല്ലാത്തവരെന്നും തരം തിരിച്ച് വിശ്വാസികൾ എന്നും കുലസ്ത്രീകളെന്നും മുദ്രണം ചെയ്യപ്പെട്ടവരെ സ്ത്രീകൾക്കെതിരായുള്ള പ്രക്ഷോഭങ്ങളിൽ നിരത്തിലിറക്കി. സത്യത്തിൽ വിശ്വാസം എന്ന ചരടിൽ സ്ത്രീകളെ കോർത്തിണക്കി ഇവിടുത്തെ സവർണ്ണ-പുരുഷ

മേധാവിത്വം സ്ത്രീകൾക്കുമേൽ ആധിപത്യം സ്ഥാപിക്കുവാൻ ശ്രമിച്ചുകൊണ്ടേയിരുന്നു. ഇത് ചരിത്രത്തിന്റെ ആവർത്തനമാണ്. സതി എന്ന ദുരാചാരം നിർത്തലാക്കിയപ്പോഴും, മാറുമറക്കൽ സമരം നടന്നപ്പോഴും വേണ്ട ഇതെല്ലാം ആചാരമാണ് എന്നു പറഞ്ഞ് സ്ത്രീകളെ പ്രതിഷേധത്തിനിറക്കിയതും ഈ സവർണ-പുരുഷമേധാവിത്വമാണ് എന്നതാണ് വസ്തുത. ആചാരങ്ങളും വിശ്വാസങ്ങളും സമൂഹത്തിൽ അസമത്വം സൃഷ്ടിക്കുന്നുങ്കിൽ അവ നീക്കം ചെയ്യുക തന്നെ വേണം. ഇത്തരം ഒരു അസമത്വത്തിന്മേൽ സമത്വം ഉദ്ഘോഷിപ്പിച്ചുകൊണ്ടുള്ള വിധിയാണ് ശബരിമല വിഷയത്തിലും കോടതി കൈക്കൊണ്ടത്. ഇതിനോടനുബന്ധിച്ച് രാജ്യത്തിന്റെ ഭരണഘടനയേയും നീതിന്യായ വ്യവസ്ഥയേയും അംഗീകരിക്കുവാൻ മനസ്സുവയ്ക്കാത്ത ഒരു വിഭാഗം ജനത ഈ രാജ്യത്ത് വളർന്നു വരുന്നു എന്നതും അവർ തങ്ങളിൽ മാത്രമല്ല മറ്റുള്ളവരിലേക്കും തലമുറകളിലേക്കും അതിനെ സന്നിവേശിപ്പിക്കുന്നു എന്നതും വളരെ ഗൗരവത്തോടെ കാണേണ്ട വിഷയമാണ്. വിശ്വാസത്തിന്റെ പേരിൽ സ്ത്രീകളെ തെരുവിലിറക്കുകയും അതിലൂടെ അവരറിയാതെ തന്നെ സമൂഹത്തിൽ മേൽക്കോയ്മ നേടിയെടുക്കുവാനുള്ള ചിലയാളുകളുടെ ഗൂഢതന്ത്രമായിരുന്നു ഈ പ്രതിഷേധമെന്ന കാര്യവും തള്ളിക്കളയാനാവില്ല.



യഥാർത്ഥത്തിൽ ശബരിമലയിൽ സ്ത്രീകൾ ദർശനം നടത്തുന്നതിനെതിരായി ഇത്ര വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കേണ്ട ആവശ്യമുണ്ടോ? ഇല്ല എന്നു തന്നെയാണ് അതിനുത്തരം. കാരണം ശബരിമല എന്നത് മലഅരയസമുദായം ജീവിച്ചിരുന്ന 18 പുണ്യമലകളിൽ ഒന്നാണ്. സ്ത്രീകളും കുട്ടികളുമടങ്ങുന്ന കുടുംബങ്ങളായിട്ടാണ് ജനങ്ങൾ താമസിച്ചിരുന്നത്. അവിടെയെല്ലാം ജനവാസ കേന്ദ്രങ്ങളുടെ വലിയ അടയാളങ്ങൾ ഇപ്പോഴുമുണ്ട്. പതിനെട്ടുമലകളിലും പുരത്തറകളും കുളങ്ങളും ക്ഷേത്രങ്ങളും കല്ലറകളും ഒക്കെ അവശേഷിക്കുന്നുണ്ട്. ഇത്രയേറെ ജനങ്ങൾ അധിവസിച്ചിരുന്ന ഒരു പ്രദേശത്ത് സ്ത്രീകളെ മാറ്റി നിർത്തി എങ്ങനെയാണ് ഒരു ക്ഷേത്രം പണിയാനാവുക. ശബരി എന്നതു തന്നെ ഒരു സ്ത്രീയാണ്. താപസ്വിയും, ജ്ഞാനമുള്ളവരും ആയിരുന്ന ആ സ്ത്രീയുടെ അധീനതയിലുള്ള പ്രദേശമായിരുന്നു ശബരിമല. അവിടെ മഹത്തായ ഒരു വിദ്യാപീഠം ഉണ്ടായിരുന്നു അതാണ് ശബരീ പീഠം എന്നറിയപ്പെടുന്നത്. നീലി എന്ന സ്ത്രീയുടെ പേരിലുള്ള നീലിമലയും കടന്നാണ് ശബരിമലയിലെത്തുന്നത്. തനിക്ക് ഏറ്റവും സുരക്ഷിതമായ സ്ഥലമായി ശ്രീ അയ്യപ്പൻ തെരഞ്ഞെടുത്തതും ശബരിമലയാണ്. അതിനർത്ഥം സ്ത്രീകളെ ഏറെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്തിരുന്ന വ്യക്തിത്വത്തിനുടമയാണ് ശ്രീ അയ്യപ്പൻ എന്നാണ്.

മലഅരയദമ്പതിമാരായ കണ്ടനും കറുത്തമ്മയ്ക്കും ഉണ്ടായ മകനെ പന്തളരാജാവ് തട്ടിയെടുത്തു. എന്നാൽ ദ്രാവിഡഗോത്രവിഭാഗമായ മലയരയരുടെ മകനാണ് അയ്യപ്പൻ എന്ന് തുറന്നു പറയുവാനുള്ള ദുരഭിമാനം മൂലം പുതിയ കഥകൾ മെനഞ്ഞെടുക്കുകയും ചെയ്തു. പരമശിവനും മഹാവിഷ്ണുവിനും ഉണ്ടായ മകനാണ് അയ്യപ്പൻ എന്നും അതിനു വിശ്വാസമേകാൻ മറ്റ് ഉപകഥകളും നിർമ്മിച്ചെടുത്തു. എന്നാൽ സ്വന്തം മകനുണ്ടായപ്പോൾ ദ്രാവിഡപുത്രനെ രാജാവായി വാഴിക്കാനുള്ള താല്പര്യമില്ലായ്മ അവനെ കാട്ടിലേയ്ക്കയച്ചു. അതിനും പുതിയ ചിത്രങ്ങൾ നിർമ്മിച്ചു നൽകി. അയ്യപ്പൻ ശബരിമലയിൽ ഉപവിഷ്ടനായതു മുതൽ സ്ത്രീകളും കുട്ടികളുമുൾപ്പടെ മലഅരയ, മറ്റു ഗോത്ര വിഭാഗങ്ങൾ എല്ലാവരും തന്നെ അവിടെ എത്തി ആരാധന നടത്തിയിട്ടുള്ളതാണ്.






എന്നാൽ ചരിത്രവും സത്യങ്ങളും നിലനിൽക്കാതിരിക്കാൻ പതിനെട്ട് മലകളിൽ നിന്നും ഈ ജനവിഭാഗത്തെ അധികാരമുള്ളവർ ആട്ടിപ്പായിക്കുകയും പുതിയ ചരിത്രം നിർമ്മിക്കുകയും ചെയ്തു എന്ന സത്യം പുസ്തകങ്ങളായി പുറത്തു വന്നു കൊണ്ടിരിക്കുന്നു. (ശബരിമല അയ്യപ്പൻ മല അരയ ദൈവം, പി.കെ സജീവ്, ഡിസി ബുക്സ് പബ്ലിക്കേഷൻ, 2019-ജനുവരി-10).

ശബരിമല അമ്പലം സ്ത്രീകൾക്ക് നിഷിദ്ധമായ സ്ഥലമല്ല എന്നു പറയുവാനാണ് ഈ ചരിത്രങ്ങൾ പറഞ്ഞത്. സ്ത്രീകൾ മലചവിട്ടിയാൽ ആചാരലംഘനം ഉണ്ടാവും എന്ന് ഏത് അർത്ഥത്തിലാണ് പറയുന്നത്. ആചാരലംഘനങ്ങൾ പണ്ടേ നടന്നു കഴിഞ്ഞു. ദ്രാവിഡ ജനതക്കുമേൽ അവരുടെ ആചാരങ്ങളെയും സംസ്ക്കാരത്തെയും പൈതൃകത്തെയും നശിപ്പിച്ചുകൊണ്ടാണ് ആര്യന്മാരുടെ അധിനിവേശം ഉണ്ടായത്. ശ്രീ അയ്യപ്പനെ സ്വന്തം മാതാപിതാക്കളിൽ നിന്നും തട്ടിയെടുത്തപ്പോൾ മുതൽ വിശ്വാസങ്ങൾ നഷ്ടപ്പെട്ടു തുടങ്ങി. സ്വന്തം മകനെ നഷ്ടപ്പെട്ട ഒരമ്മയുടെ വേദന മനസ്സിലാക്കാൻ വിമുഖത കാട്ടിയവരുടെ പിൻമുറക്കാരാണ് ഇന്നും സ്ത്രീകൾക്കെതിരെ വാളോങ്ങുന്നതെന്ന സത്യം നമ്മളറിയണം. മകനെ ശൈശവത്തിൽ തന്നെ നഷ്ടപ്പെട്ട ആ അമ്മയാണ് ഇന്നും മകന് കാവലായി പതിനെട്ടാംപടിക്കൽ നിൽക്കുന്നത്. കറുത്തമ്മ അഥവ കറുപ്പായി അമ്മ വാളോങ്ങുന്നത് ആർക്കുനേരെയാണ്? തന്റെ മകനെ തട്ടിയെടുത്തവർക്കു നേരെയാണ്. ഇനി ഒരിക്കൽ കൂടി മകനെ നഷ്ടപ്പെട്ടുകൂടാ എന്ന ഓർമ്മപ്പെടുത്തൽ അതിലുണ്ട്.

ശബരിമലയിൽ സ്ത്രീകൾ ദർശനം നടത്തിയാൽ ഒരു ദോഷവുമില്ലെന്ന് അവിടുത്തെ തന്ത്രി കുടുംബത്തിനും, രാജകുടുംബത്തിനും അറിയാം. അതുകൊണ്ടാണ് എല്ലാ വർഷവും പരസ്യമായും രഹസ്യമായും ഒക്കെ സ്ത്രീകൾ അവിടെ കയറുമ്പോൾ ഒരു പ്രതിഷേധവും ഉണ്ടാകാത്തത്. ഏറെ സ്ത്രീകൾ മുൻവർഷങ്ങളിൽ ദർശനം നടത്തിയപ്പോഴും ഒരിക്കൽപോലും നട അടക്കുകയോ ശുദ്ധിക്രിയ ചെയ്യുകയോ ഉണ്ടായിട്ടില്ല എന്നും നാം ശ്രദ്ധിക്കേണ്ടതുണ്ട്. ഞങ്ങൾ അവിടെ ദർശനം നടത്തിയിട്ടുണ്ടെന്ന് സ്ത്രീകൾ പരസ്യമായി അവകാശപ്പെട്ടപ്പോഴും (ശ്രീമതി ലക്ഷ്മി രാജീവ്, മാതൃഭൂമി ചാനൽ ചർച്ച) ഈ തന്ത്ര (തന്ത്രി)ശാലികൾ എന്തേ മൗനമവലംബിച്ചു. അതിൽ ഏറിയ പങ്കും പണമായി അവരുടെ കീശകളിലേക്ക് എത്തിയതുകൊണ്ടാവാം. അപ്പോൾ എന്താണ് വിശ്വാസത്തിന്റെയും ആചാരത്തിന്റെയും അടിസ്ഥാനം പണമോ?

ശബരിമല അയ്യപ്പൻ നൈഷ്ഠിക ബ്രഹ്മചാരിയാണ് എന്ന കാരണമാണ് യുവതികളായ വിശ്വാസികൾക്കെതിരെ വിശ്വാസികളെന്ന് പേരെടുത്തവർ പറയുന്നത്. അങ്ങനെയെങ്കിൽ അയ്യപ്പന് പൂജ ചെയ്യുന്നവരും ബ്രഹ്മചാരിയാകണ്ടേ. എങ്കിൽ തന്ത്രി കുടുംബം തന്നെ നിലനിൽക്കുമായിരുന്നോ? എന്നാൽ അവർക്ക് വിശ്വാസത്തിന്റെ പേരിൽ സ്ഥാപിച്ചെടുക്കുവാൻ മറ്റു പല അജണ്ടകളുമുണ്ടായിരുന്നു എന്ന് വേണം ഉറപ്പിക്കാൻ. കീഴാളർ എന്നും മേലാളർ എന്നുമുള്ള വ്യത്യാസത്തെ ദൃഢപ്പെടുത്തുകയും സവർണ്ണ മേധാവിത്വം ഇവിടുത്തെ മുഴുവൻ ക്ഷേത്രങ്ങളിലും നടപ്പിൽ വരുത്തുകയും ചെയ്യുന്നതിനുള്ള തന്ത്രമായി ഇതിനെ കാണണം. അതിനുള്ള ഒരു വഴിയാണ് സ്ത്രീകളുടെ വിശ്വാസത്തിമേലുള്ള കടന്നു കയറ്റം. വിശ്വാസം പുരുഷമേധാവിത്വത്തിന് തുരങ്കം വയ്ക്കുന്നതാണെങ്കിൽ അതിനെ പാടെ നുള്ളിക്കളയാനുള്ള മാർഗ്ഗവും അവർ കണ്ടെത്തി. ലിംഗ സമത്വം ഇല്ലാതാക്കുക വഴി സവർണ്ണ-പുരുഷ മേധാവിത്വം അതിന്റെ



പരകോടിയിലെത്തിക്കാം എന്ന ദുരാഗ്രഹം. ഇന്ന് സ്ത്രീകളുടെ വിശ്വാസത്തിന്മേലാണ് കൈകടത്തിയതെങ്കിൽ നാളെ വഴി നടക്കുന്നതിനും, വസ്ത്രം ധരിക്കുന്നതിനും, ഭക്ഷണത്തിനും വിദ്യാഭ്യാസത്തിനുംമേൽ ഇവർ ആധിപത്യം സ്ഥാപിക്കും. വീണ്ടും നമ്മൾ നൂറ്റാണ്ടുകൾ പിറകിലേക്ക് യാത്ര ചെയ്യേണ്ടിവരാം. വില്ലുവണ്ടിയാത്രകൾ നടത്താൻ മഹാനായ അയ്യങ്കാളി പുനർജ്ജനിക്കേണ്ടി വന്നേക്കാം.

വിശ്വാസം ജനങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ളതാകണം. സമൂഹത്തെ അന്ധകാരത്തിലേക്കു നയിക്കുന്ന അന്ധവിശ്വാസത്തെ ഒഴുക്കികളയുവാൻ കഴിയണം. രാജ്യത്തിന്റെ ഭരണഘടനയെ കാക്കുവാനും നിയമ വ്യവസ്ഥയ്ക്കും കോട്ടം തട്ടാത്ത വിശ്വാസ പ്രമാണങ്ങളാണ് നിലനിർത്തേണ്ടത്. ഓരോ വ്യക്തിയും അവരുടെ വിശ്വാസത്തെ ചോദ്യം ചെയ്യുന്നതുകൊണ്ടാവരുത്. സ്ത്രീകൾക്ക് അവരുടേതായ സ്വാതന്ത്ര്യവും വിശ്വാസങ്ങളും അവകാശങ്ങളുമുണ്ട്. സമൂഹത്തെ നന്മയിലേക്കു നയിക്കുവാനുള്ള ശേഷിയുമുണ്ട്. വിശ്വാസവും ആചാരങ്ങളും തങ്ങളുടേതു മാത്രമെന്നു കരുതി കയ്യടക്കി വച്ചിരിക്കുന്നവർക്ക് പുതിയ നവോത്ഥാന മുന്നേറ്റങ്ങളെ അംഗീകരിക്കുവാൻ കഴിയില്ല. സ്ത്രീ പ്രവേശന വിഷയം സമൂഹത്തെ പുതിയ ചിന്താധാരയിലേക്ക് കടക്കുവാൻ പ്രേരിപ്പിച്ചു. പുരുഷ-സവർണ മേധാവിത്വം സ്ത്രീകൾക്കുനേരെ ആക്രമണം അഴിച്ചുവിട്ടപ്പോൾ ഇരിക്കുന്ന കൊമ്പ് മുറിക്കുന്ന അവസ്ഥയിലേക്ക് എത്തിച്ചേർന്നു. സ്ത്രീകളെ വിശ്വാസികളെന്ന പേരിൽ മുന്നിൽ നിർത്തി സ്ത്രീ വിരുദ്ധസമരം നടത്തിയവർ കവലകൾ തോറും സ്ത്രീകൾക്കെതിരായി മ്ലേഛഭാഷയിൽ സംസാരിക്കുവാനും മടികാട്ടിയില്ല. തങ്ങളുടെ വർഗ്ഗത്തെ അധിക്ഷേപിക്കുന്നതുകേട്ട് കുലസ്ത്രീകൾ എന്ന വിശേഷ പദവി ലഭിച്ചവർ ആഹ്ലാദത്തോടെ കൈയ്യടിക്കുന്നതും കണ്ടു. ഇതാണ് ഏറ്റവും വിചിത്രമായി തോന്നിയത്. അമ്മയായും, മകളായും ഭാര്യയായും സഹോദരിയുമായുമൊക്കെ വിവിധ ഭാവങ്ങളിൽ തങ്ങളുടെ വീട്ടിലും സ്ത്രീകൾ ഉണ്ടെന്ന് ഓർക്കാത്ത ഇത്രയധികം സ്ത്രീ വിരോധികൾ ഈ സാക്ഷര കേരളത്തിലോ എന്ന് രാജ്യത്തിന് പുറത്തുള്ളവരും ചിന്തിച്ചു എന്നത് സത്യം. വിശ്വാസത്തിന്റെ പേരിൽ കാട്ടിക്കൂട്ടിയ ഈ കോപ്രായങ്ങളൊക്കെയും അവിശ്വാസികളുടേതായിരുന്നു എന്ന് വിശ്വസിക്കാനാണ് എനിക്കിഷ്ടം. കാരണം ഒരു അയ്യപ്പ വിശ്വാസിയും അയ്യപ്പന്റെ പേരിൽ മുതലെടുക്കാൻ ശ്രമിക്കില്ല.

സർവ്വ മതസ്ഥർക്കും ഒരേപോലെ പ്രവേശനമുള്ള പുണ്യ സ്ഥലമാണ് ശബരിമല. സ്ത്രീ - പുരുഷ വ്യത്യാസമില്ലാത്ത ആചാരങ്ങളാണ് മുൻകാലങ്ങളിൽ അവിടെ നടന്നിട്ടുള്ളത്. തന്നെക്കാണുവാൻ എത്തുന്നവരെല്ലാം തന്റെ പേരിൽതന്നെ അറിയപ്പെടണം എന്നാണ് സ്വാമി ആഗ്രഹിച്ചത്. അതുകൊണ്ടാണ് മാലയിട്ടുകഴിഞ്ഞാൽ എല്ലാവരും സ്വാമിമാരാകുന്നത്. മാലയിട്ടെത്തുന്ന സ്ത്രീകളെല്ലാം മാളികപ്പുറമെന്നും അറിയപ്പെടണം. അത് ദേവിസ്ഥാനമാണ്. പിന്നെ എങ്ങനെയാണ് മാലയിട്ട് വ്രതമെടുത്ത് അയ്യനെ കാണുവാൻ എത്തുന്ന സ്ത്രീകളെ മറ്റു പേരു വിളിക്കുവാൻ കഴിയുന്നത്. യഥാർത്ഥ വിശ്വാസികൾക്ക് അതൊരിക്കലും കഴിയില്ല. ശബരിമലയിൽ ദ്രാവിഡ ജനത നൂറ്റാണ്ടുകൾക്കു മുൻപേ പാലിച്ചു കൊണ്ടുവന്ന ജാതിമത ലിംഗ വിവേചനങ്ങളില്ലാത്ത ആചാരങ്ങളും വിശ്വാസങ്ങളുമാണ് നിലനിർത്തേണ്ടത്. ■

സൗമ്യ ആർ. കൃഷ്ണ/ലക്ഷ്മി രാജീവ്



**സൗമ്യ ആർ. കൃഷ്ണ**
ജേർണലിസം ഡിപ്ലോമ
കേരള മീഡിയ അക്കാദമി,
സബ് എഡിറ്റർ, ഡൂൾ ന്യൂസ്

# ഈശ്വരൻ എന്റെ മനസ്സിന്റെ ആവശ്യമാണ്: ലക്ഷ്മി രാജീവ്

ഭക്തിയിൽ ജാതി കലർത്തിയ വൈദിക വത്കരണകാലത്തിന് മുൻപ്....

സമൂഹത്തിന്റെ മറ്റു മണ്ഡലങ്ങളിൽ എന്ന പോലെ ആരാധനയിലും കടുത്ത വിവേചനങ്ങൾ സ്ത്രീകളോട് കാണിക്കുന്നുവെന്നത് വാസ്തവ മാണ്. ഇതിന് ദൈവത്തെ കൂട്ടു പിടിക്കുന്നവരെ പ്രതിരോധിക്കാൻ ഹിന്ദുമതത്തിന്റെ അടിസ്ഥാന ഗ്രന്ഥങ്ങളെ കുറിച്ചുള്ള അറിവ് പ്രധാനമാണ്. തന്ത്രപഠനത്തിനും സ്ത്രീകൾക്കുമിടയിൽ കാലങ്ങളായി നിലനിന്നിരുന്ന അദൃശ്യ കോട്ടകളെ യൊക്കെ പൊളിച്ച് ആ വിഷയ ത്തിലേക്ക് ആഴ്ന്നിറങ്ങി പഠിച്ച സ്ത്രീയാണ് ലക്ഷ്മി രാജീവ്. ആമസോണിന്റെ ബെസ്റ്റ് സെല്ലറു കളിലൊന്നായ ആറ്റുകാൽ അമ്മ: ദ് ഗോഡസ്സ് ഓഫ് മില്യൻസ് എന്ന പുസ്തകം രചിച്ചതിലൂടെ തന്റെ ആത്മീയ യാത്രയ്ക്കിടെ നേടിയ അറിവുകളെ ചരിത്രമാക്കാനും ലക്ഷ്മിക്ക് സാധിച്ചു. സ്ത്രീകൾ കയറിയാൽ ശുദ്ധികലശം ചെയ്യുന്ന ക്ഷേത്രങ്ങളുടെ തുടക്കം എവിടെ നിന്നാണെന്നും അവർ തന്റെ പഠനത്തിലൂടെ കണ്ടെത്തി കഴിഞ്ഞു. വൈദികവത്ക്കരണത്തിന് മുമ്പ് ഹൈന്ദവ സംസ് കാരത്തിൽ സ്ത്രീകൾ എവിടെ നിന്നിരുന്നുവെന്ന് തുറന്നുകാട്ടുന്നതാണ് ലക്ഷ്മിയുമായുള്ള സംഭാഷണം.



ലക്ഷ്മി രാജീവ്

* താന്ത്രിക ജ്ഞാനവും തന്ത്രവും ഏതെ ങ്കിലും തരത്തിൽ സ്ത്രീക്ക് അതീതമാണോ?

ഞാൻ വിശ്വസിക്കുന്നത് ബ്രാഹ്മണവത്ക രണം അല്ലെങ്കിൽ വൈദികവത്കരണം നടന്ന തിന് ശേഷം സംഭവിച്ച മാറ്റമാണ് ഇത് എന്നാണ്. സ്ത്രീകൾക്ക് പൊതുവേ അയിത്തം കൽപിച്ച ഒരു സമൂഹത്തിന്റെ കൈയ്യിലേക്ക് തന്ത്രപഠനാവ കാശം കിട്ടിയപ്പോൾ സ്വാഭാവികമായും അതിലും പുരുഷാധിപത്യം നടപ്പിലാക്കി കാണണം. ഇന്നും പല ബ്രാഹ്മണ ഇല്ലങ്ങളിലും പുരുഷന്മാർ തന്ത്രം പഠിപ്പിക്കുന്ന സ്ഥലത്ത് സ്ത്രീകൾക്ക് പ്രവേശനമി ല്ലല്ലോ. അങ്ങനെ ഒരു സമൂഹത്തിൽ നിന്നും സ്ത്രീകൾക്ക് എന്തായാലും തന്ത്രം പഠിക്കാൻ സാധിക്കില്ല. മറ്റ് ജാതികളിലുള്ളവർക്ക് സ്കൂൾ പഠനവും ക്ഷേത്ര പ്രവേശനവും സാധ്യമായിട്ട് തന്നെ അറുപത് വർഷമായിട്ടേ ഉള്ളൂ. എന്റെ അറി വിൽ തന്ത്രം പരിശീലിച്ച ഏക സ്ത്രീ ഞാനാണ്. ഞാൻ പഠിക്കണം എന്ന ഉദ്ദേശ്യത്തോടെ പോയതാ യിരുന്നില്ല. ആറ്റുകാലമ്മയെ കുറിച്ചുള്ള പുസ്തകം എഴുതു മ്പോൾ നടത്തിയ അന്വേഷണ ത്തിന്റെ ഭാഗമായി ആണ് അവിടേക്ക് ചെല്ലുന്നത്. ഭദ്രകാളിയെ എങ്ങനെയാണ് ബ്രാഹ്മണവിധി പ്രകാരം പൂജിക്കുന്നതെന്ന് എനിക്ക് മനസ്സിലാ ക്കാൻ സാധിച്ചിരുന്നില്ല. അത് അറിയാനാണ് പോയത്. എന്റെ ഗുരു കെ.കെ.നായർ എന്റെ മതമോ ജാതിയോ പ്രായമോ ഒന്നും അന്വേഷിച്ചില്ല. നേരെ പഠിപ്പിച്ചു തുടങ്ങുകയായിരുന്നു. കേരളീയ ക്ഷേത്ര പൂജാവിധികൾ സ്ഥാപിക്കുന്നത് പരശു രാമനാണ് എന്നാണ് സങ്കൽപം. അദ്ദേഹം രചിച്ച ഗ്രന്ഥമാണ് പരശുരാമകല്പസൂത്രം. അതിൽ എല്ലാ വർക്കും പഠിക്കാൻ അവകാശമുണ്ട് എന്ന് വ്യക്ത മായി പറഞ്ഞിട്ടുണ്ട്. അതിൽ ഒരു സ്ഥലത്തും സ്ത്രീക്ക് വിലക്ക് കല്പിച്ചിട്ടില്ല. തന്ത്രസമുച്ചയം


പോലുള്ള ഗ്രന്ഥങ്ങളിൽ ആർത്തവം അശുദ്ധിയാണെന്ന് പറയുന്നുണ്ടെങ്കിൽ ആർത്തവ രക്തത്തെയാണ്, അല്ലാതെ ആ പ്രക്രിയയെയല്ല.

* ആറ്റുകാൽ അമ്മയെ പോലെ സ്ത്രീ ദൈവങ്ങളെ ഹിന്ദുമതപ്രകാരം അമ്മയായി കണ്ട് പൂജിക്കാമെങ്കിൽ അവളിലെ മാതൃത്വത്തിന്റെ കാരണമായ ആർത്തവത്തെ മാറ്റി നിർത്തുന്നതിൽ അർത്ഥം ഉണ്ടോ?

ആർത്തവകാലത്തെ അശുദ്ധി എന്നത് വളരെ കാലത്തിന് ശേഷം ഉരുത്തരിഞ്ഞു വന്ന ഒരു കാര്യമാണ്. ആർത്തവരക്തം വയലുകളിൽ തളിക്കുന്ന രീതി പോലുമുണ്ടായിരുന്ന നാടാണ് ഇത്. രജസ്വലയായ സ്ത്രീ ദേവിതുല്ല്യയാണ് എന്ന് വിശ്വസിക്കുകയും പ്രത്യുൽപാദനത്തിന് തയ്യാറെടുക്കുന്നതിനാൽ ആർത്തവരക്തം മണ്ണിനെ ഫെർട്ടൈൽ ആക്കുമെന്ന് കരുതുകയും ചെയ്ത പാരമ്പര്യമുണ്ട്. പിന്നീട് വൈദിക കാലത്ത് വൈദികപാരമ്പര്യത്തിന്റെ കടന്നു കയറ്റം മൂലമാണ് ഇത്തരത്തിൽ അശുദ്ധിയെന്ന ചിന്തകൾ ഉയർന്നുവരുന്നത്. അശുദ്ധിയാണെന്ന്  പറയുമ്പോൾ അത് ആരു പറഞ്ഞു എന്നാണ് ഞാൻ നോക്കുന്നത്. ആർത്തവം അശുദ്ധിയാണെന്ന് സ്ത്രീ തന്നെ പറഞ്ഞാൽ പിന്നെ ഒന്നും ചെയ്യാൻ കഴിയില്ല. ആർത്തവം അശുദ്ധിയല്ല എന്ന് തെളിയിക്കേണ്ടത് സ്ത്രീകൾ തന്നെയാണ്. അശുദ്ധിയാണെന്ന് ആരെങ്കിലും പറഞ്ഞാൽ അത് അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയണം.

* ഋഗ്വേദത്തിലെ ദേവിസൂക്തത്തിൽ സ്ത്രീകളെ വർണ്ണിക്കുന്നുണ്ട്. എന്നാൽ മനുസ്മൃതിയിൽ എത്തുമ്പോഴേക്കും സ്ത്രീയുടെ സ്ഥാനം മാറുന്നു.. ഇതിനെ എങ്ങനെ കാണുന്നു?

ഋഗ്വേദത്തിൽ പുരുഷദൈവങ്ങൾക്ക് തന്നെയാണ് ആധിപത്യം കൂടുതൽ. അഗ്നി, ഇന്ദ്രൻ, വരുണൻ, പോലുള്ള ദേവന്മാരെയാണ് അതിൽ ആരാധിക്കുന്നത്. ദേവിസൂക്തങ്ങൾ വളരെ കുറവാണ്. അതിൽ തന്നെ സ്ത്രീ പ്രപഞ്ചത്തിന്റെ ഉത്പത്തിയാണെന്ന്  പറഞ്ഞു പോകുന്നുണ്ടാവാം എന്നല്ലാതെ ദേവിയെ ആരാധിക്കുന്ന ഭാഗങ്ങൾ ഇല്ല. അപ്പോഴും ഋഗ്വേദം പുരുഷ കേന്ദ്രീകൃതം തന്നെയാണ്. മനുസ്മൃതിയിലേക്ക് വരുമ്പോൾ വൈദികപാരമ്പര്യം കൂടുതൽ സ്വാധീനിക്കുകയും വളരെ മോശമായ രീതിയിലേക്ക് സ്ത്രീകളെ കാണുന്ന ഗ്രന്ഥമായി മാറുകയും ചെയ്തു എന്ന് മാത്രം. ഋഗ്വേദം പുരുഷകേന്ദ്രീകൃതം തന്നെയാണ്. ദേവിസൂക്തമല്ലാതെ ഋഗ്വേദത്തിൽ സ്ത്രീകളെ വാഴ്ത്തുന്ന ഭാഗങ്ങളൊന്നും  കണ്ടെത്താൻ കഴിയില്ലെന്ന് തന്നെയാണ് എന്റെ സുഹൃത്തും സഹപ്രവർത്തകനുമായ ശ്യാം കുമാർ പറയുന്നത്. ഈ വിഷയത്തിൽ കേരളത്തിലെ സ്കോളർമാരിൽ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിയാണ് ശ്യാംകുമാർ.




* ഗാർഗി, മൈത്രേയി തുടങ്ങിയവരെ ചൂണ്ടിക്കാണിച്ച് വൈദിക കാലത്ത് സ്ത്രീക്ക് വലിയ സ്ഥാനം ലഭിച്ചിരുന്നതായി പറയുന്നുണ്ട്. എപ്പോഴാണ് ഹിന്ദുത്വം അത് മറന്നത്?

ഗാർഗ്ഗി, മൈത്രേയി എന്നീ സ്ത്രീകളെ കാണിച്ചാണ് സ്ത്രീകൾക്ക് ഉപനിഷത്കാലത്ത് വലിയ സ്ഥാനം ലഭിച്ചിരുന്നതായി പറയുന്നത്. യാഥാർത്ഥ്യത്തിൽ ഉപനിഷത്കാലം പുരുഷ കേന്ദ്രീകൃത ചിട്ടവട്ടങ്ങൾക്ക് ഉള്ളിലാണ് നിലനിന്നത് എന്നതാണ് സത്യം. ഇത് പിന്നീട് മാറിയതൊന്നുമല്ല. വൈദികകാലം മുതൽ തന്നെ കടുത്ത സ്ത്രീവിരുദ്ധ രീതിയാണ് നിലനിന്നിരുന്നതെന്ന് ഗ്രന്ഥങ്ങൾ പരിശോധിച്ചാൽ കാണാം. ഉദാഹരണമായി ശ്യാം പറയുന്ന കഥയാണ് യാജ്ഞവൽക്യനോട് ചോദ്യങ്ങൾ ചോദിച്ച ഗാർഗ്ഗിയോട് തല പൊട്ടി തെറിച്ചു പോകട്ടെ എന്ന് ശപിക്കുന്ന സംഭവം. ചോദ്യം ചെയ്യുന്ന സ്ത്രീകളോട് എങ്ങനെയാണ് പെരുമാറിയതെന്നതിന് ഏറ്റവും വലിയ ഉദാഹരണമാണിത്.

* യഥാർത്ഥ സമത്വം ഉണ്ടാകാൻ സ്ത്രീക്ക് ഭരണഘടനയ്ക്ക് മുൻപിലെന്ന പോലെ ദൈവങ്ങൾക്ക് മുൻപിലും തുല്യസ്ഥാനം ലഭിക്കണമെന്ന് ഇന്ത്യയിലെ ചരിത്രകാരൻ  പറയുകയുണ്ടായി..?

ഈശ്വര വിശ്വാസമില്ലാത്തവർ ഈശ്വരനെ കുറിച്ച് സംസാരിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നമാണിത്. അയ്യപ്പൻ അങ്ങനെ പറഞ്ഞിട്ടുണ്ടോ ഗണപതി ഇങ്ങനെ ചെയ്തിട്ടുണ്ടോ എന്നൊക്കെ പറയുന്നത് ഇത് കൊണ്ട് തന്നെയാണ്. ഇതേ അറിവില്ലായ്മ തന്നെയാണ് ഈശ്വരനു മുന്നിൽ സമത്വം വേണം എന്ന് ഇവരെ കൊണ്ട് പറയിപ്പിക്കുന്നത്. ഈശ്വരസാമീപ്യം അറിഞ്ഞിട്ടുള്ള ആളിന് ഈ പറയുന്ന സമത്വം, സാഹോദര്യം ഒന്നും ആവശ്യമില്ല. അതൊക്കെ പിന്നീട് വന്നതാണ്. ഭരണഘടന പോലും ദൈവങ്ങൾക്ക്



ശേഷം വന്നതാണെന്ന് വിശ്വസിക്കുന്നവർക്ക് ഇങ്ങനെ പറയാൻ കഴിയില്ല.

ഒരു അച്ഛന്റെ മക്കളിൽ കൂടുതൽ പ്രിയപ്പെട്ടത് ആരാണെന്ന് ചോദിക്കുന്നത് പോലെയാണ് ദൈവങ്ങൾക്ക് മുമ്പിൽ സമത്വം വേണമെന്ന് പറയുന്നതും. മാത്രമല്ല ഭക്തിയുമായി ബന്ധപ്പെട്ട എന്ത് കാര്യം നോക്കിയാലും അത് മുന്നോട്ട് കൊണ്ടുപോവുന്നത് സ്ത്രീകളാണെന്ന് മനസ്സിലാകും. ക്ഷേത്രങ്ങളിലായാലും വീടുകളിലായാലും ദൈവവിശ്വാസത്തിന്റെ മൊത്തക്കച്ചവടക്കാരാണ് സ്ത്രീകൾ. വീട്ടിൽ വിളക്ക് കത്തിച്ച് പ്രാർത്ഥിക്കുന്നത് സ്ത്രീകളല്ലെ. ദൈവത്തിനു മുന്നിൽ അത്തരം വിവേചനങ്ങളൊന്നുമില്ല. ശബരിമല വിഷയം മാത്രം മനസ്സിൽ വെച്ച് ദൈവം എന്ന സങ്കല്പത്തെ ഇങ്ങനെ നിസ്സാരവത്കരിക്കരുത് എന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്.

* സ്ത്രീകളെ മാറ്റിനിർത്തുന്നതിൽ ബ്രാഹ്മണവത്കരണത്തിന്റെ പങ്കെന്താണ്?

ഇത് വിശദമായ പഠനം നടത്തേണ്ട വിഷയം തന്നെയാണ്. ഭരണഘടനാവിരുദ്ധമായ ഒരുപാട് കാര്യങ്ങൾ ഇപ്പോഴും തുടരുന്ന സമൂഹമാണ് അവരുടേത്. ജാതി അയിത്താചരണങ്ങൾ പലതും തുടരുന്നുണ്ട്.അത് കൊണ്ട് സ്ത്രീകളുടെ മാത്രം പ്രവർത്തികളെ ചോദ്യം ചെയ്താൽ പോര. ഇവരുടെ ഇത്തരം പ്രവർത്തികളെല്ലാം കാലങ്ങളായി തുടരുന്നതാണ്. അതിനെ അഡ്രസ് ചെയ്യാൻ ഏറ്റവും അനുയോജ്യമായ സമയമാണിത്. ഇത്രയും കാലം ആരും ഇതിനെ ചോദ്യം ചെയ്തില്ല. രാഷ്ട്രീയമായി മാറിയപ്പോൾ മാത്രമാണ് ഇപ്പോൾ ശബ്ദമുയർത്തി തുടങ്ങിയത്. സംഘപരിവാറിന് ക്ഷേത്രങ്ങളുടെ വാതിൽ തുറന്നു കൊടുത്തതോടെയാണ് സത്യത്തിൽ ആളുകൾ ഇത് ചർച്ച ചെയ്യുന്നത്. അപ്പോഴും അവരുടെ ജോലി അവർ തുടർന്നു.

ഇപ്പോൾ വൈദിക പാരമ്പര്യങ്ങൾ ചോദ്യം ചെയ്യാൻ പലർക്കും കഴിയാത്തത് ഇതിനെ കുറിച്ചുള്ള അറിവില്ലാത്തത് കൊണ്ടാണ്. ഇതുമായി ബന്ധപ്പെട്ട അറിവുകൾ സംക്രമണം ചെയ്യേണ്ട സമയമാണിത്. ക്ഷേത്രശാസ്ത്രത്തിൽ പല നല്ല കാര്യങ്ങളുമുണ്ട്. ഞാൻ പഠിച്ചിടത്തോളം അതി ഗംഭീരമായ ഒരു ശാസ്ത്രശാഖയാണത്. ശ്രീചക്രത്തിന്റെ വ്യാഖ്യാനമായാലും പ്രാണനെ കുറിച്ചുള്ള നിഗൂഢ സത്യങ്ങളായാലും ഏറ്റവും യുക്തിവത്തായ അറിവുകൾ പകർന്ന് തരുന്ന ശാസ്ത്രമാണത്. ഇത് ശാന്തി ചെയ്യുന്നവർക്ക് അറിയണമെന്നില്ല.ആ ശാസ്ത്രം പഠിച്ചവർ ഇവിടുത്തെ പല തന്ത്രികളും ചെയ്യുന്നത് പോലുള്ള കാര്യങ്ങൾ ചെയ്യില്ല. തന്ത്രം ആഴത്തിൽ പഠിച്ചവർക്ക് ഇത്രത്തോളം അധഃപതിക്കാൻ കഴിയില്ല.

* വാലായ്മ, പുല തുടങ്ങിയ അകറ്റിനിർത്തലുകൾ എല്ലാം അമ്മ അല്ലെങ്കിൽ സ്ത്രീയുമായി ബന്ധപ്പെട്ട് കിടക്കുന്നു. ഇതിന്റെ അടിസ്ഥാനമെന്താണ്?

ആത്മാവ് ഉണ്ട് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. വാലായ്മ, പുല തുടങ്ങിയ ആചാരങ്ങൾ ആത്മാവിനോടുള്ള ആദരസൂചകമായി പാലിക്കുന്നതാണ്. ഗരുഡപുരാണത്തിൽ അതിനെ കുറിച്ച് വിശദീകരിക്കുന്നുണ്ട്. അത് ആരും ആചരിക്കണമെന്ന് നിയമമില്ല. വ്യക്തിപരമായി ഞാൻ അത്തരം ആചാരങ്ങൾ പാലിക്കുന്ന ആളാണ്. ജീവിതത്തിന് അത്തരം പ്രമാണങ്ങളൊക്കെ വേണമെന്ന് വിശ്വസിക്കുന്ന ആളാണ്. പുല, വാലായ്മ പോലുള്ളവ ആചരിക്കണമെങ്കിൽ ആകാം വേണ്ടെങ്കിൽ വേണ്ട, അത്രയേ ഉള്ളൂ. എല്ലാ ആചാരങ്ങളെയും നിരാകരിക്കുമ്പോൾ നാം നമ്മുടെ സമ്പത്തായി കാണാവുന്ന വലിയ അറിവുകളെ തന്നെ നിരാകരിക്കുകയാണ്. അത് പാടില്ല. അതിനെ കുറിച്ച് പഠിച്ച ശേഷം തള്ളേണ്ടത് തള്ളാം കൊള്ളേണ്ടത് കൊള്ളാം. ആർത്തവരക്തത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് അറിയാതെ അല്ല ഞാൻ ആ സമയത്ത് വിളക്ക് കൊളുത്തുന്നത്. എനിക്ക് കൊളുത്താൻ തോന്നി ഞാൻ കൊളുത്തി. ഈശ്വരൻ എന്നത് മനസ്സിന്റെ ആവശ്യമാണ്. അല്ലാതെ അതൊരു സാമുദായിക സാംസ്കാരിക ആവശ്യമല്ല.

* സ്ത്രീത്വവും ലൈംഗികതയും ഹിന്ദു മതഗ്രന്ഥങ്ങളിൽ കൈകാര്യം ചെയ്തിരിക്കുന്നത് എങ്ങിനെയാണെന്ന് പഠനകാലത്ത് മനസ്സിലായിട്ടുണ്ടാകുമല്ലോ.. ഞങ്ങളുമായി പങ്കു വെക്കാമോ?

വൈദികസമ്പ്രദായം അടിമുടി പുരുഷകേന്ദ്രീകൃതമായ ആചാരരീതിയാണ് തുടർന്നിരുന്നത്. എന്നാൽ സ്ത്രീകൾ കർമ്മങ്ങൾ ചെയ്തതായി കാണാം. പ്രത്യേകിച്ച് ബ്രഹ്മയാമള പോലുള്ള തന്ത്രഗ്രന്ഥങ്ങളിൽ കാണാം. സ്ത്രീയുടെ യോനി പൂജിക്കുന്ന രീതി വരെ ഉണ്ടായിരുന്നു. വൈദികവത്കരണത്തോടെയാണ് സ്ത്രീ അശുദ്ധയാണെന്നും അവൾ ഭർത്താവിനെ സേവിച്ചാൽ മാത്രം മോക്ഷം ലഭിക്കുന്നവളുമാണെന്നുമുള്ള വിശ്വാസം ഉണ്ടാകുന്നത്. അത് കൊണ്ട് താന്ത്രിക അനുഷ്ഠാനങ്ങൾ ചെയ്യേണ്ടതില്ല എന്നും അവർ നിഷ്കർഷിക്കുന്നു. കാമസൂത്രവും ഗീതാഗോവിന്ദവും പോലുള്ള ഗ്രന്ഥങ്ങളിലും കൃത്യമായി ലൈംഗികതയെ കുറിച്ചും സ്ത്രീകളിലെ രതിയെ കുറിച്ചും വിശദമാക്കിയിട്ടുണ്ട്. ബ്രാഹ്മണാധിപത്യത്തിന്റെ ഫലമായാണ് ഇത്തരം അറിവുകൾ നിരാകരിക്കപ്പെടുന്നത്.

* സ്ത്രീയുടെ വേഷം, പ്രായം എന്നിവ പ്രതിഷ്ഠയുടെ ചൈതന്യത്തെ ബാധിക്കുമോ? മുമ്പ് ഗുരുവായൂർ ക്ഷേത്രത്തിൽ ഇത്തരമൊരു വിഷയം ചർച്ചയായിരുന്നു.

അത്തരം വിശ്വാസങ്ങളൊക്കെ വളരെ ബാലിശമാണ്. 'അന്നവസ്ത്രാദി മുട്ടാതെ കാത്തി

*(ശേഷം പേജ് 52)*



ജീസ ജോസ്
അദ്ധ്യാപിക, മലയാളം വിഭാഗം
തലശ്ശേരി ബ്രണ്ണൻ കോളേജ്

# സ്ത്രീകളുടെ വിശ്വാസം അഥവാ നിലാവിന്റെ വേര്

**ലോ**കത്തിലെ ഏറ്റവും അവിശ്വാസികളായ വർഗ്ഗം സ്ത്രീകളാണ്. അമ്പലങ്ങളിൽ, പള്ളികളിൽ, സിദ്ധന്മാരുടെയും മന്ത്രവാദികളുടെയും അടുത്തു പാടുകിടക്കുന്ന, ഭജനകളും നേർച്ചക്കാഴ്ചകളും നടത്തുന്ന കൂട്ടങ്ങളിൽ പെണ്ണുങ്ങളുടെ എണ്ണമായിരിക്കും കൂടുതലെന്നത് അവരുടെ വിശ്വാസത്തിന്റെ തെളിവല്ല. വിശ്വസിക്കാൻ ഒന്നുമില്ലാതാവുമ്പോഴുള്ള വേവലാതികളും പ്രാണപ്പിടച്ചിലുകളുമാണ് അത്തരം പ്രകടനപരമായ ഭക്തിപ്രദർശനങ്ങളുടെ യഥാർത്ഥ പ്രേരണ.

എങ്ങനെയാണ് ഒരു ശരാശരി സ്ത്രീക്ക് ഏതെങ്കിലും മതത്തിലോ ഈശ്വരനിൽത്തന്നെയോ വിശ്വസിക്കാൻ കഴിയുക? എത്രയെത്ര വിശ്വാസലംഘനങ്ങളുടേതാണ് അവളുടെ ജീവിതം. ഈശ്വരന്മാർ അവൾക്കായി നല്ലതൊന്നും മാറ്റി വെച്ചിട്ടില്ല. ഉച്ഛിഷ്ടങ്ങളല്ലാതെ. സ്ത്രീകളെ കൃഷിഭൂമി പോലെ കാണണമെന്ന ഒരു മതത്തിന്റെ ശാസനം, ഉടമസ്ഥന് സ്വന്തം കൃഷിയിടത്തെയെന്ന പോലെ ആവശ്യമുള്ളപ്പോഴൊക്കെ അവളെ സമീപിക്കാമെന്ന വ്യവസ്ഥ, സ്ത്രീയായി ജനിക്കാത്തതിനു ദൈവത്തോടു നന്ദി പറയുന്ന മറ്റൊരു മതത്തിലെ പുരുഷന്റെ നിത്യപ്രാർത്ഥന, സ്ത്രീ കൗശലക്കാരിയെന്നും അവളെ നിയന്ത്രിക്കണമെന്നും അനുശാസിക്കുന്ന, (മതത്തിനു പരിയായി സംസ്കാരമെന്നു കൂടി പ്രഖ്യാതമായ) മറ്റൊരു മതത്തിന്റെ നിലപാട്, മണ്ണിനെയും പെണ്ണിനെയും അടിച്ചു നന്നാക്കണമെന്ന പഴഞ്ചൊല്ലുകൾ... എവിടെയാണ് അവൾക്ക് വിശ്വാസിയാവാൻ കഴിയുക? ഏതിലാണ് അവൾ വിശ്വസിക്കുക? എപ്പോഴും പുറത്തു നിർത്തുന്ന മതങ്ങളിലോ? ആ മതങ്ങളിലെ ആൺദൈവങ്ങളിലോ? സ്ത്രീകൾ ഉള്ളിലെങ്കിലും സദാ വിശ്വാസതിരസ്കാരങ്ങൾ നടത്തുന്നുണ്ട്. സ്വന്തം മണ്ണും വേരുകളും വിശ്വാസങ്ങൾ പോലും നഷ്ടപ്പെടുത്തിയിട്ടാണ് അവൾ കുടുംബിനിയാവുന്നത്. സ്ത്രീയുടെ ആ പറിച്ചുനടലിനെ ഏറ്റവും സ്വാഭാവികമായ സാമൂഹിക മര്യാദയായിക്കാണുന്ന വ്യവസ്ഥകളിൽ അവൾക്ക് വിശ്വാസങ്ങൾ ഇരുമ്പുലക്കയല്ല. നിലനിൽപ്പിനു വേണ്ടി എങ്ങനെയും വഴക്കിയെടുക്കാവുന്ന ഒരു റബ്ബർക്കഷണം മാത്രം. വിശ്വാസങ്ങളെ അത്രയും ലാഘവത്തോടെയെ, ഉദാസീനതയോടെയെ സ്ത്രീകൾ കാണുന്നുള്ളു. അവൾ ദുരഭിമാനക്കൊലകൾ നടത്തുകയില്ല. മതം മാറി വിവാഹം കഴിച്ച മക്കളോടും ബന്ധുക്കളോടും നിതാന്ത ശത്രുതയില്ല, ദൈവത്തിന്റെ പേരിൽ തെരുവിൽ പരസ്പരം കലഹിക്കുകയുമില്ല.

കുലസ്ത്രീയാവാനും നാമജപത്തിനും ശബരിമലയിൽ കേറുന്ന യുവതികൾക്കെതിരെ ആക്രോശിക്കാനും അവരെ മുൻനിരയിൽ കണ്ട് സ്ത്രീകളെ വിശ്വാസ സംരക്ഷകരെന്നും ആചാരബദ്ധരെന്നും ആഘോഷിക്കുന്ന ആണുങ്ങൾക്ക് തെറ്റിപ്പോയി. അവർ മുന്നിലുണ്ട് എന്നതിന് ഒറ്റ അർത്ഥമേയുള്ളു. ആൺകോയ്മയുടെ social conditioning അത്ര ആഴമുള്ളതാണ്. ഒന്നു തിരിഞ്ഞു നിന്ന് ചോദിച്ചു നോക്കൂ, അവരിൽ ഭൂരിപക്ഷവും പറയും ഇതൊക്കെ അർത്ഥശൂന്യമെന്നറിഞ്ഞുകൊണ്ടു തന്നെ ഗതികേട് കൊണ്ട് ഇറങ്ങിത്തിരിച്ചതാണെന്ന്. ഒന്ന് സൂക്ഷിച്ച് അവരുടെ കണ്ണുകളിലേക്ക് നോക്കിയാൽ കാണാം, സ്ത്രീകൾക്കെതിരെയുള്ള വിവേചനങ്ങളിലൊന്നെങ്കിലും അവസാനിച്ചതിലെ നിഗൂഢമായ ആനന്ദം. ഓരോ കാലത്തും അത്തരം പെണ്ണുങ്ങളുണ്ടായിരുന്നു, ആചാരങ്ങൾ ലംഘിക്കരുതെന്ന് ബഹളം വെയ്ക്കുന്ന ആണുങ്ങളുടെ കൂടെ നിൽക്കുന്നുവെന്നു ഭാവിച്ച് രഹസ്യമായി ആചാരലംഘനത്തിന്റെ ആനന്ദം പങ്കുവെച്ച പെണ്ണുങ്ങൾ.

വിശ്വാസങ്ങൾ തകരുമ്പോൾ അവർ സന്തോഷിക്കുകയാണ്. അതൊക്കെയുമുണ്ടാക്കിയത് ആണുങ്ങളും അവരുടെ മതങ്ങളുമാണ്. മതത്തിന്റെ വ്യാജ സംസ്കാര നിർമ്മിതികൾ, പുരുഷ ദൈവങ്ങൾ, ജാതിവ്യവസ്ഥ, ഉച്ച നീചത്വങ്ങൾ, അവയെയെല്ലാം ആധികാരികമാക്കുന്ന മത ഗ്രന്ഥങ്ങളും സാഹിത്യവും ഓരോന്നും സ്ത്രീവിരുദ്ധമാണ്. ഒരു സ്ത്രീയും അതിനെ നിരാകരിക്കാനുള്ള ഒരവസരവും പാഴാക്കുകയില്ല. അഭിമാനിയായ സ്ത്രീയ്ക്ക് വിശ്വാസിയാവാൻ കഴിയുകയില്ല. പക്ഷേ അവൾ അമിതവിശ്വാസിയായി നടിച്ചേക്കും. അതിജീവനത്തിനുള്ള ഒന്നാം നമ്പർ കൗശലം.

■

ചർച്ചാവിഷയം





**മായാ പ്രമോദ്**
പ്രക്ഷോഭക,
ഇരിങ്ങാലക്കുട ക്രൈസ്റ്റ്
കോളേജിൽ ഗവേഷക

# ബുദ്ധനിലേക്കുള്ള സ്ത്രീയാത്രകൾ

**മാ**റിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ സാമൂഹ്യ, സാംസ്കാരിക സാഹചര്യത്തിൽ ഏറ്റവും കൂടുതൽ പേർ ചർച്ച ചെയ്യപ്പെടുന്ന പേരാണ് ഡോ.ബി.ആർ അംബേദ്ക്കറുടേത്. നമ്മൾ നാളിതുവരെ പിൻതുടർന്നിരുന്ന സാമൂഹിക രാഷ്ട്രീയ നയങ്ങൾക്ക് എന്തോ പ്രശ്നം നേരിടുന്നുണ്ടന്നും അവ പുനഃപരിശോധിക്കേണ്ടതാണന്നും ഉള്ള ചിന്തയിൽ നിന്നാണ് അംബേദ്ക്കറുടെ ചിന്താധാരകൾ ചർച്ച ചെയ്യപ്പെട്ടു തുടങ്ങിയത്.

ഈ വിജ്ഞാനധാരയുടെ നവീനമായ വിശകലന രീതിക്കായി അദ്ദേഹം രൂപപ്പെടുത്തിയ രീതി ശാസ്ത്രം, ആധുനിക രാഷ്ട്രനിർമാണത്തെ കുറിച്ചുള്ള കാഴ്ചപ്പാടുകൾ എന്നിവ നമ്മൾ നോക്കി കാണേണ്ടതുണ്ട്. ഡോ.അംബേദ്ക്കർ അദ്ദേഹത്തിന് ഉണ്ടായ അനുഭവങ്ങളോടുള്ള സാമാന്യ പ്രതികരണമെന്ന നിലയിൽ അല്ല തന്റെ സാമൂഹ്യ രാഷ്ട്രീയ ഇടപ്പെടലുകളും ചിന്തകളും ജനാധിപത്യ സങ്കല്പവും രൂപപ്പെടുത്തുന്നത്. മറിച്ച് ഇന്ത്യയിലെ ഒരോ സാമൂഹ്യ രാഷ്ട്രീയ സാഹചര്യങ്ങളെ കുറിച്ചും വ്യക്തമായ കാഴ്ചപ്പാട് അദ്ദേഹത്തിന് ഉണ്ടായിരുന്നു. പ്രത്യേകിച്ചും മതം, ജാതി എന്നതിനെ കുറിച്ച് അംബേദ്ക്കർ പറയുന്നത് കൃത്യമായ ഒരർത്ഥമില്ലാത്ത അവ്യക്തമായ ഒരു പദമാണ് മതം എന്നാണ്. പല ഘട്ടങ്ങളായാണ് മതം ഇന്ത്യയിൽ രൂപം കൊണ്ടത്. മതത്തിന് അനേകം അർത്ഥതലങ്ങളുണ്ട്, എന്നാൽ എല്ലാ കാലത്തും മതത്തിന് ഒരു ഘട്ടത്തിലുള്ള അർത്ഥമല്ല മുൻപും പിൻപും ഉണ്ടായിരുന്നത്. മതത്തിനും വിശ്വാസത്തിനും കാലാകാലങ്ങളിൽ മാറ്റമുണ്ടായികൊണ്ടേയിരുന്നു. ആദ്യകാലങ്ങളിൽ ഇടി, മിന്നൽ, മഴ, വെള്ളപ്പൊക്കം മുതലായ പ്രതിഭാസങ്ങളുടെ കാരണം കണ്ടെത്താൻ കഴിയാതെ വന്നപ്പോൾ അതിൽ നിന്നുണ്ടാകുന്ന ഭയത്തെ നിയന്ത്രിക്കാൻ എന്ന വിചാരത്തോടെ ആഭിചാര ക്രിയ നടത്തി, വിശ്വാസം ഉണ്ടാകുകയും അതിന്റെ ഭാഗമായി മതം ആഭിചാരത്തിന്റേതായി.

എന്നാൽ രണ്ടാം ഘട്ടത്തിൽ മതത്തിനു രൂപഭേദം വന്ന് വിശ്വാസം, ആചാരം, പ്രാർത്ഥന, ബലികർമ്മം എന്നിവയുടെ കൂട്ടുരൂപമായി മാറി. ആ ശക്തിയെ പിൽക്കാലത്ത് ദൈവമെന്നോ സൃഷ്ടാവെന്നോ വിളിച്ചു. അങ്ങിനെ മതം ഈശ്വരനും സൃഷ്ടാവും ആകുകയും കർമ്മവും, ധർമ്മവുമായി നിരന്തരം സമ്പർക്കത്തിൽ ആവുകയും ചെയ്തു. കർമ്മം ചെയ്താൽ മോക്ഷം നേടാമെന്ന വിശ്വാസത്തിലേക്ക് എത്തുകയും ചെയ്തു.

എന്നാൽ മതത്തിൽ നിന്നെല്ലാം തികച്ചും വ്യത്യസ്തമായിരുന്നു ബുദ്ധൻ സൂചിപ്പിക്കുന്ന ധർമ്മം. മതം തികച്ചും വ്യക്തിപരമാണ്. അത് പൊതുജീവിതത്തിൽ കൈകടത്താൻ പാടില്ല. എന്നാൽ ധർമ്മമെന്നത് സാമൂഹ്യ ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. ധർമ്മം എന്നത് നൻമയുടെ ഭാഗമാണ്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും മനുഷ്യനും മനുഷ്യനും തമ്മിലുണ്ടായിരിക്കേണ്ട ബന്ധത്തിന്റെ ബൃഹത് രൂപവുമാണ്. ഉദാഹരണ മായി പറഞ്ഞാൽ ഒരു മനുഷ്യൻ ഒറ്റപ്പെട്ട ജീവിതം നയിക്കുകയാണങ്കിൽ ധർമ്മത്തിന്റെ ആവശ്യം ഇല്ല. പക്ഷേ പരസ്പരം ബന്ധപ്പെട്ടു ജീവിക്കുന്ന രണ്ട് വ്യക്തികളെ സംബന്ധിച്ച്  അവർക്ക് താത്പര്യം ഇല്ലായെങ്കിലും ധർമ്മം കൂടിയേ തീരു.അവ ഒരു തരത്തിലും ഒഴിവാക്കാൻ കഴിയുന്നതല്ല. സമൂഹ ത്തിൽ ധർമ്മം അനിവാര്യമാണ്. എപ്രകാരമാണ് മതം ഒരു അധികാര രൂപമായി ഇന്ത്യ എന്ന ജനാ ധിപത്യ രാജ്യത്ത് ഇടപെടുന്നത്. പൗരൻ അർഹി ക്കുന്ന സമത്വം, സ്വാതന്ത്ര്യം, മേൽക്കോയ്മ ഇവയ്ക്കു മുകളിൽ മതം പരമപ്രധാനമായ കടന്നു കയറ്റം നടത്തുന്നുണ്ടന്നും പറഞ്ഞു. സെനർട്ടിന്റെ 'ജാതിയുടെ അടിസ്ഥാനം ശുദ്ധി, തൊഴിൽ, സങ്കലപം ആണെന്ന വാദത്തെ പാടേ തള്ളി കൊണ്ട്, ജാതിയില്ല ജാതികളേ ഉള്ളൂ എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു കൊണ്ട് പറഞ്ഞു.

അതായത് ജാതിയില്ല എന്ന് പറയുന്നത് കൊണ്ടോ സ്വമേധയ ജാതി ത്യജിച്ചതു കൊണ്ടോ ജാതി വ്യവസ്ഥക്ക് പ്രത്യേകിച്ചു ഒന്നും സംഭവി ക്കുന്നില്ലായെന്നും മറിച്ച് ജാതി ത്യജിച്ചു എന്നു പറയുന്ന ആ സവർണ്ണ വിഭാഗത്തിന് ജാതി തന്നെയായിരുന്നു അധികാരം എന്നും ഡോ. അംബേദ്ക്കർ പറഞ്ഞു. അതിനാൽ തന്നെ അധികാരം, രാഷ്ട്രീയാധികാരം പുനർ വിതരണം ചെയ്യപ്പെടണം എന്നും അതിലൂടെ മാത്രമേ ജാതി വ്യവസ്ഥ ചോദ്യം ചെയ്യാൻ കഴിയൂ എന്നും അദ്ദേഹം മനസിലാക്കിയിരുന്നു.

അംബേദ്ക്കറുടെ വീക്ഷണത്തിൽ കാര്യത്തെ കാരണമായി തെറ്റിദ്ധരിക്കലാണ് അത്. എന്തുകൊണ്ടെന്നാൽ, കൂടിക്കലരാതെ സ്വയം കൊട്ടിയടച്ച ഘടകങ്ങൾ ഉൾക്കൊള്ളുന്ന വ്യവ സ്ഥയിൽ സാമൂഹ്യ വിനിമയം പരിമിതപ്പെടും. പിന്നീടെന്താണോ മതപരമായ വിലക്കുകളായി വികസിച്ചുവന്നത് അല്ലങ്കിൽ നിരോധന സ്വഭാവം ആർജ്ജിച്ചത്. അതാണ് ജാതീയതയുടെ സ്വാഭാ വിക ഫലം. അതായത് ഒറ്റപ്പെടുത്തൽ മാത്രമാണ്. (Exclusiveness) അതു മാത്രമല്ലാ അദ്ദേഹം നിരന്തരം ചോദിച്ചിരുന്നത് 'ദേവനും ആത്മാവിനും ഹിന്ദു മതത്തിൽ സ്ഥാനമുണ്ട് എന്നാൽ ഒരു മനുഷ്യ ജീവിതത്തിന് പ്രത്യേകിച്ചും അധ:കൃതനായ ഒരു

**മതം എന്റെ സ്വകാര്യ സംഗതിയാണ്. ബുദ്ധമതം ഞാൻ സ്വീകരിച്ചു, നിങ്ങൾക്കും സ്വീകരിക്കാം. ഇന്ത്യ മുഴുവനും ബുദ്ധമതം സ്വീകരിക്കണം എന്നും ഞാൻ കരുതുന്നു. അത് അസ്പൃശ്യരിൽ മാത്രം ഒതുങ്ങരുത് എന്നും വിചാരിക്കുന്നു. ബുദ്ധമതത്തിന്റ പ്രത്യേകത എന്തെന്നാൽ അതിൽ ഭാവ ഭേദങ്ങളില്ല. എല്ലായിടത്തും സമാനത കാണാം. ബുദ്ധമതത്തിൽ ദൈവത്തി നെയും ആത്മാവിനെയും കുറിച്ചു ചിന്ത യില്ല. മനുഷ്യർ മനുഷ്യരോട് എങ്ങിനെ പെരുമാറണമെന്ന ചിന്തയാണുള്ളത്.**

മനുഷ്യന് ഈ മതത്തിൽ എവിടെയാണ് സ്ഥാനം എന്നതായിരുന്നു. ജാതികൾ ജനിച്ചു അതിജീവിച്ചു പോരുന്നത് ലൈംഗികാതിക്രമങ്ങളിലൂടെയും അവ ക്കുള്ളിലെ പുരുഷാധിപത്യ ബന്ധങ്ങളിലൂടെയു മാണെന്നതാണ് അദ്ദേഹത്തിന്റെ വാദങ്ങളിലെ പ്രധാന ബിന്ദു. (1955 ബുദ്ധമത ഉപദേശക സമിതിയുടെ വർളി പ്രഭാഷണം)' ലോകത്തിൽ ചില കമ്യൂണിസ്റ്റുകാരെ ഒഴിച്ചു നിർത്തിയാൽ മതം വേണ്ട എന്ന് പറയുന്നവരായി ആരുമില്ല. അതു പോലെ നമുക്കും മതം വേണം. പക്ഷേ അത് ജനങ്ങൾ സമത്വത്തിൽ കഴിയുന്നതും എല്ലാവർക്കും തുല്യമായ അവസരം ലഭിക്കുന്നതുമായ മതമാണ് ശരിയായ മതം. ബാക്കിയെല്ലാം അധർമമാണ്. ഹിന്ദുമതം പഠിപ്പിച്ചതനുസരിച്ച് എല്ലാം ബ്രഹ്മ മാണെങ്കിൽ  മഹാറിലും മാംഗിലും ചാംദാറിലും അതുണ്ടായിരിക്കണം. എന്നാൽ അതങ്ങിനെയല്ലാ, എങ്കിൽ ഹിന്ദു മതത്തിൽ ഈ വലിയ അസമത്വം എന്തുകൊണ്ട്?. ഹിന്ദുമതം ഞാനതിനെ ബ്രാഹ്മ ണമതം എന്നു പറയും. ഈ മതം ബഹുജനഹി തത്തിനും ബഹുജന സുഖത്തിനും വേണ്ടിയാ ണെന്ന് വല്ലവനും പറയുമോ ?. ബ്രാഹ്മണരും മറ്റു വിദ്വാൻമാരും പറയുന്നു. ബ്രാഹ്മണ സംസ്ക്കാര ത്തിനും പതിനായിരം കൊല്ലത്തെ പഴക്കമുണ്ടെന്ന്, പഴയ സംസ്ക്കാരമാണെന്നും. എന്നാൽ പക്ഷേ ഇന്നും ഹിന്ദു മതത്തിൽ ഏഴു കോടി അസ്പൃശ്യ രുണ്ട്. സമൂഹത്തിൽ നിന്നും പുറം തള്ളപ്പെട്ടതി നാൽ കാടുകളിൽ താമസിക്കുന്നതും ഉപജീവനം കഴിക്കുന്നവരുമായ അനേകം ജനങ്ങളും ആ മത ത്തിലുണ്ട്. ഇപ്രകാരമുള്ള ഹിന്ദുമതം ബഹുജന ഹിതത്തിനും ബഹുജന സുഖത്തിനുമാണെന്ന് പറയാൻ കഴിയുമോ എന്നതായിരുന്നു ചോദ്യം?

എല്ലാ മനുഷ്യർക്കും ആവശ്യമായ പോഷക വസ്തുവാണ് മതം.മറ്റു മതങ്ങളെപ്പോലെ ആത്മാവുണ്ടോ, അത് എവിടെയാണുള്ളത് എന്നും തനിക്കറിയില്ലാ, എന്നാൽ മനുഷ്യ ജീവിതത്തിന്റെ സ്ഥാനം എവിടെ എന്നതായിരുന്നു ചോദ്യം ?

ഡോ.അംബേദ്ക്കർ പറയുന്നത് മതം എന്റെ സ്വകാര്യ സംഗതിയാണ്. ബുദ്ധമതം ഞാൻ സ്വീകരിച്ചു, നിങ്ങൾക്കും സ്വീകരിക്കാം. ഇന്ത്യ മുഴുവനും ബുദ്ധമതം സ്വീകരിക്കണം എന്നും ഞാൻ കരുതുന്നു. അത് അസ്പൃശ്യരിൽ മാത്രം ഒതുങ്ങരുത് എന്നും വിചാരിക്കുന്നു. ബുദ്ധമതത്തിന്റ പ്രത്യേകത എന്തെന്നാൽ അതിൽ ഭാവഭേദങ്ങളില്ല. എല്ലായിടത്തും സമാനത കാണാം. ബുദ്ധമതത്തിൽ ദൈവത്തിനെയും ആത്മാവിനെയും കുറിച്ചു ചിന്തയില്ല. മനുഷ്യർ മനുഷ്യരോട് എങ്ങിനെ പെരുമാറണമെന്ന ചിന്തയാണുള്ളത്. നീതിയെ കുറിച്ച് എല്ലാം പറയുന്നുമുണ്ട്. അതു കൊണ്ട് അത് നല്ല മതമാണ് എന്നതായിരുന്നു അദ്ദേഹം മനസ്സിലാക്കിയിരുന്നത്. മനുഷ്യന് ക്ഷേമം വരുത്താൻ സഹായിക്കുന്നത് ഏതോ അതാണ് മതം എന്ന കാഴ്ചപ്പാടായിരുന്നു അദ്ദേഹത്തിന്റേത്. മാത്രമല്ല ഹിന്ദു നിയമങ്ങളുടെ അടിച്ചമർത്തൽ സ്വഭാവം സ്ത്രീകളോടും ദലിതരോടുമുള്ള വിവേചന സ്വഭാവം തുടങ്ങിയവയിൽ നിന്നും വളരെ വ്യത്യസ്തമായ ഒരു ചിന്താധാരയാണ് ബുദ്ധമതം മുന്നോട്ട് വെക്കുന്നത്. ആദ്യകാലത്ത് ബുദ്ധമതത്തിലേക്ക് ചേരുവാൻ സ്ത്രീകൾ എത്തുമ്പോൾ ബുദ്ധൻ എതിർക്കുകയാണ് ചെയ്തിരുന്നത്. എന്നാൽ ബുദ്ധസംഘത്തിൽ ഉണ്ടായിരുന്ന ആനന്ദനുമായി ഉണ്ടായിരുന്ന വാദപ്രതിവാദങ്ങൾക്ക് ശേഷം സ്ത്രീകളെ പ്രവേശിപ്പിക്കുവാൻ ബുദ്ധൻ തയ്യാറാവുകയും, ശാക്യ കുലത്തിൽ നിന്നുമുള്ള 1000 ത്തോളം സ്ത്രീകൾ ഭിക്ഷുണികൾ ആവുകയുമാണ് ചെയ്യുന്നത്. ബുദ്ധ സംഘത്തിന് ഏകദേശം 58 ഓളം നിയമങ്ങൾ ഉണ്ട്. ഇതിൽ അധികമായ 8 നിയമങ്ങൾ സ്ത്രീവിരുദ്ധമായ നിയമങ്ങൾ ആണ്. ഈ നിയമങ്ങളെ കുറിച്ച് അംബേദ്ക്കർ പറയുന്നത്. ഇത് ബുദ്ധിസ്റ്റുകൾ ഉണ്ടാക്കിയതല്ല, മറിച്ച് പിന്നീട് വന്ന ബ്രാഹ്മണ്യം ഉണ്ടാക്കിയതാണ് എന്നതാണ്. മാത്രമല്ല ബുദ്ധമതത്തിൽ തത്വങ്ങളെ കുറിച്ച് ബുദ്ധൻ തന്നെ പറയുന്നത്, കാലങ്ങൾ പോകുന്നതനുസരിച്ച്, സമൂഹവും ചിന്താഗതിയും മാറുന്നതനുസരിച്ച് ജീർണ്ണിച്ച നിയമങ്ങളും മാറണമെന്നും തന്നെയാണ്. ഇതേ ധാരണകൾ തന്നെയാണ് അംബേദ്ക്കറും മുന്നോട്ട് വെച്ചത്. അംബേദ്ക്കർക്ക് ശേഷം ബുദ്ധമതത്തിൽ കൃത്യമായ മാറ്റങ്ങൾ ഉണ്ടാവുന്നുണ്ട്. അത് ഇത്തരത്തിൽ കൃത്യമായും സാമൂഹിക പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ടും സമൂഹത്തിലെ പാർശ്വവൽകൃതരായ വരുടെയിടയിലേക്കും പ്രത്യേകിച്ചും സ്ത്രീ മുന്നേറ്റങ്ങൾ ഉണ്ടാവണമെന്നും അതിലൂടെ വേണം ബുദ്ധമതം വളരേണ്ടതെന്നുമാണ്. അത്തരം ഒരു പ്രവർത്തനവുമായി തന്നെയാണ് അംബേദ്ക്കർ ചിന്താധാരക്ക് കൃത്യമായ പ്ലാറ്റ് ഫോം ഉള്ള കേരളം ഉൾപ്പെടെയുള്ള സമൂഹം ഭാഗമാകുന്നത് എന്നതും ശ്രദ്ധേയമായ കാര്യമാണ്.



ജാതീയതയെക്കുറിച്ചുള്ള ബഹുതലങ്ങളിലുള്ള അധിനിവേശവിരുദ്ധ നിലപാടുള്ള വായനകൾ, വിവരങ്ങൾ, ചിന്താധാരകൾ, എഴുത്തുകൾ ഇവയുമായി ഇടകലരുവാൻ ബുദ്ധമതത്തിന് ആവുന്നു എന്നത് മുന്നോട്ടുള്ള സമൂഹത്തിന് പ്രതീക്ഷ നൽകുന്ന ഒന്നു തന്നെയാണ്.

*Reference*

ബി .ആർ അംബേദ്ക്കർ, സ്പീച്ചസ് ആൻഡ് റൈറ്റിംഗ്സ്, വാല്യം 3

2. ബി.ആർ.അംബേദ്ക്കർ, വാല്യം 9, ഡോ .ബി.ആർ അംബേദ്ക്കർ ഫൗണ്ടേഷൻ, ഡൽഹി
3. ഫിലോസഫി ഓഫ് ഹിന്ദുയിസം
4. Castes in India, 1917
5. Dr. B. R. Ambedkar, Untouchables and Untouchabltiy- Religious (An Essay), Page 63.
6. ബി.ആർ.അംബേദ്ക്കർ ,വാല്യം 22 ഡോ.ബി.ആർ അംബേദ്ക്കർ ഫൗണ്ടേഷൻ, ഡൽഹി
7. ഇൻറർവ്യു: അജയൻ ഇടുക്കി, ബുദ്ധമത സംഘത്തിന്റെ ഭാഗം.

■



**ഉമ്മുൽ ഫായിസ**
ഗവേഷക, ദില്ലി
ജവഹർലാൽ നെഹ്റു
സർവ്വകലാശാല

**വിശ്വാസവും ഇസ്ലാമിക ഫെമിനിസവും :**

# ഹൂറിയ ബൂതല്ജയുടെ ജീവിതപരീക്ഷണങ്ങൾ

ഒരാളുടെ സാമൂഹിക സ്ഥാനം (social position) സങ്കീർണ്ണമായ രണ്ടു ഘടകങ്ങൾ പരസ്പരം ചേർന്നാണ് ഉണ്ടാവുന്നതെന്ന് എനെസ്റ്റോ ലക്ലോ നിരീക്ഷിക്കുന്നുണ്ട്. ഒന്ന്, തന്റെ തിരഞ്ഞെടുപ്പിൽ വരാത്ത കാര്യങ്ങൾ അഥവാ പ്രായം, നിറം, ശരീരം, വംശം, ലിംഗം, മതം, വർഗം, പ്രദേശം തുടങ്ങിയ ഘടനാപരമായ സ്ഥാനമാണ് (structural position). രണ്ട്, ഘടനാപരമായി നിർണയിക്കുകയും രാഷ്ട്രീയമായി ഒരാൾ സ്വീകരിക്കുകയും ചെയുന്ന വിഷയി സ്ഥാനം (subject position). ഈ കാര്യത്തിലും വംശം, ലിംഗം, മതം, വർഗം, പ്രദേശം തുടങ്ങിയ ഘടകങ്ങൾ അടങ്ങിയിട്ടുണ്ട്. എങ്കിലും ഇവ രണ്ടും ചേർന്നാണ് ഒരാളുടെ സാമൂഹിക സ്ഥാനത്തെ രാഷ്ട്രീയപരമായി സാധ്യമാക്കുന്നത്. ഇവ രണ്ടും തമ്മിലെ ബന്ധം നിർണയിക്കുക എളുപ്പമല്ല. അത് രാഷ്ട്രീയമായ തിരഞ്ഞെടുപ്പായോ അതുമല്ലെങ്കിൽ അതിന്റെ നിരാകരണമായോ എളുപ്പത്തിൽ മനസ്സിലാക്കാൻ പ്രയാസമാണ്. അതുകൊണ്ടുതന്നെ രാഷ്ട്രീയ വ്യവഹാരത്തിന്റെ സാഹചര്യത്തിലാണ് ഒരാളുടെ സാമൂഹിക സ്ഥാനത്തിന്റെ വിലയിരുത്തൽ നടക്കുകയെന്ന എനസ്റ്റോ ലക്ലോ തന്റെ New Social Movement and the Pulartiy of the Social (1985) എന്ന പഠനത്തിൽ നിരീക്ഷിക്കുന്നുണ്ട്. ഉദാഹരണത്തിന് പറയുകയാണെങ്കിൽ സ്ത്രീയായി ജനിച്ച ഒരാൾ ഘടനാപരമായി സ്ഥാനപ്പെടുത്തുമ്പോൾ ആൺകോയ്മയുടെ ഇരയാവുമ്പോൾ തന്നെ അങ്ങേയറ്റം വംശീയമായ രാഷ്ട്രീയത്തിന്റെ ഭാഗമായി സ്വന്തം വിഷയി സ്ഥാനത്തെ മാറ്റുന്നത് സാമൂഹിക സ്ഥാനത്തിന്റെ രാഷ്ട്രീയപരമായ സ്വഭാവത്തെ കാണിക്കുന്നു. എങ്കിലും സാമൂഹിക സ്ഥാനത്തിന്റെ പ്രത്യേകതകൾ പഠിക്കുന്നത് രാഷ്ട്രീയ വിമർശനത്തിന്റെ പ്രധാനപ്പെട്ട വഴിയാണ്.

ഫ്രഞ്ച് മുസ്ലിം ആക്ടിവിസ്റ്റ് ചിന്തകയായ ഹൂറിയ ബൂതല്ജ വിശ്വസിക്കുന്നത് താനൊരു പ്രൊഫഷണൽ ഗവേഷകയോ പണ്ഡിതയോ ഒന്നുമല്ലെന്നാണ്. ഫ്രാൻസിലേക്ക് കുടിയേറിയ ഒരു അൽജീരിയൻ മുസ്ലിം വീട്ടമ്മയുടെയും തൊഴിലാളിയുടെയും മകളായിട്ടാണ് അവർ സ്വയം സ്ഥാനപ്പെടുത്തുന്നത്. മാത്രമല്ല ഒരു ആക്ടിവിസ്റ്റ് എന്ന നിലയിലാണ് തന്റെ വൈജ്ഞാനികോല്പാദനത്തെ അവർ പരിചയപ്പെടുത്തുന്നത്. പ്രവർത്തനവും (action) പഠനവും (learning) ഉണ്ടാക്കുന്ന ഈ വൈരുധ്യമാണ് തന്റെ അറിവുൽപാദനത്തിന്റെയും പ്രായോഗിക ഇടപെടലുകളുടെയും രീതിശാസ്ത്രമെന്ന് അവർ പറയുന്നു. ഈ അർത്ഥത്തിൽ അധികാര ഘടനകളെക്കുറിച്ച് സംസാരിക്കുക മാത്രമല്ല അതിനെ മാറ്റിത്തീർക്കുന്ന ഇടപെടലുകളും തന്റെ വ്യക്തിത്വത്തിന്റെ ഭാഗമായി ഹൂറിയ ബൂതല്ജ കരുതുന്നു.

ഇസ്ലാമിക ഫെമിനിസത്തിന്റെ ചർച്ചയിൽ ഇതേ രീതിയിൽ സ്വന്തം സാമൂഹിക സ്ഥാനത്തിന്റെ പ്രത്യേകതകൾ പങ്കുവെച്ച് എഴുതുന്നത് സാദിയ ശൈഖിലും ആമിന വദൂദിലും കാണാം. ആമിന വദൂദ് തന്റെ സാമൂഹിക സ്ഥാനം കൃത്യമായി വിശദീ

കരിച്ചാണ് അവരുടെ Inside the Gender Jihad എന്ന പഠനം തുടങ്ങുന്നത്. സാദിയ ശൈഖാവട്ടെ Transforming Feminisms: Islam, women and gender justice എന്ന പഠനം തുടങ്ങുന്നത് തന്നെ സാമൂഹിക സ്ഥാനത്തെപ്പറ്റിയും അതിന്റെ സാധ്യതകളും പരിമിതികളും സംസാരിച്ചുകൊണ്ടാണ്.

സാർവലൗകികത, ഫെമിനിസ്റ്റ് ഐക്യത്തിന്റെ രാഷ്ട്രീയം എന്നിവയെ കുറിച്ച് ഹൂറിയ ബൂതല്ജ ഉന്നയിക്കുന്ന ചോദ്യങ്ങൾ വളരെ പ്രസക്തമാണ്. എല്ലാ സ്ത്രീകളുടെയും പ്രശ്നം ഒരു പോലെയാണോ? എല്ലാ പുരുഷന്മാരും ഒരു പോലെയാണോ? ഫെമിനിസ്റ്റ് ചോദ്യങ്ങൾ എങ്ങിനെ സാധ്യമാവുന്നു? എന്താണ് മുസ്ലിം സ്ത്രീ രാഷ്ട്രീയത്തിന്റെ മുൻഗണന? അതെങ്ങനെ ഉണ്ടാവുന്നു? തുടങ്ങിയ കാര്യങ്ങൾ അവർ ചർച്ച ചെയ്യുന്നുണ്ട്. ഒരു ആക്റ്റിവിസ്റ്റ് ഉത്സാഹം അവരുടെ ചിന്തയുടെ ഭാഗമാണ്.

**അധികാര ഫെമിനിസം**

ഇസ്ലാമിൽ ഫെമിനിസം സാധ്യമാണോ എന്ന ചോദ്യത്തിനുള്ള ഹൂറിയ ബൂതല്ജയുടെ പ്രതികരണം ശ്രദ്ധേയമാണ്. ഈ ചോദ്യത്തിന് മറുപടി നല്കാൻ അവർ വിസമ്മതിച്ചു. മറിച്ച്, ആര് ആരോടാണ് ഈ ചോദ്യം ചോദിക്കുന്നത്? എന്ത് അധികാരമാണ് ആ ചോദ്യങ്ങൾ നിർമിക്കുന്നത്? എന്നാണ് ഈ ക്ലീഷേ ചോദ്യത്തോട് ഹൂറിയ ബൂതല്ജ തിരിച്ചു ചോദിച്ചത്. ചിലപ്പോഴെങ്കിലും ഒരു ചോദ്യത്തിന് ഉത്തരം മറുചോദ്യമാണ്. അല്ലെങ്കിൽ ചോദ്യത്തിന്റെ ഘടനയിൽ തന്നെ അതിന്റെ ഉത്തരം സാധ്യമാക്കലാണ്. അധികാരവും പദവിയുമുള്ള സമൂഹങ്ങൾ മുസ്ലിംങ്ങളെ അധമരായി കാണുന്ന രീതിയിൽ ഈ ചോദ്യം ഉന്നയിച്ചാൽ ഉത്തരം പറയാൻ സൌകര്യമില്ലായെന്നാണ് ഹൂറിയ ബൂതല്ജ പറയുന്നത്.

തന്നോട് ഈ ചോദ്യം ഉന്നയിച്ച ഫ്രഞ്ച് ഫെമിനിസ്റ്റ് സുഹൃത്തിനോട് ഹൂറിയ ബൂതല്ജ ഒരിക്കൽ തിരിച്ചു ചോദിച്ചു. 'നിങ്ങളുടെ ഫ്രഞ്ച് റിപ്പബ്ലിക്കും ഫെമിനിസവും ഒത്തുപോവുമോ?'. ഈയൊരൊറ്റ ചോദ്യത്തിൽ ചോദ്യകർത്താവ് ഉണ്ടാക്കാൻ ആഗ്രഹിച്ച അധികാരബന്ധം തകിടം മറിയുന്നു. ഫ്രാൻസിൽ ഓരോ മൂന്നു ദിവസവും ഗാർഹിക പീഡനം മൂലം ഒരു സ്ത്രീ മരിക്കുന്നു. ഒരു വർഷം നടക്കുന്ന സ്ത്രീപീഡനം 48000 ആണ്. രാഷ്ട്രീയ സാമൂഹിക അധികാരം മുഴുവൻ ആണുങ്ങളുടെ കയ്യിലാണ്. സ്ത്രീകളുടെ വേതനം കുറവാണ്. പോരാതെ മുസ്ലിം സ്ത്രീകളാണ് ഏറ്റവും വേതനം കുറഞ്ഞ ജോലികൾ ഫ്രാൻസിൽ ചെയ്യുന്ന സാമൂഹിക വിഭാഗങ്ങളിൽ ഒന്ന്. അപ്പോൾ ഫ്രഞ്ച് റിപ്പബ്ലിക് ഫെമിനിസ്റ്റ് രാഷ്ട്രീയത്തോട് ചെയ്യുന്നതെന്താണ്? ഉത്തരത്തിൽ ശരിയും തെറ്റുമുണ്ട്. എളുപ്പം വിശദീകരിക്കാൻ പ്രയാസമുണ്ട്. പ്രതിസന്ധികളും ഒത്തുതീർപ്പുകളും ഫ്രഞ്ച് റിപ്പബ്ലിക്കും വെളുത്ത ഫെമിനിസവും തമ്മിലെ ബന്ധത്തിലുണ്ട്. ഫ്രാൻസ് പുരോഗമന ലോക വിപ്ലവങ്ങളുടെ കേന്ദ്രമാണ്. പക്ഷെ ഫെമിനിസ്റ്റ് രാഷ്ട്രീയത്തിന് അതിന്റെ മേലെ അവകാശവാദമുന്നയിക്കാൻ മടിയുണ്ട്. കാര്യങ്ങൾ എളുപ്പമുള്ള ഉത്തരങ്ങളിൽ ഒതുങ്ങില്ല.

അതുകൊണ്ടുതന്നെ ഇസ്ലാമിക ഫെമിനിസത്തിന്, ഫെമിനിസ്റ്റ് പരീക്ഷ പാസാവാൻ എവിടെയും വരി നില്ക്കേണ്ട ആവശ്യമില്ലായെന്നു ഹൂറിയ ബൂതല്ജ നിരീക്ഷിക്കുന്നു. മാനവ ഫെമിനിസത്തിന്റെ ലോകം അവസാനിച്ചിരിക്കുന്നു. സ്വയം അടിച്ചമർത്തപ്പെട്ട മുസ്ലിം സ്ത്രീ ജീവിച്ചിരിക്കുന്നില്ല. പക്ഷെ അധിനിവേശം ചെയ്യപ്പെട്ട മുസ്ലിം സ്ത്രീ ജീവിച്ചിരിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ മുസ്ലിം സ്ത്രീകൾ തങ്ങളുടെതായ രീതിയിൽ പോരാടുകയും കീഴടങ്ങുകയും സ്നേഹിക്കുകയും ഒത്തുതീർപ്പുകൾ ഉണ്ടാക്കുകയും മുന്നോട്ടുപോവുകയും ചെയ്യുന്നുണ്ട്. അതുകാണാൻ കഴിയാത്ത അധികാര ഫെമിനിസത്തെ തള്ളിക്കളയാനാണ് ഹൂറിയ ബൂതല്ജ തയ്യാറാവുന്നത്.

Whites, Jews, and US: Towards a Politics of Revolutionary Love (2016) എന്ന ഹൂറിയ ബൂതല്ജയുടെ ഏറ്റവും പുതിയ പുസ്തകം ആധുനിക കൊളോണിയൽ വംശീയതയുടെ വിമർശനമാണ്. ഇതൊരു പഠന ഗവേഷണ പുസ്തകം എന്നതിലുപരി ഒരു രാഷ്ട്രീയ രേഖയായി വായിക്കാം. We, Indigenous Women എന്ന അധ്യായം തുടങ്ങുന്നത് തന്നെ വെളുത്ത സ്ത്രീവാദികളുടെ ഒരു നിയമവും എനിക്ക് ബാധകമല്ല (No moral magesterium will make me endorse a law conceived by and for white feminists) എന്ന പ്രഖ്യാപനത്തോടെയാണ്. കാരണം കൊളോണിയൽ പ്രജകളുടെ ജീവിതം നിർണയിക്കുന്ന വംശീയതയെക്കുറിച്ച് വെളുത്ത ഫെമിനിസ്റ്റുകൾക്ക് അധികമൊന്നും പറയാനില്ല. അതുകൊണ്ടുതന്നെ ലിംഗ ബന്ധങ്ങളെക്കുറിച്ച് വെളുത്ത ഫെമിനിസ്റ്റ് സ്വീകരിക്കുന്ന നിലപാടുകൾ തനിക്കു പ്രധാനമല്ലെന്നു ഹൂറിയ ബൂതല്ജ പ്രഖ്യാപിക്കുന്നു. വംശീയത എന്ന സംഘാടക തത്വം (organising principle) രാഷ്ട്രീയത്തെ എല്ലായ്പ്പോഴും നിർണയിക്കുന്നുവെന്നു ഹൂറിയ കരുതുന്നു. ലിംഗഭേദത്തിന്റെ രാഷ്ട്രീയം അതുകൊണ്ടുതന്നെ വംശീയതയെന്ന സംഘാടക തത്വത്തെക്കുറിച്ചുള്ള ചർച്ചയാണ്. വെളുത്ത ഫെമിനിസം (white feminism) വംശീയതയെപ്പറ്റി സംസാരിക്കാൻ വിസമ്മതിക്കുന്നു. അതിനാൽ തന്നെ അവരുടെ ഒരു തീർപ്പും തനിക്കു ബാധകമല്ലെന്നു ഹൂറിയ ബൂതല്ജ കരുതുന്നു.

**മുൻഗണനകളുടെ രാഷ്ട്രീയവും ഇസ്ലാമിക ഫെമിനിസവും**

വേറൊരു രീതിയിൽ ഹൂറിയ ബൂതല്ജ നിരീക്ഷിക്കുന്നത് മുസ്ലിം സ്ത്രീ രാഷ്ട്രീയത്തിന്റെ പ്രശ്നം കിടക്കുന്നത് മുൻഗണനകളിലാണ് (priorities) എന്നാണ്. ഈയൊരു പ്രശ്നത്തിൽ ആമിന വദൂദ് അടക്കമുള്ള ഇസ്ലാമിക ഫെമിനിസ്റ്റ് ചിന്തകരോട് ഹൂറിയ ബൂതല്ജ വിയോജിക്കുന്നു. ആമിന വദൂദ് ന്യൂയോർക്കിൽ നടത്തിയ നിസ്കാരത്തിലൂടെയാണ് ലോകത്ത് ഏറെ പ്രശസ്തിയാർജിച്ചത്. തൊണ്ണൂറുകൾ മുതലുള്ള അവരുടെ വൈജ്ഞാനിക ഇടപെടലുകൾ അവർക്ക് നല്കിയതിലേറെ പ്രശസ്തി ഈ ഒരൊറ്റ പ്രവർത്തി അവർക്കു നല്കി. അവരുടെ ഈ പ്രവർത്തി ഉണ്ടായ സാഹചര്യമെന്നത് വളരെ പ്രധാനമായിരുന്നു. അത് സെപ്തംബർ പതിനൊന്നിനു ശേഷമുള്ള ലോക രാഷ്ട്രീയ സാഹചര്യമായിരുന്നു. ഇറാഖും അഫ്ഗാനും അമേരിക്കൻ നേതൃത്വം വഹിക്കുന്ന അധിനിവേശ സൈന്യം ആക്രമിച്ചതിനു ശേഷമായിരുന്നു.

ആമിന വദൂദ് നടത്തിയ നിസ്കാരം ഇതിനു മുമ്പ് പല മുസ്ലിം സ്ത്രീകളും ചെയ്തതാണെങ്കിലും അമേരിക്കൻ അധിനിവേശത്തിന്റെ രാഷ്ട്രീയ സാഹചര്യം ഈ പ്രശസ്തിയെ നിർണയിക്കുന്ന കാര്യമാണ്. ഹൂറിയ ബൂതല്ജ ചോദിക്കുന്നത് ഈ സാഹചര്യത്തിൽ ഉത്തരവാദപ്പെട്ട ഒരു മുസ്ലിം സ്ത്രീ ചിന്തയിൽ നിന്ന് നാം ഇതാണോ പ്രതീക്ഷിക്കേണ്ടത്? അതാണോ മുസ്ലിം സ്ത്രീ രാഷ്ട്രീയത്തിന്റെ മുൻഗണന?

കൊളോണിയൽ രാഷ്ട്രീയത്തെപ്പറ്റി വദൂദ് അടക്കമുള്ളവർ പുലർത്തുന്ന നിഷ്കളങ്കത ഹൂറിയ ബൂതല്ജ അമ്പരപ്പിക്കുകയും രോഷാകുലയാക്കുകയും ചെയ്യുന്നുണ്ട്. ഇറാഖ്, അഫ്ഗാൻ, പലസ്തീൻ തുടങ്ങിയ അധിനിവേശ സ്ഥലങ്ങളിലെ മുസ്ലിം സ്ത്രീകളുടെ മുൻഗണന ഒരിക്കലെങ്കിലും തന്റെ വ്യക്തിപരമായ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു ആമിന വദൂദ് ആലോചിച്ചിട്ടുണ്ടോ? അമേരിക്കയിൽ ജീവിക്കുന്ന മുസ്ലിംകൾക്ക് തങ്ങളുടെ സാമൂഹിക അധികാരത്തെയും ആനുകൂല്യത്തെയും പറ്റി ചിന്തിക്കാൻ കഴിയേണ്ടതല്ലേ?

ഉത്തരവാദിത്തം എന്ന നൈതിക പ്രശ്നം ഇതിലുണ്ട്. ആമിന വദൂദ് ഒരു ഇസ്ലാമിക ദൈവശാസ്ത്രം മുന്നോട്ടുവെക്കാൻ ശ്രമിച്ചു. പക്ഷെ അതൊരു ഇസ്ലാമിക വിമോചന ദൈവശാസ്ത്രമല്ല. കാരണം അത് ഒരിക്കലും അധികാരത്തെ ഘടനാപരമായി കാണുന്ന ഇസ്ലാമിക ഫെമിനിസ്റ്റ് സമീപനമായിരുന്നില്ല. അത് ഏറ്റവും ദരിദ്രരിൽ ദരിദ്രരായ മുസ്ലിം സ്ത്രീയുടെ മുൻഗണനകളെ കാണാൻ ശ്രമിച്ചില്ല. കാരണം വദൂദ് ഉന്നയിക്കുന്ന ഫെമിനിസ്റ്റ് ദൈവശാസ്ത്രത്തിനു ഗൗരവപരമായ സാമൂഹിക വിശകലനത്തിന്റെ അഭാവമുണ്ട്. അതിനു കൊളോണിയൽ വംശീയതയുടെ പ്രശ്നത്തെ മനസ്സിലാകാൻ സാധിച്ചിട്ടില്ല. അതിനാൽ അവരുടെ ഇസ്ലാമിക ഫെമിനിസ്റ്റ് രാഷ്ട്രീയത്തിന്റെ പ്രായോഗികത തെറ്റായ മുൻഗണനയുടേതാണ്.

**ഫെമിനിസവും കീഴാള ആണത്തങ്ങളും**

എല്ലാ പുരുഷന്മാരും തുല്യമാണ് എന്ന് ഹൂറിയ ബൂതല്ജ കരുതുന്നില്ല. കൊളോണിയൽ പ്രജകളായ പുരുഷന്മാർ കൊളോണിയൽ അധികാരത്തിന്റെ ഭാഗമായ ഭരണവർഗ പുരുഷന്മാരിൽ നിന്ന് വ്യത്യസ്തമാണ്. ആൺകോയ്മ തന്നെ വ്യത്യസ്തമാണെന്നാണ് അവർ കരുതുന്നത്. അധിനിവേശത്തിന്റെ ആൺകോയ്മയും കീഴടക്കപ്പെട്ട ആൺകോയ്മയും രണ്ടാണെന്ന് അവർ കരുതുന്നു (The white ptariarchy, conquering and self-assured, and the other, the indigenous ptariarchy, dominated and desperate).

മുസ്ലിം ആൺകോയ്മയുടെ രാഷ്ട്രീയം എന്ന പ്രശ്നത്തെ ഹൂറിയ ബൂതല്ജ കാണുന്നത് വളരെ വ്യത്യസ്തമായിട്ടാണ്. യൂറോപ്പിൽ ആദ്യ കാല ഫെമിനിസ്റ്റ് രാഷ്ട്രീയക്കാർ മുഴുവൻ സ്ത്രീകളായിരുന്നു. എന്നാൽ ഉത്തരാഫ്രിക്കൻ അറബ് സമൂഹങ്ങളിൽ ആദ്യകാല ഫെമിനിസ്റ്റ് രാഷ്ട്രീയക്കാർ മുഴുവൻ പുരുഷന്മാരായിരുന്നു. റഷീദ് രിദ, മുഹമ്മദ് അബ്ദു, ഖാസിം അമീൻ, താഹ ഹുസൈൻ, താഹിർ ഹദ്ദാദ് തുടങ്ങിയ പുരുഷന്മാരാണ് ആദ്യകാലത്ത് ഖുർആന്റെയും ഇസ്ലാമിക പ്രമാണങ്ങളുടെയും പുനർ വായന നടത്തിയത്. എന്തുകൊണ്ട് ഈ വ്യത്യാസം? കൊളോണിയലിസം സാദ്ധ്യമാക്കിയ അധമബോധമാണ് (inferiortiy complex) ഈ ലിബറൽ മുസ്ലിം പുരുഷന്മാരെക്കൊണ്ട് ഇതൊക്കെ ചെയ്യിക്കുന്നത് എന്ന് ബൂതല്ജ നിരീക്ഷിക്കുന്നു. ഈ അധിനിവേശിത പുരുഷന്മാർ പുറമേക്ക് സ്ത്രീ വിമോചനം പറയുകയും എന്നാൽ ഉള്ളിൽ സ്വന്തം സമുദായത്തിൽ നിന്ന് അകലം പാലിക്കാനും അങ്ങിനെ കൊളോണിയൽ യജമാനന്മാരുടെ ബോധത്തെ തൃപ്തിപ്പെടുത്താനും നിരന്തരം ശ്രമിക്കുകയായിരുന്നു. കീഴടക്കപ്പെട്ട ആൺകോയ്മയുടെ ഒരു രീതിയാണിത്.

അധിനിവേശിത ആണത്തത്തിന്റെ മറ്റു ചില പ്രതിസന്ധികളും ഹൂറിയ ബൂതല്ജ കാണുന്നുണ്ട്. അധീശ ഫെമിനിസത്തിന് അടിസ്ഥാനപരമായി കൂറ് അവരുടെ പുരുഷന്മാരോടാണ്. അവരുടെ സാമൂഹിക സ്ഥാനമാണ് അവരുടെ ഐക്യദാർഢ്യത്തെ പ്രാഥമികമായി നിർണയിക്കുന്നത്.

സ്വസമുദായത്തിലെ ആണുങ്ങൾ അടിച്ചമർത്തപ്പെടുമ്പോൾ നമുക്കൊരിക്കലും സ്വതന്ത്രരാവാൻ കഴിയില്ലെന്ന (We can never be free while our men are oppressed) ബ്ലാക്ക് പാന്തർ പ്രസ്ഥാനത്തിന്റെ

ഭാഗമായ ഫെമിനിസ്റ്റ് ചിന്തക അസ്സത ഷകൂറിന്റെ വരികളാണ് ഹൂറിയ കീഴാള ആണ ത്തത്തെക്കുറിച്ചുള്ള പ്രധാന രാഷ്ട്രീയ രേഖയായി കാണുന്നത്. ഇതിനു കീഴടക്കപ്പെട്ട സ്വന്തം സമു ദായത്തിൽ സ്വന്തം ശരീരത്തെ കാണാനും അതിന്റെ സാമൂഹിക നിലയെ മനസ്സിലാക്കാനും കഴിയണം. അതുകൊണ്ടുതന്നെ ഹൂറിയ ഇങ്ങിനെ പറയുന്നു: എന്റെ രാഷ്ട്രീയ ശത്രു സ്വസമുദായത്തിലെ പുരുഷനല്ല. ഒരർഥത്തിൽ കീഴടക്കപ്പെട്ട ഈ സമുദായത്തിലെ ആൺ കോയ്മയെ വിമർശിക്കുക എന്നത് ഒരു ആഡം ബരം മാത്രമാണ് (The indigenous man is not our main enemy. The radical critique of indigenous ptariarchy is a luxury). ഈ ഫെമിനിസം മറ്റൊരു ചോക്ലേറ്റ് ഫെമിനിസം (chocolate feminism) അല്ലാതെ മറ്റൊന്നുമല്ലെന്ന് ഹൂറിയ നിരീക്ഷി ക്കുന്നു.

**ഫെമിനിസ്റ്റ് ലേബൽ : ഒത്തുതീർപ്പുകളും പ്രതിസന്ധികളും**

പുതിയ ഒരു ഫെമിനിസം ആവശ്യ മുണ്ടോ? ഉണ്ടെങ്കിൽ ആ ഫെമിനിസത്തിന്റെ പ്രത്യേകത എന്താണ്? അതിലേക്കുള്ള സൂചന ഹൂറിയ ബൂതല്ജ Whites, Jews and Us എന്ന പഠനത്തിൽ നല്കു ന്നുണ്ട്. തന്റെ ഫെമിനി സത്തെ ഹൂറിയ ബൂതല്ജ വിളിക്കുന്നത് ഡീകൊളോണിയൽ ഫെമിനിസം എന്നാണ്. ഇതൊരു ഒത്തുതീർപ്പാണ്. ഒരു രീതിയിൽ മൂന്നാം ലോകത്തെയും ഒന്നാം ലോകത്തെയും ഫെമി നിസ്റ്റ് മുഖ്യധാരയോടുള്ള ചെറുത്തുനില്പ്പ് ഇതിലുണ്ട്. ലക്ഷക്കണക്കിന് മനുഷ്യരുടെ ജീവിതം താറുമാറാക്കിയ നിയോലിബറൽ ഭരണകൂടങ്ങൾ അടക്കമുള്ളവയോടുള്ള പ്രതി ഷേധം ഇതിലുണ്ട്. ഫെമിനിസത്തിൽ നിന്ന് വേറിട്ടുപോകാനുള്ള ശ്രമമാണിത്. ഡീകൊളോ ണിയൽ ഫെമിനിസം എന്നതു അധികാര ഫെമിനിസത്തോടുള്ള പ്രതിരോധമാണ്. അതിന്റെ അധീശ രൂപങ്ങളോടുള്ള പ്രതിരോധ മാണ്.

അതോടൊപ്പം തന്നെ മുസ്ലിം സ്ത്രീകള ടക്കം ഫെമിനിസത്തിന്റെ ഭാഗമാണെന്ന തിരിച്ച റിവിനെയും ആ ലേബൽ ഉപയോഗിക്കുന്ന മുസ്ലിം സ്ത്രീകളുടെ തിരഞ്ഞെടുപ്പിനെ ബഹു മാനിക്കാനുമുള്ള ശ്രമമാണ്. ആ അർത്ഥത്തിൽ ഇതൊരു ഒത്തുതീർപ്പാണ്. ഫെമിനിസത്തിനൊരു കീഴാള വായന ഒരർത്ഥത്തിൽ കീഴാള രാഷ്ട്രീയ ത്തിന്റെ തന്നെ മറ്റു താല്പര്യങ്ങളെ മനസ്സിലാ ക്കലാണ്. ഹൂറിയ ബൂതല്ജയുടെ ഈ നിലപാ ടുകളിൽ വൈരുധ്യങ്ങൾ ധാരാളമുണ്ട്. ആൺ കോയ്മ പ്രധാനമാകാതെ ഫെമിനിസത്തിന് തന്നെ നിലനില്പുണ്ടോ എന്ന് ചോദിച്ചാൽ തന്റെ ഈ സന്നിഗ്ദ്ധതകൾ ഇന്നത്തെ രാഷ്ട്രീയത്തിന്റെ തന്നെ ഭാഗമായാണ് ഹൂറിയ ബൂതല്ജ കാണുന്നത്. ഈ വൈരുധ്യങ്ങളെ സാമുദായികമായ പുതിയ രാഷ്ട്രീയ ത്തിലൂടെ മറികടക്കാൻ അവർ ആഹ്വാനം ചെയ്യുന്നു. വംശീയതയിലൂന്നിയ കൊളോണിയൽ അധികാരം എന്ന സംഘാടക തത്വം നിലനില്ക്കുന്ന കാല ത്തോളം ഈ നിലപാടിന് പ്രസക്തിയുണ്ടെന്നാണ് അവർ കരുതുന്നത്.

**ഇസ്ലാമിക ഫെമിനിസം : സ്ഥലവും കാലവും മറക്കുമ്പോൾ**

എന്താണ് മുഖ്യധാര മുസ്ലിം സ്ത്രീകളുടെ ഇസ്ലാമിക ഫെമിനിസത്തെപ്പറ്റി ഹൂറിയ ബൂതല്ജ ഉന്നയിക്കുന്ന വിമർശനം? ഫെമിനിസത്തിനു സമയവും കാലവും പ്രധാനമാണെന്ന് ഹൂറിയ ബൂതല്ജ കരുതുന്നു. അതുകൊണ്ടാണ് അവർക്ക് ഇസ്ലാമിക ഫെമിനിസത്തിന്റെ മുഖ്യധാരയോടു ചില പ്രശ്ന ങ്ങൾ ഉന്നയിക്കേണ്ടി വരുന്നത്.

ഹൂറിയ ബൂതല്ജ പറയുന്നത്, ആൺ കൊയ്മയെക്കുറിച്ചുള്ള ചരിത്ര നിരപേക്ഷവും സാർവ ലൗകിക സങ്കല്പവും സ്വീകരിച്ച മുസ്ലിം സ്ത്രീ നിലപാട് തെറ്റാണ് എന്നാണ്. ഇസ്ലാമിക ഫെമിനി സമെന്ന പേരിൽ ആയിരം വർഷം മുമ്പുള്ള ഇസ്ലാമിക സമൂഹങ്ങളിൽ ആൺകോയ്മ കണ്ടെത്തുന്നത് ചരിത്ര നിരപേക്ഷമാണ്. ആൺകോയ്മയെക്കുറിച്ച് അങ്ങേ യറ്റം ചരിത്രവിരുദ്ധമായ ധാരണകൾ വെച്ചുപുലർത്തു കയും ഇസ്ലാമിനെ ആൺകോയ്മ വിരുദ്ധമാക്കുകയും ഇസ്ലാമിന്റെ പുരുഷപക്ഷ വായനയെ പ്രശ്നവല് ക്കരിക്കുകയും ചെയ്യുന്നു. അങ്ങിനെ ഫെമിനിസ ത്തിന് ഒരു ചരിത്രം ഇല്ലാതെപോവുന്നു. അതിന്റെ ആവിർഭാവത്തിന്റെ സ്ഥല/കാല സ്വഭാവം ഈ പ്രക്രിയയിൽ മായുന്നു. ഫെമിനിസം എല്ലാ കാലത്തും ഉണ്ടായതായി ഇസ്ലാമിക ഫെമിനിസ്റ്റ് മുഖ്യധാര സങ്കല്പ്പിക്കുന്നു. അതുകൊണ്ടുതന്നെ അത്തരം ഒരു ചരിത്രനിരപേക്ഷമായ ഫെമിനിസം ഇസ്ലാമിൽ അന്വേഷിക്കുകയും കണ്ടെത്തുകയും ചെയ്യുന്നു.

ചരിത്രരഹിതമായ നിലപാടാണ് ഇസ്ലാമിക ഫെമിനിസ്റ്റ് മുഖ്യധാര സ്വീകരിച്ചിരിക്കുന്നത്. മുസ്ലി ചരിത്രത്തെ ഫെമിനിസത്തിനു വേണ്ടി ചെറുതാ ക്കുകയാണ്. കാരണം അധീശ ഫെമിനിസത്തിന്റെ ചട്ടക്കൂടിലാണ് അവർ ഫെമിനിസ്റ്റ് ചരിത്രത്തെ വായി ക്കുന്നത്. ലിംഗബന്ധങ്ങളെ ആഗോള അധികാര ഘടനയിൽ നിന്ന് അവർ വേർപെടുത്തുകയും ഇസ്ലാമിക സമൂഹങ്ങളുടെ പ്രശ്നമായി അവർ അറിഞ്ഞോ അറിയാതെയോ ചുരുക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ ഫെമിനിസം ഇല്ലാത്ത സമൂഹങ്ങൾ നാഗരികമായി പിന്നാക്കമാവുന്നു. അവർ സ്വാഭാവികമായും ലോകചരിത്രത്തിൽ നിന്ന് പിന്നോട്ട് പോകുന്നു.

ഫെമിനിസത്തിന്റെ കൊളോണിയൽ ഭൗമ രാഷ്ട്രീയ അധികാരം (colonial geopolitical power) പല ഇസ്ലാമിക ഫെമിനിസ്റ്റ് ചിന്തകരും കാണുന്നില്ലെന്നു ഹൂറിയ കരുതുന്നു. ഇന്നത്തെ ഫെമിനിസ്റ്റ് രാഷ്ട്രീയ ത്തെ നിയന്ത്രിക്കുന്ന മാനദണ്ഡം എന്നത് പടിഞ്ഞാറ് (west) ആണ്. പടിഞ്ഞാറ്, ഫെമിനിസ്റ്റ് രാഷ്ട്രീയത്തിൽ എന്താണ് എന്ന അന്വേഷണമാണ് ഇസ്ലാമിക ഫെമിനിസ്റ്റ് എഴുത്തുകാരുടെ ചരിത്ര വീക്ഷണത്തിന്റെ പ്രധാനപ്പെട്ട അന്ധമേഖല.

**ഫെമിനിസത്തിന്റെ അപകോളനീകരണ ചരിത്രം**

ഫെമിനിസത്തെ സാധ്യമാക്കിയ ചരിത്ര പരമായ സാഹചര്യം എന്താണ്? പതിനഞ്ചാം നൂറ്റാണ്ടിൽ തുടങ്ങുന്ന കൊളോണിയൽ/വംശീയ ലോക വ്യവസ്ഥയും 'അമേരിക്കയുടെ കണ്ടെത്തലും' ഈ സാഹചര്യത്തിന്റെ തുടക്കമാണ്. പിന്നീടു നടന്ന ലോക സംഭവങ്ങളുടെ ഗതി കൊളോണിയൽ അധികാരത്തിന്റെ ഉപോല്പന്നമാണ്.

ഉദാഹരണത്തിന് നിയമ വാഴ്ചയും (rule of law) വ്യക്തിഗത പൗരത്വവും (individual citizenship) സാധ്യമാക്കിയത് ഫ്രഞ്ച് വിപ്ലവമായിരുന്നു. രാജാധിപത്യത്തിൽ നിന്ന് ജനാധിപത്യത്തിലേക്ക് ലോകം മാറുന്നത് ഫ്രഞ്ച് വിപ്ലവത്തോടെയാണ് എന്നാണ് അധീശ ചരിത്രവ്യവഹാര പാഠം.

എന്നാൽ നിയമവാഴ്ചയും വ്യക്തിഗത പൗരത്വവും വിപ്ലവാനന്തരം ഫ്രാൻസിലെ ഉപരിവർഗ/വെളുത്ത/പുരുഷന്മാർക്ക് മാത്രം എത്തിപ്പിടിക്കാൻ കഴിയുന്ന പദവിയായിരുന്നു. സാർവ ലൗകിക പൗരത്വത്തിന്റെ വാഗ്ദാനമായിരുന്നു ഫ്രഞ്ച് വിപ്ലവം. അവിടെയാണ് അത് ആണുങ്ങളുടെ മാത്രം കുത്തകയാണ് എന്ന പ്രശ്നത്തെ മുൻനിർത്തി ഉപരിവർഗ/വെളുത്ത/സ്ത്രീകൾ സംസാരിച്ചു തുടങ്ങുന്നത്. പൗരനാവണമെങ്കിൽ വ്യക്തിയാവണം. അതിനാൽ സ്ത്രീകൾ വ്യക്തിയാണ് എന്ന് തെളിയിക്കേണ്ട ബാധ്യത വെളുത്ത ഫെമിനിസ്റ്റുകൾ ഏറ്റെടുത്തു.

രണ്ടു നൂറ്റാണ്ടു നീണ്ട പോരാട്ടത്തിനു ശേഷം 1970കളിലാണ് ഫെമിനിസം ഫ്രാൻസിൽ ഒരു രാഷ്ട്രീയ ശക്തിയായി മാറുന്നത്. ഫ്രഞ്ച് വിപ്ലവത്തിന് ശേഷം ലിബറൽ ജനാധിപത്യത്തിന്റെ പൗരത്വ മാതൃകയിലേക്ക് സ്വയം വിളക്കി ചേർക്കാൻ വെളുത്ത സ്ത്രീകൾ നടത്തിയ ശ്രമത്തിന്റെ പശ്ചാത്തലത്തിലാണ് ഈ ഫെമിനിസ്റ്റ് ചരിത്രം സാധ്യമാകുന്നത്.

അതിന്റെ മറുവശത്താവട്ടെ കൊളോണിയലിസം സാധ്യമാക്കിയ ഫ്രഞ്ച് ലിബറൽ ജനാധിപത്യത്തിന്റെ അധോതലം (underside) നിലവിലുണ്ടായിരുന്നുവെന്നു ഹൂറിയ ബൂതല്ജ നിരീക്ഷിക്കുന്നു. അതായത് അടിമക്കച്ചവടവും വംശീയവിവേചനവും അധിനിവേശവും കൊളോണിയൽ ജ്ഞാനഹത്യകളും (epistemicides) നടത്തിയ അതേ ആളുകൾ തന്നെയാണ് ഫ്രഞ്ച് വിപ്ലവവും നടത്തിയത്. വിപ്ലവവും അധിനിവേശവും ഒരേ രാഷ്ട്രീയ ശക്തികളുടെ കൈകളാൽ സാധ്യമായി.

അപ്പോൾ ഫ്രഞ്ച് ഫെമിനിസമോ? യുറോപ്യൻ സ്ത്രീകൾ സ്വന്തം ആണുങ്ങളിൽ നിന്ന് അനുഭവിച്ച പീഡനങ്ങൾ വലുതായിരുന്നു. അവരുടെ പോരാട്ടം ആ സമൂഹത്തിൽ ന്യായമായിരുന്നു. പക്ഷെ ആ സ്ത്രീകൾ ഫെമിനിസത്തിലൂടെ സ്വന്തം ജീവിതം മെച്ചപ്പെടുത്തിയത് വംശീയതയും അടിമവ്യവസ്ഥയും കൊളോണിയലിസവും പശ്ചാത്തല സൗകര്യം ഒരുക്കിയ ഫ്രഞ്ച് ലിബറൽ ജനാധിപത്യ പ്രക്രിയയിലൂടെയായിരുന്നു. കൊളോണിയലിസവും വംശീയതയും സാധ്യമാക്കിയ ഘടനാപരമായ ഈ ആനുകൂല്യങ്ങൾ ഫ്രഞ്ച് ഫെമിനിസത്തിന്റെ വളർച്ചയെ സാധ്യമാക്കി. ഇന്നത്തെ യുറോപ്യൻ ഫെമിനിസത്തിന്റെ ആന്തരിക വൈരുധ്യമാണ് ഇത് കാണിക്കുന്നത്. സിലിരയ വിന്റർ എന്ന കരീബിയൻ ചിന്തകയാണ് ഈ കൊളോണിയൽ അധികാരത്തെ സംഘാടക തത്വമാക്കിക്കൊണ്ട് ലിംഗ അധികാരത്തിന്റെ ഉപഗണമായി കാണുന്ന ഈ കാഴ്ചപ്പാട് ഡീകൊളോണിയൽ ഫെമിനിസത്തിന്റെ ഭാഗമായി വികസിപ്പിക്കുന്നത്.

ഫെമിനിസത്തെ ചരിത്രനിരപേക്ഷമായി കാണുന്ന ഇന്റർസെഷണൽ സമീപനത്തിനും ഇസ്ലാമിക ഫെമിനിസത്തിനും ഈ കുഴഞ്ഞു മറിഞ്ഞ രാഷ്ട്രീയ പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ടാണ് പല ഇസ്ലാമിക ഫെമിനിസ്റ്റ് ചിന്തകരും ലിബറൽ ജനാധിപത്യത്തിന്റെ മാനദണ്ഡങ്ങൾ (norms) യാതൊരു ചരിത്രബോധവുമില്ലാതെ പല രീതിയിൽ സ്വാംശീകരിച്ചിരിക്കുന്നത്.

**ഹൂറിയ ബൂതല്ജയും വിമർശകരും**

ഇന്നത്തെ ഇസ്ലാമിക ഫെമിനിസത്തിന്റെ ചർച്ചയുടെ വൈവിധ്യത്തെ ഏറ്റവും നന്നായി പ്രതിഫലിപ്പിക്കുന്ന രാജ്യമാണ് ഫ്രാൻസ്. ഹൂറിയ ബൂതല്ജ, സിഹമെ അസ്ബാഗ്, സഹ്റ അലി എന്നീ മൂന്നു നാമങ്ങൾ ഇസ്ലാമിക ഫെമിനിസത്തെയും മുസ്ലിം സ്ത്രീയുടെ രാഷ്ട്രീയ മണ്ഡലത്തെയും ഏറ്റവും മികച്ചതായി പ്രതിനിധീകരിക്കുന്നു.

ഹൂറിയ ബൂതല്ജ സ്വയം വിശേഷിപ്പിക്കുന്നത് ഒരു ഡീകൊളോണിയൽ ഫെമിനിസ്റ്റായിട്ടാണ്.

ഒരു സന്ദേഹിയായ ഫെമിനിസ്റ്റായിട്ടാണ് (reluctant feminist) അവരെക്കുറിച്ചുള്ള പഠനത്തിൽ മയന്തി ഫെർണാണ്ടോ വിശേഷിപ്പിക്കുന്നത്. അവരുടെ പുതിയ പുസ്തകത്തിൽ തന്നെ ഒരു ഡീകൊളോണിയൽ ഫെമിനിസ്റ്റ് എന്ന രീതിയിൽ അടയാളപ്പെടുത്താൻ അവർ ശ്രമിക്കുന്നുണ്ട്. 2012ൽ White women and privilege of solidartiy എന്ന പ്രഭാഷണത്തിൽ ഇസ്ലാമിക ഫെമിനിസം സാധ്യമാണെന്ന് പറയുന്ന ഹൂറിയ ബൂതല്ജ സ്വയം ഇസ്ലാമിക ഫെമിനിസ്റ്റ് എന്ന് വിശേഷിപ്പിക്കുന്നില്ല. തനിക്ക് ഈ വിഷയത്തിൽ വലിയ പിടിപാടില്ലെന്നും അവർ പറയുന്നു. എന്നാൽ തന്റെ ഇസ്ലാമിക സ്വത്വം രാഷ്ട്രീയപരമായി അവർ ഉയർത്തി പിടിക്കുകയും ചെയ്യുന്നു. ലേബലുകൾ എളുപ്പം സ്വീകരിക്കാത്ത രീതിയാണ് ഹൂറിയ ബൂതല്ജ സ്വീകരിക്കുന്നത്.

ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾ ഓരോ സമയത്തും വംശീയതയോട് രാജിയാവുന്നത് ഹൂറിയ ചൂണ്ടിക്കാട്ടുന്നു. ആദ്യം വംശീയത, പിന്നെ ആൺകോയ്മ എന്ന സമീപനം ഫ്രാൻസിന്റെ സാഹചര്യത്തിൽ ഹൂറിയ മുന്നോട്ടുവെക്കുകയും ചെയ്യുന്നു. മിക്കവാറും എല്ലാ ഫെമിനിസ്റ്റ് സമരങ്ങളും വെളുത്ത വംശീയ ഘടനയെ കാണാൻ പരാജയപ്പെടുന്നുവെന്നും അവർ വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെ വംശീയതയെ ആദ്യം എടുക്കുന്ന പിന്നെ മാത്രം ആൺകോയ്മ കാണുന്ന ഡീകൊളോണിയൽ ഫെമിനിസത്തെ അവർ വികസിപ്പിക്കാൻ ശ്രമിക്കുന്നു.

എന്നാൽ വംശം, മതം, ലിംഗം തുടങ്ങിയ ഘടനകളെ ഒന്ന് മറ്റൊന്നിനു മേലെ പ്രതിഷ്ഠിക്കാതെ സവിശേഷമായും സന്ദർഭമായും പരിഗണിക്കാനാണ് സിഹമെ അസ്ബാഗ് എന്ന ഇന്റർസെഷണൽ മുസ്ലിം ഫെമിനിസ്റ്റ് കരുതുന്നത്. ലിംഗ പ്രശ്നങ്ങൾ മാത്രം പരിഗണിച്ചാൽ മതിയെന്ന് കരുതുന്ന മുഖ്യധാര ഫെമിനിസത്തെയും മത/വംശീയ പ്രശ്നം മാത്രം കരുതുന്ന മുസ്ലിം വംശീയവിരുദ്ധ പ്രസ്ഥാനങ്ങളെയും ഒരുപോലെ എതിർക്കുന്ന സിഹമെ അസ്ബാഗ് നിരവധി അധികാര ഘടനകളെ കാണുന്ന അധികാര വിമർശനത്തിന്റെ സ്ഥാനമായി ഫ്രാൻസിൽ ഇസ്ലാമും ഫെമിനിസവും തമ്മിലെ സംവാദത്തെ മാറ്റി.

2012Â Islamic Feminisms എന്ന പുസ്തകമെഴുതിയ സഹ്റ അലി ഫ്രഞ്ച് ഇസ്ലാമിക ഫെമിനിസത്തിന്റെ മറ്റൊരു ധാരയെ പ്രതിനിധീകരിക്കുന്നു. ഹൂറിയ ബൂതല്ജ, സിഹമെ അസ്ബാഗ് തുടങ്ങിയവർ ഇസ്ലാമിനെക്കുറിച്ചും ഇസ്ലാമിക പാരമ്പര്യത്തെക്കുറിച്ചും അതിന്റെ വൈജ്ഞാനിക പ്രശ്നങ്ങളെക്കുറിച്ചും ഒന്നും പറയുന്നില്ലെന്ന് അവർ വിമർശിക്കുന്നു. വംശീയതയാണ് അവരുടെ വിശകലനത്തെ നിർണയിക്കുന്ന പ്രധാന ഘടകം. ഇസ്ലാം അവരുടെ ജീവിത ശൈലി മാത്രമാണ്. അതൊരു ലോകബോധമായി അവരുടെ രാഷ്ട്രീയ ഇടപെടലുകളിൽ കാണുന്നില്ല. അതുകൊണ്ടാണ് സഹ്റ അലി ഇസ്ലാമിക ഫെമിനിസത്തെ ഫ്രാൻസിലെ മുസ്ലിം സ്ത്രീ ആക്ടിവിസത്തിന്റെ സൈദ്ധാന്തിക സ്രോതസ്സായി കണ്ടെടുക്കുന്നത്. ഇതാവട്ടെ ഇന്റർസെഷണൽ/ഡികൊളോണിയൽ ഫെമിനിസ്റ്റ് സമീപനങ്ങളുടെ കാതലായ സാമൂഹിക വിമർശനത്ത കയ്യൊഴിയാതെയാണ് അവർ നടത്തുന്നത്. എങ്കിലും ഇസ്ലാം എന്ന സൂചകം തന്റെ ഫെമിനിസ്റ്റ് ചർച്ചകളെ സമഗ്രമായി നിർണയിക്കുന്നുവെന്ന് അലി കരുതുന്നു.

Bibliography


Anna Marie Smith. Laclau and Mouffe: The Radical Democratic Imaginary. London & New York: Routledge, 2012.

Assata Shakur and Joanne Chesimard. "Women in Prison: How We Are." The Black Scholar Vol.9, No. 7 (1978): 8-15

Ernesto Laclau. "New Social Movements and the Pluraltiy of the Social." In The New Social Movements in Latin America edited by D. Slater. Amsterdam: Cetnre for Latin American Research and Documentation, 1985.

Houria Bouteldja. "Race, Class and Gender: A New Three-Headed Divintiy." http://www.decoloniatlranslation.com/english/race-class-and-ender-a-new-three-headed-divintiy.html

Houria Bouteldja. "White Women and the Privilege of Solidartiy." http://www.decoloniatlranslation.com/english/white-women-and-the-priviledge-of-solidartiy.html

Houria Bouteldja. Whites, Jews and Us: Toward a Politics of Revolutionary Love. Semiotext(e), 2016.

Mayanthi L. Fernando. The Republic Unsettled: Muslim French and the Cotnradictions of Secularism. Durham: Duke Universtiy Press, 2014.

Sa'diyya Shaikh. "Transforming Feminism: Islam, Women and Gender Justice." In Progressive Muslims: On Justice, Gender and Pluralism edited by Omid Safi, 147-162. Oxford: Oneworld, 2006.

Sylvia Wynter. "1492: A New World View." In Race, Discourse and the Origin of the Americas: A New World View edited by Hyatt and Rex Nettleford. Washington, DC: Smithsonian Institution Press, 1995.


■

ജംസീന/സിസ്റ്റര്‍ ലൂസി



**ജംസീന പി എസ്**
ഇംഗ്ലീഷ് സാഹിത്യത്തില്‍
ബിരുദ വിദ്യാര്‍ഥി,
മാനന്തവാടി

# സ്നേഹത്തിന്റെ സാക്ഷ്യം, പോരാട്ടത്തിന്റെയും - സിസ്റ്റര്‍ ലൂസി

*1. സിസ്റ്റര്‍ ലൂസി എന്നത് ഇന്ന് ഒരു പക്ഷേ പോരാട്ടത്തിന്റെ പ്രതീകമാണ്. കടന്നുവന്ന സങ്കീര്‍ണ്ണമായ നാളുകളെ ഒന്ന് ചുരുക്കാമോ?*

**സി.** ചെറുപ്പം മുതല്‍ തന്നെ സത്യം, നീതി തുടങ്ങിയവക്കായി ഞാന്‍ എന്നും വാദിച്ചിട്ടുണ്ട്. ഇവിടെ ഇപ്പോള്‍ സമരം ചെയ്യേണ്ടിവന്ന സിസ്റ്റേഴ്സിനെ പിന്‍തുണക്കേണ്ടവര്‍ അവരെ വിമര്‍ശിച്ചും കുറ്റവാളികളെ സംരക്ഷിച്ചും നീങ്ങുന്നത് കണ്ടപ്പോള്‍ അവരെ എങ്ങനെ സപ്പോര്‍ട്ട് ചെയ്യാം എന്നതായിരുന്നു എന്റെ ചിന്ത. ആദ്യം ഫേസ്ബുക്കിലൂടെ പ്രതികരിച്ചു. തുടര്‍ന്ന് അവരുടെ പക്കല്‍ നേരിട്ടെത്തി പതിനായിരങ്ങളില്‍ ഒരാളെങ്കിലും അവരോടൊപ്പമുണ്ടെന്ന് അവരെ സമാധാനിപ്പിച്ചു. അങ്ങനെയാണ് അവിടെ എറണാകുളത്ത് ചെന്നെത്തുന്നത്. അതിന്റെ പരിണിതഫലങ്ങള്‍ ധാരാളം നേരിട്ടു. നേരിടുന്നുമുണ്ട്. പക്ഷെ ഞാന്‍ ചെയ്തത് തെറ്റാണെന്ന് എനിക്ക് തോന്നുന്നില്ല. കാരണം ഞാന്‍ ക്രിസ്തുവിനെ അത്രയധികം സ്നേഹിക്കുന്ന ഒരാളാണെന്ന് ഉറച്ച വിശ്വാസമുണ്ട്. അതുകൊണ്ടുതന്നെ ഞാന്‍ മാനസികമായി തളര്‍ന്നിട്ടില്ല.

*2. ഒരു മതവിശ്വാസിക്ക് പ്രത്യേകിച്ച് ഒരു സന്യാസിനിക്ക് അപ്രാപ്യമായ ഒരു ചുവടുവെയ്പ്പാണ് ഈ എതിര്‍ചിന്തകള്‍. ഇത് ശരിയാണെന്ന് തോന്നുന്നുണ്ടോ? ഉണ്ടെങ്കില്‍ കഴിഞ്ഞ കാലം ജീവിച്ചത് തെറ്റാണെന്ന് വരുമോ?*

**സി.** ഞാന്‍ ചെയ്ത കാര്യം തന്നെ പറയാം. ഫ്രാങ്കോ എന്ന വ്യക്തി ഒരു കന്യാസ്ത്രീയെ പല കന്യാസ്ത്രീകള്‍ ഉണ്ടോ എന്ന് നമുക്കറിയില്ല, ലൈംഗികമായി പീഡിപ്പിച്ചു. അത് തെറ്റ് തന്നെയാണ്. അതിന് പിന്നാമ്പുറവുമില്ല, മുന്നാമ്പുറവുമില്ല. അപ്പോള്‍ അതിനോട് പ്രതികരിക്കുക. അതിന് മുമ്പുള്ള കാലഘട്ടത്തില്‍ ഇത്തരത്തില്‍ കേസുകള്‍ പുറത്ത് വന്നിട്ടില്ല. പക്ഷെ നടന്നിട്ടില്ല എന്ന് പറയാന്‍ സാധ്യമല്ല. ഞാന്‍ ഒരു വെറും സാധാരണ സന്യാസിനിയാണ്. അതുകൊണ്ടുതന്നെ പ്രതികരിക്കേണ്ട സാഹചര്യം ഇതിനു മുമ്പ് എനിക്ക് വന്നിട്ടില്ല. പുരോഹിതരുടെ അധികാരം, ശുശ്രൂ



ഷയാണെന്ന് മറന്നുള്ള പ്രവര്‍ത്തനങ്ങളില്‍ വേദനിക്കുന്ന ധാരാളം പേര്‍ ഇന്നുണ്ട്. മുന്‍പും പിന്‍പും ശരിയാണ് എന്നല്ല. ഇപ്പോള്‍ പ്രതികരിക്കാന്‍ സാഹചര്യം ലഭിക്കുന്നത് കൊണ്ട് ചെയ്യുന്നു എന്നു മാത്രം.

*3. ആശയവും പ്രവൃത്തിയും ഒത്തിണങ്ങാത്ത ഒരു ചീട്ടുകൊട്ടാരമാണ് സഭ എന്ന് ഞാന്‍ പറഞ്ഞാല്‍ നിഷേധിക്കുമോ?*

**സി.** ഇല്ല, പക്ഷേ ഭാഗികമായി ചേര്‍ന്നു പോകുന്നവരുമുണ്ട്. ഭൂരിഭാഗംപേരും പറയുന്നത് ഒന്ന്, പ്രവര്‍ത്തിക്കുന്നത് മറ്റൊന്ന്. കാരണം ഇവരുടെ ജീവിതത്തില്‍ റിയാലിറ്റീസ് വളരെ കുറവാണ്. റിയല്‍ കുടുംബം എന്താണെന്ന് മനസ്സിലാക്കുവാന്‍ അവര്‍ക്ക് സാഹചര്യം ഇല്ല. പിന്നെ സാഹചര്യങ്ങളില്‍പ്പെട്ട് എന്തൊക്കെയോ പ്രസംഗിക്കുന്നു. അതിനപ്പുറം ഒന്നുമില്ല. ഉദാഹരണത്തിന് പ്രസംഗത്തില്‍ ക്ഷമിക്കാന്‍ പറയുന്ന വികാരിയച്ചന്‍ എന്നോട് എങ്ങനെയാണ് പെരുമാറുന്നത് എന്ന് പൊതുസമൂഹം കണ്ടതാണല്ലോ.

*4. ദൈവത്തെ സംരക്ഷിക്കാൻ, അല്ലെങ്കിൽ വിശ്വാസത്തെ തെരുവിൽ, അക്രമത്തിന്റെ മേൽക്കുപ്പായത്തിനുള്ളിൽ കാണേണ്ടിവരുമ്പോൾ മതസ്ഥാപനങ്ങളുടെ മൂല്യങ്ങൾ ഒരു ചോദ്യചിഹ്നമാണ്. ആരായിരിക്കും യഥാർത്ഥ വിശ്വാസി?*

**സി.** സ്നേഹിക്കാൻ കഴിയുന്ന മനുഷ്യനാണ് യഥാർത്ഥ വിശ്വാസി. ഞാനൊരു സി.ഡി. ഇറക്കിയിരുന്നു. അതിലെ ഒരു പാട്ടിന്റെ വരികൾ ഇപ്രകാരമാണ്.

"മനുഷ്യ നീയാണ് മതമെന്നറിയൂ
നിന്നുള്ളമാണീ ദേവാലയം
സ്നേഹിച്ചാൽ നീ വിശ്വാസിയായി
കാരുണ്യം പ്രാർത്ഥനയായി"

സ്നേഹിക്കുന്നവൻ ഹിന്ദുവാണോ. മുസ്ലീമാണോ, ക്രിസ്ത്യാനിയാണോ എന്ന വ്യത്യാസമില്ല. അവൻ വിശ്വാസിയല്ല എന്ന് പറഞ്ഞാൽ പോലും സ്നേഹമുള്ളവൻ യഥാർത്ഥ വിശ്വാസിയായിരിക്കും.

*5. സത്യം, ദയ, കരുണ എന്ന് നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്ന സഭ എന്തുകൊണ്ടാണ് ഈ സന്യാസിനികൾക്ക് മുൻപിൽ നീതിയുടെ വാതിൽ കൊട്ടിയടക്കുന്നത്?*

**സി.** ഞാൻ മനസ്സിലാക്കിയിടത്തോളം സഭയ്ക്ക് പേടിയാണ്. സഭ പറയുന്നുത് ഇവർ സഭയെ ചീത്തയാകുകയാണ് എന്നാണ്. സഭയുടെ ഉൾക്കളികൾ പുറത്ത് വരുമെന്ന ഭയത്തിൽ നിന്നാണ് ഇത്തരം ഭീഷണികൾ ഉണ്ടാവുന്നത്. സഭയ്ക്ക് നല്ല മുഖമാണ് ഉള്ളതെന്നത് അവരുടെ തെറ്റിദ്ധാരണയാണ്. സഭയിൽ എത്ര തെറ്റുണ്ടെങ്കിലും അത് അംഗീകരിച്ച്, ഉദാഹരണമായി ഫ്രാങ്കോയുടെ വിഷയത്തിൽ അദ്ദേഹം അത് അംഗീകരിച്ചില്ലെങ്കിൽ പോലും കത്തോലിക്കാസഭാനേതൃത്വവും വിശ്വാസി സമൂഹവും അംഗീകരിച്ചിരുന്നെങ്കിൽ ലോകത്തിന് മുൻപിൽ അത് വലിയ ഒരു സാക്ഷ്യമായേനെ. തെറ്റ് സംഭവിക്കരുത് എന്നതല്ല സഭയുടെ മുഖം. തെറ്റ് സംഭവിക്കാം. അത് അംഗീകരിക്കുന്നതാണ് ധാർമികമായ ക്രൈസ്തവീകത. അല്ലാതെ അത് മൂടിവെച്ച് ഇരയായവരെ വിമർശിക്കുകയും ചെയ്യുമ്പോൾ അതിന് ഗൗരവം കൂടുതലാണ്. അങ്ങനെ വരുമ്പോൾ സഭയുടെ കാഴ്ചപ്പാടുകൾ തന്നെ തകർന്നടിയുകയാണ് എന്നതാണ് സത്യം.

*6. ഏകാധിപത്യപരമായ പൗരോഹിത്യം പുരുഷാധിപത്യത്തിന്റെ മറ്റൊരു മുഖമാണെന്ന് പറഞ്ഞാൽ നിഷേധിക്കുമോ?*

**സി.** നിഷേധിക്കാൻ സാധ്യമല്ല. അതിൽ കഴമ്പുണ്ട്. കാരണം കേരളത്തിൽ പുരുഷമേധാവിത്വം കുറച്ച് അധികമാണ്. അത് സഭയുടെ ഹൈറാർക്കിയിലും പ്രകടമാണ്. വിശ്വാസികളാണ് മതം. വിശ്വാസികളാണ് വിശ്വാസം. അവരെ കൂടാതെ ഒരു നേതൃത്വം ഇല്ല. നേതൃത്വം അല്ല പ്രശ്നം ആധിപത്യമാണ്. ദാസന്മാരുടെ ദാസൻ എന്നാണ് സഭയിലെ ഉന്നതനായ മാർപ്പാപ്പ പോലും സ്വയം വിശേഷിപ്പിക്കുന്നത്. അതാണ് ശരി. പക്ഷേ നിലവിൽ ഈ ദാസന്മാർ എടുക്കുന്ന റോൾ മറ്റൊന്നായി മാറിയിരിക്കുന്നു. മഠത്തിൽ സുപ്പീരിയർ എന്നാണ് അധികാരിയെ വിളിക്കുക. അങ്ങനെയല്ല പറയേണ്ടത് സിസ്റ്റർ ശുശ്രൂഷക എന്ന് പേരിടട്ടെ. അപ്പോൾ അറിയാതെ ശുശ്രൂഷാമനോഭാവം വരും.

*7. മതം എന്ന് പറയുന്നത് മാറ്റങ്ങളെ ഉൾക്കൊള്ളാൻ കഴിയാത്ത ഒരു വ്യവസ്ഥാപിത ചിതൽപ്പുറ്റാണ്. മാറ്റങ്ങളെ ഉൾക്കൊള്ളുന്നവർ വിമതരായി മാറുന്നു. മുന്നോട്ടുള്ള പോരാട്ടങ്ങളെ ഒന്ന് വിശദീകരിക്കാമോ?*

**സി.** സത്യത്തെ തന്നെ ആഞ്ഞ് പുൽകുക അതിൽ നിന്ന് യാതൊരു മാറ്റവും ഇല്ല. ആരെയും ദ്രോഹിക്കണമെന്ന്, വിമർശിക്കണമെന്ന് ആഗ്രഹിക്കുന്നില്ല. നീതി കിട്ടേണ്ടിടത്ത് അത് ലഭിക്കണം. സഭയിലെ നിരവധി അഴിമതികളും മറ്റും പരസ്യമായി കഴിഞ്ഞു. കുറെ ഇന്നും രഹസ്യമായിട്ടുണ്ട്. അതിൽ മാറ്റം നിർബന്ധമായും ഉണ്ടാവണം. അല്ലെങ്കിൽ അത് നശിക്കും.

*8. മതവിശ്വാസികളിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. പക്ഷേ ഇന്ന് സ്ത്രീ, മതം (വിശ്വാസം) എന്നത് ഇരുധ്രുവങ്ങളിലായി ചിത്രീകരിക്കേണ്ട വാക്കുകളായി മാറിയിരിക്കുന്നു. സിസ്റ്റർ എന്ന നിലയിൽ (സ്ത്രീ) വിശ്വാസത്തെയും സ്ത്രീ സമൂഹത്തെയും ഒന്ന് കൂട്ടിയിണക്കാമോ?*

**സി.** വിശ്വാസത്തിൽ കൂടുതൽ പ്രകടിപ്പിക്കുന്ന സ്ത്രീകളാണ് എന്നതാണ് ശരി എന്ന് തോന്നുന്നു. വിശ്വാസം എന്നത് ആരുടെയും അളക്കാൻ കഴിയുകയില്ല. ദൈവം ഏകനാണ്. അത് പല പേരുകളിൽ അറിയപ്പെടുന്നു എന്ന് മാത്രം. പ്രകടനാത്മക ഭക്തി വെച്ച് വിശ്വാസത്തെ അളക്കുക സാധ്യമല്ല. ശബരിമല വിഷയത്തിൽ അതിന്റെ ഹൈന്ദവപാരമ്പര്യം കൃത്യമായി എനിക്കറിയില്ല. എങ്കിലും എന്റെ അഭിപ്രായത്തിൽ ആഗ്രഹിക്കുന്നവർ പോകട്ടെ. എന്തിനാണ് ഇത്രയും പ്രശ്നങ്ങൾ ഉണ്ടാക്കുന്നത്. മാറ്റങ്ങൾ ഉണ്ടാവണമെങ്കിൽ തീർച്ചയായും ധീരമായ ചുവടുവെയ്പ്പുകൾ ഉണ്ടാവണം. നിരവധി അനാചാരങ്ങളെ എതിർത്ത് തോൽപ്പിച്ചതും നമ്മൾ ധീരമായ ചുവടുവെയ്പ്പുകളിലൂടെയാണ്.

*9. സമത്വത്തിനുവേണ്ടിയുള്ള പോരാട്ടം സഭയുടെ നിയമങ്ങൾക്ക് എതിരാണെന്ന് സഭ നിലപാട് എടുത്തുകഴിഞ്ഞു. മറ്റൊരു സിസ്റ്റർ ജെസ്മിയെ സൃഷ്ടിക്കാൻ സഭ താൽപര്യപ്പെടുന്നില്ല എന്നതാണോ സിസ്റ്റർ ഇന്നും ഈ സന്യാസി സമൂഹത്തിന്റെ ഭാഗമായി തുടരുന്നതിന്റെ അടിസ്ഥാനം?*

**സി.** എന്റെ കാര്യത്തിൽ അധികാരികൾ എടുക്കാവുന്ന നടപടികൾ എടുത്തുകഴിഞ്ഞു. എനിക്ക് ലഭിച്ചിരിക്കുന്ന രണ്ട് വാണിങ്ങ് ലെറ്ററുകൾ അതിന്റെ അവസാനത്തേതാണ്. അതിൽ കൂടുതലൊന്നും അവർക്ക് ചെയ്യാനില്ല. പക്ഷേ ഞാൻ അടിസ്ഥാനപരമായി എന്റെ വ്രതങ്ങൾ തെറ്റിച്ചു എന്ന് സമ്മതിക്കില്ല. ഒരു വർഷത്തെ സാലറി ഞാൻ കൈമാറിയിട്ടില്ല. പക്ഷെ അത് എന്റെ ആവശ്യത്തിനല്ല ഞാൻ ഉപയോഗിച്ചത്. സോഷ്യൽ വർക്കിനാ



ണ്. അത് ദാരിദ്ര്യം എന്ന വ്രതത്തിന്റെ ലംഘനമാണെന്ന് പറയുന്നത് എനിക്ക് മനസ്സിലാകുന്നില്ല. ചെയ്യേണ്ട നല്ല കാര്യങ്ങളെ പുസ്തകം, സിഡി, ലൈസൻസ് മുതലായ കാര്യങ്ങളെ നിഷേധിച്ചവരാണ് വ്രതം ലംഘിച്ചത് എന്നാണ് ഞാൻ പറയുക. വ്രതങ്ങൾ ലക്ഷ്യമല്ല, സ്നേഹത്തിലേക്ക് നയിക്കാനുള്ള മാർഗമാണ്. എന്നാൽ ചിലരതിനെ ലക്ഷ്യമായിട്ടാണ് കാണുന്നത്. ലക്ഷ്യം സ്നേഹത്തിന്റെ പൂർണ്ണതയാണ്.

*10. ഇത്രയധികം വ്യക്തിഹത്യ ചെയ്യപ്പെട്ടിട്ടും എന്തുകൊണ്ടാണ് ഈ വ്യവസ്ഥാപിത സമൂഹത്തിന്റെ ഭാഗമായി തുടരുന്നത്. പുറത്തിറങ്ങിയാൽ ഈ പോരാട്ടങ്ങൾക്ക് ജനപിന്തുണ ലഭിക്കില്ല എന്ന ഭയമാണോ?*

**സി.** ഒരിക്കലുമില്ല, ജനപിന്തുണക്കുവേണ്ടി ഞാൻ ഒന്നും ചെയ്തിട്ടില്ല. സമരത്തിന് പോയത് എന്റെയുള്ളിലെ തീക്ഷ്ണത മൂലമാണ്. പിന്നെ അപ്പോൾ സംസാരിക്കാൻ മീഡിയകൾ വിളിക്കുന്നു എന്ന് വരും. ഇനിയും അത് പ്രതീക്ഷിക്കാമോ എന്നറിയില്ല. കുറെപ്പേർ സപ്പോർട്ട് ചെയ്യുന്നു, കുറെപ്പേർ വിമർശിക്കുന്നു. രണ്ടും ഒരുപോലെയാണ് ഞാൻ കാണുന്നത്. എനിക്ക് പറയാനുള്ളത് ഞാൻ ആരുടെ മുൻപിലും പറഞ്ഞാണ് ശീലം. ഈ സമൂഹത്തിൽ നിന്നും പുറത്ത് പോകാത്തത് വ്രതങ്ങൾ ഒന്നും ഞാൻ തെറ്റിച്ചിട്ടില്ല. പിന്നെ സന്യാസ സഭയിൽ സ്വതന്ത്രമായ മനസ്സോടെ വന്നതാണ്. ആരുടെയും പിന്തുണയോടെ വന്നതല്ല. അപ്പോൾ വ്യക്തമായ ഒരു തീരുമാനം എനിക്കുണ്ട്. ഇത് ഒരു Way of Life ആണ്. കേരളീയ സമൂഹം തന്നെയാണ് ഈ ഉടുപ്പിടൽ എന്തോ വലിയ സംഭവമാണെന്ന് കരുതുന്നത്. ഇത്തരം ഒരു മാനസികാവസ്ഥയെക്കുറിച്ച് അല്ലെങ്കിൽ ദ്രോഹിക്കപ്പെടും എന്ന് ഞാൻ ചിന്തിക്കുന്നില്ല.

*11. ആട്ടിൻകുട്ടിയുടെ പുറംകുപ്പായമണിഞ്ഞ ഒരു സമൂഹത്തെ നീതിയുടെ അല്ലെങ്കിൽ സമത്വത്തിന്റെ ആശയം കൊണ്ട് നേരിടാനാകും എന്നതാണോ ഈ പോരാട്ടങ്ങളുടെ കാതൽ?*

**സി.** വെള്ളയടിച്ച കുഴിമാടങ്ങളെ എന്ന് ക്രിസ്തു വിളിച്ചതുതന്നെ, ക്രിസ്തു ശരിക്കും എത്രയോ കാലം നിലവിലിരുന്ന പോരായ്മകളെ ഇല്ലായ്മ ചെയ്തു എന്നറിയാമോ.....? പറയുന്നത് ഒരാളാണെങ്കിലും അത് ഈ പ്രപഞ്ചത്തിൽ സത്യമാണെങ്കിൽ നിലനിന്നിരിക്കും. മാറ്റത്തിന് പ്രേരണയാകുകയും ചെയ്യും. നന്മക്കായി നമ്മൾ പോരാടുമ്പോൾ അത് എന്നെങ്കിലും ഫലമണിയും. അത് തന്നെയാണ് എന്റെ പ്രവർത്തനങ്ങളുടെ കാതൽ. പോരാട്ടം എന്ന് പറയാൻ പറ്റില്ല. എങ്കിലും ഇത് ഒരു റിസ്ക്കാണ്. സമരപ്പന്തലിൽ പോകും എന്ന് ഞാൻ കരുതിയതല്ല. പക്ഷെ പിന്തുണയാകേണ്ടവർ വിമർശിച്ചപ്പോൾ പോകേണ്ടി വന്നു എന്ന് മാത്രം.

*12. സ്ത്രീ പുരുഷ തുല്യതയും വിശ്വാസവും ഒരു പക്ഷേ കേരളത്തെ 18-ാം നൂറ്റാണ്ടിലേക്ക് തിരികെ കൊണ്ടുപോയ വിഷയം. സിസ്റ്ററിന്റെ കാഴ്ചപ്പാട് എന്താണ്?*

**സി.** എന്റെ അഭിപ്രായത്തിൽ സമത്വം എന്ന് പറയുമ്പോൾ സ്ത്രീ പുരുഷനേക്കാൾ വലുത് അല്ലെങ്കിൽ പുരുഷൻ സ്ത്രീയേക്കാൾ വലുത് എന്നല്ല അർത്ഥം. സ്ത്രീക്കും പുരുഷനും അവരവരുടേതായ ശാരീരിക-മാനസിക സവിശേഷതകൾ ഉണ്ട്. അത് ആയിരിക്കുന്ന അവസ്ഥയിൽ അവരുടെ വ്യക്തിത്വത്തെ ബഹുമാനിച്ച് അംഗീകരിക്കുമ്പോഴാണ് സമത്വം എന്നത് പൂർണ്ണമാകുക. വ്യത്യസ്ഥതകളുടെ സൗന്ദര്യത്തെ അംഗീകരിക്കുക എന്നത് തന്നെയാണ് അതിന്റെ ശരി. ചെറിയ ക്ലാസ് മുതൽ തന്നെ തരംതിരിവ് ഉണ്ട്. വിദ്യാഭ്യാസ കാലത്ത് ഉണ്ടാകുന്ന ഈ വേർതിരിവാണ് മുതിർന്ന സമൂഹത്തിന്റെ അപകടപരമായ പെരുമാറ്റത്തിന് കാരണം എന്ന് കരുതാം.

*13. സ്ത്രീ സ്വാതന്ത്ര്യത്തിന് വിലങ്ങുതടിയാണ് ബൈബിളും സഭയുമെന്ന വിശകലനം നടത്തിയത് അമേരിക്കൻ സ്ത്രീ വിമോചക പ്രവാചക എലിസബത്ത് കാഡിസ്റ്റാമറൺ ആണ്. എന്താണ് ഈ ചിന്തയോട് സിസ്റ്ററിന്റെ അഭിപ്രായം.?*

**സി.** എനിക്ക് അതിനോട് ചേരാൻ പറ്റില്ല. കാരണം ക്രിസ്തു സ്ത്രീകളെ അംഗീകരിച്ചിരുന്നു, ബൈബിളും. പക്ഷേ ഇന്ന് സഭയുടെ ഫ്യൂഡൽ അധികാരവ്യവസ്ഥയാണ് സ്ത്രീയെ അംഗീകരിക്കാത്തത്. മതം മനുഷ്യൻ സൃഷ്ടിച്ചതാണ്. ക്രിസ്തു പോലും ഒരു മതവും സൃഷ്ടിച്ചിട്ടില്ല. മതത്തിനപ്പുറമാണ് ശരിക്കും വിശ്വാസം.

■





**ആയിഷ മെഹമൂദ്**
പ്രക്ഷോഭക, എഴുത്തുകാരി
നർമ്മം കൊണ്ട്
ചിരിപ്പിക്കുന്നു, ചിന്തിപ്പിക്കുന്നു
സ്ത്രീവാദ കൈത്തുന്നൽ കൊണ്ട്
പ്രകോപിപ്പിക്കുന്നു

# അല്ലാഹുവാകാൻ കൊതിച്ച ഒരു പെൺകുട്ടിയുടെ കഥ

**ലാ** ഹൗലാ!!! അല്ലാഹു മരിക്കേ??? അല്ലാഹുവിനു മരണമില്ല. അവനു രൂപവും പങ്കുകാരുമില്ല

ആയിരത്തി തൊള്ളായിരത്തി എൺപത്തിയേഴ്! മുട്ടറ്റം ഉള്ള ഫ്രോക്കും മിനുക്കിയ ഷൂസും ഇട്ട് ആദ്യമായി എന്നെക്കാളും നീളമുള്ള പേരുള്ള സെന്റ് ജോസഫ്സ് ആംഗ്ലോ ഇന്ത്യൻ ഗേൾസ് ഹൈസ്കൂളിന്റെ പടി കേറാൻ നിൽക്കുന്ന ഫ്യൂച്ചർ മഹതിയായ ഞാൻ. ചട്ടക്കാരികളുടെ സ്കൂളായതു കൊണ്ട്, 'വാട്ടീസ് യുവർ നെയിം' എന്ന് പറഞ്ഞാല് 'മൈ നെയിം ഈസ് ആയിഷ' എന്ന് ശ്വാസം വിടാതെ ഇസ്തിരി വടിവിൽ നിന്ന് പറയാൻ ഒക്കെ പഠിപ്പിച്ചിട്ടുണ്ട്. എന്നെ സ്കൂളിൽ കൊണ്ടു പോകാൻ വരേണ്ട സൈക്കിൾ റിക്ഷക്കാരൻ ആലിക്കാക്ക ആദ്യ ദിവസം തന്നെ ഡ്യൂട്ടിക്ക് വന്നില്ല. അന്നേ മനസ്സിലാക്കണമായിരുന്നു, ഞാനൊന്നും പഠിച്ചിട്ട് ഒരു കൊണവുമില്ല എന്ന് പടച്ചവന്റെ സൈൻ ആയിരുന്നു അതെന്ന്. ആദ്യത്തെ ദിവസമായത് കൊണ്ട്, എന്റെ മനസ്സു മാറുന്നതിനു മുമ്പേ എളാപ്പന്റെ കൂടെ മൂപ്പരുടെ ലംബ്രട്ട സ്കൂട്ടറിൽ എന്നെ വേഗം കേറ്റി വിട്ടു.

പുതിയ ബാഗും, റെയിങ്കോട്ടും, വാട്ടർ ബോട്ടിലും, സൂസും ഇട്ട് അണിഞ്ഞൊരുങ്ങിയ ഞാൻ വളരെ ഗ്രാണ്ടായി എൻട്രി ചെയ്ത് ചുറ്റും നോക്കിയപ്പം എന്നെക്കാളും മുന്തിയ എനങ്ങളുണ്ട് ഔടിരുന്ന് വെടി കൊണ്ട് പന്നിയേള പോലെ മുയിച്ച് നോക്കുന്നു. ഒരുത്തി നെലത്തൊക്കെ വീണ് നെലോളിച്ച് അട്ടം വെറപ്പിക്കുന്നുണ്ട്. എനിക്ക് ചെറിയ ഒരു കരച്ചിലും വെപ്രാളവും ഇത്തിരെ ബേജാറും തോന്നി തുടങ്ങി, 'ഇനിപ്പം, എന്നെ ഇസ്ക്കോള് എന്നും പറഞ്ഞ് സൈഡിലൂടെ ഉപ്പേം ഉമ്മേം ഒയിവാക്കിയതാണൊ? നി ഞാൻ വീടും കുടീം ഒന്നും കാണൂലെ? അബിനേം കൊണ്ടോയീന് ഇസ്ക്കോളിലേക്ക്ന്നും പറഞ്ഞ്. ഇനി ഒന്നും നോക്കാനില്ല, എന്നെ നൈസായി ഒഴിവാക്കിയതാ!!! മാക്സിമം സൈസില് തൊള്ള പൊളിച്ച് ഞാനും മുഴക്കി നീട്ടത്തിലൊര് സൈറൻ. ഇടക്കിടെ ഏറ്റക്കണ്ണിട്ട് അടുത്തുള്ളോള് എന്റത്രേം പോരുന്നുണ്ടോ എന്നും നോക്കുന്നുണ്ട്, പിന്നെ ഒലിച്ച് വരുന്ന കണ്ണീര് നക്കാനും മറക്കുന്നില്ല. കൊറേ കാറിയപ്പം എനിക്ക് മടുത്തു തൊടങ്ങി. അടുത്തിരിക്കുന്ന വമ്പത്തി കരച്ചിലൊക്കെ നിർത്തി മൂപ്പത്തീന്റെ ഞെക്കിയാ തൊറക്ക്ന്ന പെൻസിലു പെട്ടി വെച്ച് പൊരിഞ്ഞ ഷോ ഓഫ്. ഒരു പെണ്ണ്ങ്ങള് മുമ്പില് നിന്ന് എന്തൊക്കെയോ കോപ്രായം കാട്ട്ന്ന്ണ്ട്, എടയില് ഒരു മുട്ടായിയും കിട്ടി. കിട്ടിയ മുട്ടായി തൊള്ളെയിലാക്ക്ന്ന മുമ്പെ അട്ത്തിരിക്ക്ന്ന വില്ലത്തി അത് വാങ്ങി തിന്നു. ക്ലാസ് കയിഞ്ഞ് പൊറത്ത് കാത്ത് നിക്കുമ്പം വീണ്ടും വമ്പത്തി, 'ഗിവ് മീ സം വാട്ടർ'. ഞാൻ മുയിച്ചു നിന്നു. അത് വീട്ടിന്നും പറഞ്ഞു തന്നിട്ടില്ലാലോ.. എന്നാലും ഞാൻ വിട്ട് കൊടുത്തില്ല

'മൈ ഫാദേഴ്സ് നെയിം ഈസ് മഹമൂദ്'. എന്റെ വാട്ടർബോട്ടിലു തട്ടി പറിച്ച് വെള്ളം കുടിക്കാൻ തൊടങ്ങിയ ഓക്ക്, രണ്ടും കല്പിച്ച് ഞാൻ മുട്ടിനിട്ട് ഊക്കിലൊരു ചവിട്ട് കൊടുത്തു. അടുത്ത സീനില് എന്റെ വാട്ടർ ബോട്ടില് പറന്നു പോയി അടുത്ത തൊടീല്!

എങ്ങനെയൊക്കെയോ ഉച്ചയായി, ഉപ്പ വന്ന് വീട്ടിലേക്ക് കൂട്ടി. മാതാപിതാക്കളിലുള്ള വിശ്വാസം എനിക്ക് വർധിച്ചു, എന്നെ ഏതായാലും ഒഴിവാക്കൂല എന്ന് ഒറപ്പായി. കച്ചറത്തൊട്ടീന്നും കിട്ട്യതാണെങ്കിലും എനിക്ക് ചെറിയ ഒരു വെലയൊക്കെ ഉണ്ട് വീട്ടില്.

ഒരു ദിവസത്തെ കഠിനാധ്വാനം കഴിഞ്ഞു വന്ന വകയില് സമൂസപണ്ടം നെറച്ച ബന്നും പാലൊയിച്ച് വലിച്ച് നീട്ടിയ ചായേം കിട്ടി. ക്ഷീണമൊക്കെ മാറി ഒരുഷാറൊക്കെ വന്നപ്പം ഞാൻ ഇസ്ക്കൂളിലെ എന്റെ മഹത് വ്യക്തിത്വത്തെ കുറിച്ച് ഒരു പ്രസംഗം ആരംഭിച്ചു. അബി വരുന്ന മുമ്പെ ഞാനാണു വമ്പത്തി എന്ന് സംശയമേന്യ തെളിയിക്കണം. എന്റെ ഏക ഉദ്ദേശം അതാണ്. ഉപ്പാപ്പ മുതല് സാവിത്രേച്ചി വരെ എന്റെ തൊള്ളേന്നും വീഴുന്ന അറിവിന്റെ മുത്തുകള് പെറുക്കാൻ ചുറ്റും കൂടി നിൽക്കുന്നുണ്ട്. കോമാളി ഞാനാണെന്ന് ആ ചെള്ള് പ്രായത്തില് എനിക്ക് മനസ്സിലാവണ്ടെ?



അബി വന്ന് ബന്നും തിന്ന് ഓന്റെ ബഡായികളും വിളമ്പിയ ശേഷം, എന്റെ ജീവിതത്തിന്റെ വഴിത്തിരിവായ ചോദ്യം എന്നോട് ഉണർത്തപ്പെട്ടു. ആരാണത് ചോദിച്ചത് എന്ന് എനിക്ക് വലിയ ഓർമ്മയില്ല. ജമീല്ത്താന്റെ എളേ മോള് രെഹനത്താത്തയാണെന്നാണ് എന്റെ ചെറിയൊരു ഓർമ്മ. ചോദ്യം ഇതാണ്, 'വലുതായിട്ട് അനക്ക് എന്താ ആവണ്ടീത്?'

'എനക്ക് പ്ലെയിൻ പറപ്പിക്ക്ന്ന ആളായ മതി. പിന്നെ പോലീസുകാരനും.' യാതൊരു അഹങ്കാരമോ അത്യാർത്തിയോ സങ്കോചമോ കാണിക്കാണ്ട് അബി പ്രഖ്യാപിച്ചു.

വിരലു വായിന്നും പുറത്തെടുത്ത അനി, വളരെ ആത്മവിശ്വാസത്തോടെ പറഞ്ഞു, 'അനിക്ക് ഫൈറ്റർമാനായാ മതി.' സ്പൈഡർമാൻ എന്ന വലിയ ഉദ്യോഗത്തിൽ മയങ്ങിയ കണ്ണുകള്.

അടുത്തത് എന്റെ ഊഴമാണ്, ഞാൻ വളരെ ഗൗരവത്തില് പറഞ്ഞു, 'നിക്ക് ബെല്തായാ, അട്ത്ത അല്ലാഹുവായാ മതി.'

അതാകുമ്പോൾ വെലിയ എടങ്ങേറ്ള്ള പണിയല്ലാലോ? കുറ്റം ചെയ്യുന്നോരെ നരകത്തില് കൊണ്ട് പോയി എണ്ണ ചൂടാക്കി പൊരിക്കൽ, വെള്ളം ചോദിക്കുമ്പോൾ ഇഞ്ഞാമ പറഞ്ഞാ പോലെ തീവെള്ളം തൊള്ളേയ്ലേക്ക് കമ്ത്തി കൊടുക്കുക. പിന്നെ നല്ല കുട്ട്യോക്ക് സ്വർഗ്ഗത്തിന്നും കൊറേ കാഡ്ബറീസും പുല്ല്മുട്ടായീം ഐസ്ക്രീമും കൊടുക്കുക. പിന്നെ എല്ലാരും നിസ്ക്കരിക്ക്ന്ന കണക്കെടുക്കുക കാര്യമായ പണിയൊന്നുമില്ല. ഇപ്പത്തെ പടച്ചോന്റെ കാലശേഷം ആ കസാലമ്മല് കേറി ഇരിക്കല്, അത്രേയുള്ളൂ.

എല്ലാരും ബയങ്കരം ചിരീം ഉമ്മ വെക്കലും ഓടിപ്പോയി മറ്റ്ള്ളോരോട് പറയലും. ഒറ്റ ദൌസം കൊണ്ട് എന്റെ ഫ്യൂച്ചർ പ്രജകളൊക്കെ എന്റെ സപ്പോർട്ടേർസായി! പരമാനന്ദം. ആരെയൊക്കെ നരകത്തില് ഇടും എന്നതിന്റെ ഒരു റഫ്ഫ് എസ്റ്റിമേറ്റൊക്കെ എന്റെ അടക്ക തലയില് ഞാന് കണക്ക് കൂട്ടി വെച്ചിരുന്നു. ഉപ്പാപ്പക്ക് സുബർക്കത്തിലെ പൊന്നോണ്ട് ഇണ്ടാക്കിയെ പൊര കൊട്ക്കാം.

അങ്ങനെ എടക്കെടക്ക് അബിനേം അനിനേം ബാക്കിള്ളോലേം എന്റെ മനസ്സും സൌകര്യോം അനുസരിച്ച് സ്വർഗ്ഗത്തിലും നരകത്തിലും മാറ്റി പാർപ്പിച്ചും, ഭീഷണിപ്പെടുത്തിയും കാലം കഴിഞ്ഞു പോയി. എന്റെ പടച്ചോൻ ഉദ്യോഗം ഉമ്മയും പരമാവധി ഉപയോഗപ്പെടുത്തി അല്ലാഹു ആവാനുള്ളത് കൊണ്ട് ദിവസവും സ്കൂളിൽ പോണം, നിസ്ക്കാരം ഒന്നും ഒയിവാക്കാൻ പറ്റൂല, വാശി പിടിക്കാനോ തലപ്പിരാന്തെടുപ്പിക്കാനോ പാടില്ല, ബസീലിള്ളത് മുഴുവനും ബിസ്മീം കൂട്ടി തിന്നണം, പാല് മുഴുവനും കുടിക്കണം, എന്റെ ടോയ്സ് ബാക്കിള്ളോർക്കും കളിക്കാൻ കൊട്ക്കണം, അബിനേം നെസിനേം നേനനേം ആരേം തല്ലാനോ, പിച്ചാനോ, കടിക്കാനോ അറിയാതെ തള്ളി ഇടാനോ ഒന്നും പാടില്ല. ആകെ മൊത്തം ബീർപ്പയക്കാൻ പറ്റാത്ത അവസ്ഥ! എന്നാലും ഉമ്മക്ക് നരകത്തിലെ രണ്ട് ചീഞ്ചട്ടി എണ്ണയൊയിച്ച് തെളപ്പിച്ച് ഞാന് മനസ്സില് കരുതി വെച്ചു.. ഓവറായാല് വറുത്ത് കോരി വാലാൻ വെക്കാലോ?

അങ്ങനെ ദുനിയാവിന്റെ ഓരോ കാര്യത്തിൽ തീർമാനെട്ത്ത് വെരുന്നേയ്ന്റെ എടയില്, കിനാവില് പോലും നിരീക്കാത്ത ഒരു ബല വന്ന് ന്റെയും

**'ലാ ഹൗലാ!!! അല്ലാഹു മരിക്കേ??? അല്ലാഹുവിനു മരണമില്ല. അവനു രൂപവും പങ്കുകാരുമില്ല.' ഞാൻ തകർന്നു പോയി. ആ ഒരു ഉദ്യോഗ ത്തിനു വേണ്ടി ഞാൻ നടത്താത്ത ത്യാഗങ്ങളുണ്ടോ ആർക്കെങ്കിലും അറിവ്? ചില്ലറ ലിറ്റർ പാലാ എന്നെ ക്കൊണ്ട് ഉമ്മ കുടിപ്പിച്ചത്? ചില്ലറ ചോറാ ഞാൻ ബെയ്ച്ചത്? എത്തറ മുട്ടായിയാണ് ഞാൻ പങ്കു വെച്ചത്!!! ഇഞ്ഞി ഞാൻ എന്താക്കും? നരകത്തിലിടണ്ടോരെയൊക്കെ ഞാൻ എവടെ കൊണ്ടോയി ഇടും? ഇമ്മായിരി ഒരു ചതി പടച്ചോൻ കാണിക്കാൻ പാടില്ലെയ്നി! ബാക്കിള്ളോർക്കും ഇല്ലെ ആഗ്രഹങ്ങള്. അബിയാണെ ങ്കില് ഭയങ്കരം കൊസീലാ എന്റെ പണി കിട്ടുന്നതിന്റെ മുമ്പെ തെറിച്ചല്ലോ?**

അബിന്റെയും ബസീറിന്റെയും നിസാത്താന്റെയും നെസിക്കാന്റേം ഇത്തിരി പോന്ന ചെവികള് പൊന്നാക്കി. ഓത്ത് പഠിപ്പിക്കാന് ഒര് മൊല്ലാക്ക!!! 'എങ്ങനക്കോ കയ്യും കാലും പുടിച്ചിട്ടാ' അസ്സനി ക്കാക്ക അയാളെ ഒപ്പിച്ചത്. അയിന്റെ നന്ദി സൂചക മായി അസ്സനിക്കാന്റെ പേര് ഞാന് നരകത്തിലേക്ക് അയക്കുന്നോരെ റെജിസ്റ്ററില് എഴുതി ചേർത്തു.

ആദ്യത്തെ ദൌസം അലിഫ് ബാ താ സാ. ഉസ്താദ് സാ പറയുമ്പോളൊക്കെ തുപ്പലു തെറിച്ചു. ഞാൻ പതുക്കെ മൂത്രം പാത്തണം എന്നും പറഞ്ഞു കഴിയുന്നത്ര നേരം മൂത്രം പാത്തി തിരിച്ച് വന്ന് അബിന്റെ ഇപ്പറത്തിരുന്നു. ഇപ്പും തുപ്പലു മുയുമനും അബിന്റെ മേത്താ. ഞാൻ ഓനെ നോക്കി ഓരോ പ്രാവശ്യം ഉസ്താദ് 'സാ' പറയുമ്പോളും കിളിച്ചു, അങ്ങനെ ഉസ്താദ് തന്ന ആദ്യത്തെ പൊന്നിന്റെ ചെവി ഞാൻ സ്വന്തമാക്കി. സ്ലേറ്റില് എഴുതി തന്ന അറബി അക്ഷരം മാക്സിമം ടൈം കളഞ്ഞ് എഴുതി ഉസ്താദ് പോകുന്ന വരെ നീട്ടി കൊണ്ട് പോകാൻ ഞാൻ പഠിച്ചു.

'തൊണ്ടെയിലെ ഖുഫ്റ് എതൊക്കെയാ?'

'ഖ' ഞാൻ

'ഗ്ര' അബി

'കഫം' ബസീറ്.

അന്നത്തോടെ ബസീറിനെ ഉസ്ത്തായിന് കണ്ണെടുത്താ കണ്ടൂടാണ്ടായി.

ഉസ്താദ് വായിക്കുമ്പം എല്ലാരെയും ചെവി അടുക്കളയിലാ, ഉമ്മാമ്മ ചായ എടുക്കുന്നതിന്റെ സൗണ്ട് കേട്ടാല് എല്ലാർക്കും പിന്നെ ഭയങ്കര ഉഷാറാ, കെടാൻ പോവുമ്പോഴുള്ള ആളിക്കത്തല്. ചായ വന്നാല് അതും കുടിച്ച് നിസ്ക്കാരോം കയിഞ്ഞ് ഉസ്താദ് സ്ഥലം വിടും. ആ ഒരു നിമി ഷത്തിന്റെ സൌന്ദര്യം വേറെ ആരു പോവുമ്പോഴും ഇന്നേ ദിവസം വരെ ഞാൻ കണ്ടിട്ടില്ല.

അങ്ങനെ ഒരു ദിവസം ഉസ്താദ് 'അറബി മലയാളം' പാഠാവലി സിലബസിൽ അവതരിപ്പിച്ചു. ഞാനാണ്, ആദ്യം വായിക്കണ്ട ആള്. ഓരോ പ്രാവശ്യം തെറ്റിക്കുമ്പോഴും ചെവിയിട്ട് തിരിച്ച് തിരിച്ച് ശരിയാവുന്നത് വരെ എന്നെ ട്യൂൺ ചെയ്തു കൊണ്ടിരുന്നു.

'ഇസ്ലാം കാര്യങ്ങള് അഞ്ച് ഒന്ന് അല്ലാഹു വല്ലാതെ മറ്റൊരു ദൈവം' എന്റെ ചെവിന്റെ ട്യൂണിങ്ങ് മുറുകി വരുന്നുണ്ട്, പക്ഷെ ഞാന് അതിലും വലിയ തരിപ്പിലാ. എന്റെ ഭാവിയും വർത്തമാനവും എല്ലാം മുട്ടിപ്പോയില്ലെ!!!

'ഉസ്താദേ ഉസ്താദേ, മറ്റോരു ദൈവമി ല്ലാന്ന് പറഞ്ഞാലെന്താ?' ഞാൻ ദയനീയമായി ചോയിച്ചു.

'എന്നു പറഞ്ഞാല് അല്ലാഹുവല്ലാതെ വേറൊരു റബ്ബും ഇല്ലാന്ന്'

'അപ്പം ഈ അല്ലാഹു മരിച്ചാലോ?' ഞാൻ അവസാനത്തെ അപ്പീലു മാതിരി ചോയിച്ചു.

'ലാ ഹൗലാ!!! അല്ലാഹു മരിക്കേ??? അല്ലാ ഹുവിനു മരണമില്ല. അവനു രൂപവും പങ്കുകാരു മില്ല.' ഞാൻ തകർന്നു പോയി. ആ ഒരു ഉദ്യോഗ ത്തിനു വേണ്ടി ഞാൻ നടത്താത്ത ത്യാഗങ്ങളുണ്ടോ ആർക്കെങ്കിലും അറിവ്? ചില്ലറ ലിറ്റർ പാലാ എന്നെ ക്കൊണ്ട് ഉമ്മ കുടിപ്പിച്ചത്? ചില്ലറ ചോറാ ഞാൻ ബെയ്ച്ചത്? എത്തറ മുട്ടായിയാണ് ഞാൻ പങ്കു വെച്ചത്!!! ഇഞ്ഞി ഞാൻ എന്താക്കും? നരകത്തിലിട ണ്ടോരെയൊക്കെ ഞാൻ എവടെ കൊണ്ടോയി ഇടും? ഇമ്മായിരി ഒരു ചതി പടച്ചോൻ കാണിക്കാൻ പാടില്ലെയ്നി! ബാക്കിള്ളോർക്കും ഇല്ലെ ആഗ്രഹ ങ്ങള്. അബിയാണെങ്കില് ഭയങ്കരം കൊസീലാ എന്റെ പണി കിട്ടുന്നതിന്റെ മുമ്പെ തെറിച്ചല്ലോ?

എനിക്ക് ഭയങ്കരമായി വയറു വേദനിച്ചു. ഞാൻ കരയാൻ തൊടങ്ങി. അന്നു മുയുമനും ഞാൻ വയറു വേദന കാരണം തിന്നാണ്ടും കളിക്കാണ്ടും കിടന്നുറങ്ങി. പിറ്റേന്ന് ഇസ്ക്കൂളിലും പോയില്ല. എല്ലാം പോയില്ലെ.

**പെൺപക്ഷം**



അജിത കെ.

# വിശ്വാസം-ആചാരം ആർക്കുവേണ്ടി?

**ഓ**രോ മനുഷ്യന്റെ ജീവിതത്തിലും താൻ ജനിച്ചുവീണ മതവും തുടർന്ന് വളർന്നു വരുന്ന സാമൂഹ്യ സാഹചര്യങ്ങളും തന്റെ ലിംഗ പദവിയും എല്ലാം ചേർന്ന് ഒരാളുടെ വിശ്വാസം എന്തായിരിക്കണമെന്ന് തീരുമാനിക്കുന്നു. ആ വിശ്വാസം കുറെ മുതിർന്നു കഴിഞ്ഞാൽ ആ വ്യക്തിക്കുണ്ടാകുന്ന സാമൂഹ്യ-രാഷ്ട്രീയ തിരിച്ചറിവുകളുടെ അടിസ്ഥാനത്തിൽ കുറേയൊക്കെ പരിഷ്ക്കരിക്കപ്പെടാറുണ്ട്. ആ വിശ്വാസത്തിന്റെ നേരെ എതിരായ നിലപാടുകൾ ആളുകൾ എടുക്കണമെങ്കിൽ അത്ര മാത്രം പിടിച്ചു കുലുക്കുന്ന അനുഭവങ്ങൾ അവർക്കുണ്ടാവണം. അത്തരം മാറ്റങ്ങളും പക്ഷെ, ചരിത്രത്തിൽ ഉണ്ടാവാറുണ്ട്.

ഇത്രയും ഞാൻ പറഞ്ഞത് നമ്മുടെ സാമൂഹ്യ ജീവിതത്തിൽ മതവിശ്വാസവും ജാതി വ്യവസ്ഥയും പുരുഷാധിപത്യവ്യവസ്ഥിതിയുമെല്ലാം ചെലുത്തുന്ന സ്വാധീനങ്ങളൊന്നും തന്നെ കേവലമല്ല, ആപേക്ഷികമാണെന്നും കാലാന്തരേണ ഇതിനെല്ലാം തന്നെ പല ചെറുതും വലുതുമായ മാറ്റങ്ങൾ സംഭവിക്കുമെന്നും ചൂണ്ടിക്കാട്ടാനാണ്. നൂറ് വർഷങ്ങൾക്കു മുമ്പുള്ള കേരള ചരിത്രത്തിൽ തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും വഹിച്ച പങ്ക് നിർണ്ണായകമായിരുന്നു. ജാതിയുടെ പേരിലും ലിംഗപദവിയുടെ പേരിലും എന്തെല്ലാം വൃത്തികേടുകളാണ് മറ്റൊരു വാക്കിൽ പറഞ്ഞാൽ മനുഷ്യാവകാശ നിഷേധങ്ങളാണ് നടന്നത്. യൂറോപ്പിലും മറ്റും ആഫ്രിക്കൻ ജനതയെ അടിമക്കച്ചവടം നടത്തിയിരുന്ന, ആ അടിമ വ്യവസ്ഥിതിയുടെ ഫലമായുണ്ടായ അമേരിക്ക എന്ന രാജ്യവുമൊക്കെ ചരിത്ര സത്യങ്ങളല്ലേ? ഇന്ന് നമുക്കതേപ്പറ്റി ചിന്തിക്കാനേ ആവുന്നില്ല.

പക്ഷെ, ഇന്നും ആർത്തവത്തിന്റെ പേരിൽ തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും വീണ്ടും തല പൊക്കുന്നു. അത് തിരിച്ചുകൊണ്ടു വരാൻ വേണ്ടി മതവിശ്വാസത്തിന്റേയും ദൈവ വിശ്വാസത്തിന്റേയും പേരിൽ സാധാരണ സ്ത്രീകൾ അണിനിരത്തപ്പെടുന്നു! മലമൂത്രവിസർജ്ജനം പോലെ സ്ത്രീക്കു മാത്രമുണ്ടാകുന്ന ജൈവപ്രക്രിയയാണല്ലോ ആർത്തവം.

ആർത്തവം 'നോർമൽ' അല്ലെങ്കിൽ അത് ബാധിക്കുന്നത് ഗർഭപാത്രത്തെയാണ്, അതിലൂടെ സന്താനോല്പാദനത്തെയാണ്. ഈ ശേഷി ഇല്ലെങ്കിൽ ആണായാലും പെണ്ണായാലും ട്രാൻസ്ജെൻഡറായാലും ജനിക്കുന്നതേയില്ല. മലവും മൂത്രവും നേരാംവണ്ണം പോകേണ്ടത് ഓരോ വ്യക്തിയുടെയും ശാരീരിക നിലനില്പ്പിന്നാവശ്യമാണെങ്കിൽ ആർത്തവം നേരാംവണ്ണമുണ്ടാകേണ്ടത് ഭാവി തലമുറയുടെ നിലനില്പ്പിന്നുതന്നെ നിർണ്ണായകമാണ്. ആ പ്രക്രിയയോട് ദൈവങ്ങൾക്ക് വിമ്മിഷ്ടമുണ്ടാകേണ്ട കാര്യമെന്ത്?

വിശ്വാസത്തിന്റേയും ആചാരത്തിന്റേയും പേരിൽ ലിംഗപദവിയുടെ അടിസ്ഥാനത്തിലുള്ള അവകാശനിഷേധങ്ങൾ ഭരണഘടന പറഞ്ഞാലും സുപ്രീം കോടതി കല്പിച്ചാലും രാഷ്ട്രീയമായി ഉയർത്തിക്കൊണ്ടുവരുന്ന, ചരിത്രത്തെ പുറകോട്ടു വലിക്കുന്ന ശക്തികൾ ആരായാലും എതിർക്കപ്പെടേണ്ടതല്ലേ?

**ഇന്നും ആർത്തവത്തിന്റെ പേരിൽ തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും വീണ്ടും തല പൊക്കുന്നു. അത് തിരിച്ചുകൊണ്ടു വരാൻ വേണ്ടി മതവിശ്വാസത്തിന്റേയും ദൈവവിശ്വാസത്തിന്റേയും പേരിൽ സാധാരണ**





**കുക്കു ദേവകി**
അഭിഭാഷക, പ്രക്ഷോഭക

# സ്ത്രീ വിശ്വാസം ആത്മീയത

വിശ്വാസത്തിൽ സ്ത്രീക്കുള്ള പങ്ക് പരിശോധിക്കുകയാണെങ്കിൽ വളരെ പരിതാപകരമാണ്. സ്ത്രീയെ പ്ലെയ്സ് ചെയ്തിരിക്കുന്നത് 'ചിറ്റായ്മ'കൾക്കിടക്കാണ്. ചിറ്റായ്മ എന്നതുകൊണ്ട് ഉദ്ദേശിച്ചത് മലയ്ക്കു പോകുന്ന പുരുഷന് അവന്റെ എല്ലാ കാര്യങ്ങളും ചെയ്തുകൊടുക്കുക എന്നതിനാണ്. മണ്ഡലകാലമായാൽ സ്ത്രീയെ സംബന്ധിച്ച് ദുരിതകാലമാണ്. അതിരാവിലെ എണീറ്റ് ആ തണുപ്പിൽ കുളിച്ച് വീടും പരിസരവും വൃത്തിയാക്കണം. അയ്യപ്പനായ പുരുഷൻ കുളിച്ചു വരുമ്പോൾ അയാൾക്കുള്ള ഭക്ഷണം തയ്യാറാക്കി കൊടുക്കണം എന്നുതുടങ്ങി അയാൾക്കാവശ്യമുള്ള എല്ലാ കാര്യങ്ങളും ചെയ്തുകൊടുക്കണം.

അതുമാത്രമല്ല ആ സമയത്ത് പീരീഡ്സ് ആയിക്കഴിഞ്ഞാൽ അത്രയും നാൾ അയാൾക്ക് ചെയ്തുകൊടുത്തതിന്റെ നന്ദി വാക്കു പോലുമില്ലാതെ ആ വീട്ടിൽ നിന്നും പുറത്താക്കപ്പെടും. അതിനിടയിൽ അയാൾ മലക്കു പോവുകയാണെങ്കിൽ ആ പരിസരത്തേക്കൊന്നും വരാൻ പോലും പാടില്ല. ദൂരെ ഏതെങ്കിലും ഇടത്തിൽ നിന്നും കാണാം. ഈ ആർത്തവഅയിത്തം ആ സ്ത്രീയെ അവിടെ നിന്നും അകറ്റി നിർത്തും. വീട്ടിലെ ആരെയും തൊടാൻ പോലും ആകാതെ അയിത്തപ്പെട്ട് ആ സ്ത്രീക്ക് വേറെ എവിടെയെങ്കിലും നിൽക്കേണ്ട സാഹചര്യം ആണുള്ളത്.

ഞങ്ങളുടെ നാട്ടിൽ കണ്ടുവരുന്ന വിശ്വാസമാണ് നാഗവിശ്വാസം. അതിൽ ഏറ്റവും പ്രധാനപ്പെട്ട പരിപാടിയാണ് സർപ്പക്കളം. അതിൽ സർപ്പത്തിനു തുള്ളലുണ്ട്. പ്രധാനമായ മൂന്ന് നാഗങ്ങൾക്കാണ് ഞാൻ തുള്ളൽ കണ്ടിട്ടുള്ളത്. 'മണിനാഗം, കരിനാഗം, കന്നിനാഗം' എന്നിവയാണ് ആ നാഗങ്ങൾ. ഈ നാഗങ്ങൾക്കുവേണ്ടി തുള്ളുന്നത് സ്ത്രീകളാണ്. ആ സർപ്പക്കളം മുഴുവൻ തുള്ളി ഈ നാഗങ്ങളായ സ്ത്രീകൾ മായ്ക്കണം. വളരെ പണിപ്പെട്ട് തുടയെല്ലാം ഉരഞ്ഞ് പൊട്ടി ഒക്കെയാണ് അവർക്കത് ചെയ്യേണ്ടി വരിക. എനിക്കത് കാണുമ്പോൾ വിഷമം വരാറുണ്ട്. ആ പെൺ നാഗങ്ങളെയോർത്ത്. ആ സമയത്തുള്ള പൂജാദി കർമ്മങ്ങളെല്ലാം ചെയ്യേണ്ടത് പുരുഷൻമാരാണ്. എപ്പോഴും എവിടെയും പൂജാദി കർമ്മങ്ങൾ ചെയ്യുക പുരുഷനാണ്. അമ്പലങ്ങളിൽ പള്ളികളിൽ എന്നുവേണ്ട മിക്ക ആരാധനാലയങ്ങളിലും



ദൈവത്തിന്റെ തൊട്ടടുത്ത് നിൽക്കുന്നത് പുരുഷ നാണ്.

എന്റെ വീട്ടിൽ അതിപുരാതന അനുഷ്ഠാന ദൈവങ്ങളായ 'ചാത്തൻ, കോന്നൻ' എന്നിവയൊക്കെയുണ്ട്. അതെല്ലാംതന്നെ അസംസ്കൃതദൈവങ്ങളാണ്. ആ ദൈവങ്ങളുടെ വിശ്വാസ ആചാരങ്ങൾ വളരെ റിച്ച്വലിസ്റ്റിക് ആണ്. കള്ളും തവിടും നേദിക്കൽ തുടങ്ങിയ പരിപാടികളാണ് മുഖ്യം. എന്റെ അച്ചമ്മ ജീവിച്ചിരുന്ന സമയത്ത് അവർ ഈ കർമ്മങ്ങളെല്ലാം ചെയ്യുന്നത് കണ്ടിട്ടുണ്ട്. എനിക്ക് തോന്നുന്നത് അസംസ്കൃതദൈവങ്ങൾക്ക് ആൺ/പെൺ എന്ന വ്യത്യാസങ്ങളില്ല. മനുഷ്യർക്കേയുള്ളൂ എന്നാണ്. ദൈവങ്ങൾ സംസ്കൃതപ്പെടുമ്പോൾ ആൺ/പെൺ ബൈനറികളിൽ പ്പെടുന്നു.

നമ്മുടെ പല അനുഷ്ഠാനങ്ങൾ ബ്രാഹ്മണിക്കൽ ആചാരങ്ങൾക്ക് വഴിമാറി കൊടുത്തതാണ് ഇത്തരം പ്രശ്നങ്ങൾക്കെല്ലാം മുഖ്യകാരണം. ബ്രാഹ്മണ്യത്തിൽ വലിയവൻ/ചെറിയവൻ, ആൺ/പെൺ എന്നീ ദ്വന്ദ്വങ്ങളൊക്കെയുണ്ട്. ബ്രാഹ്മണിക്കൽ ആചാരങ്ങൾ എന്ന് നമ്മുടെ അനുഷ്ഠാന ആചാരങ്ങളിൽ കൈകടത്തിയോ അന്നു മുതൽ പെണ്ണിന്റെ സ്ഥാനം ചിറ്റായ്മകളിലാണ്. അതിന് അപവാദമായി വന്ന ആൾദൈവമായ മാതാഅമൃതാനന്ദമയിയെയും നിയന്ത്രിക്കുന്നത് പുരുഷൻമാർ തന്നെ. അമൃതാനന്ദമയിയെ ആത്മീയതയുടെ സ്ത്രീരൂപമായി പലരും കാണുന്നുണ്ടെങ്കിലും അവർ കെട്ടിയിടപ്പെട്ട സ്ത്രീ ആയിട്ടു തന്നെയാണ് എനിക്കുതോന്നിയിട്ടുള്ളത്. പിന്നെ അവർ പ്രക്ടീസുചെയ്യുന്ന ആത്മീയത സമൂഹത്തിന് ഏറ്റവും പ്രതിലോമകരമായിട്ടുള്ളതാണ്.

ഇനിയും ഇവിടെ സ്ത്രീവിശ്വാസങ്ങൾക്കോ സ്ത്രീ ആത്മീയതക്കോ ഉള്ള ഇടങ്ങൾ ഉരുത്തിരിഞ്ഞുവന്നിട്ടില്ല. സ്ത്രീകൾ ബോധപൂർവ്വം ആത്മീയ ഇടങ്ങളിലേക്കും വിശ്വാസ ഇടങ്ങളിലേക്കും എത്തിച്ചേരേണ്ടത് കാലത്തിന്റെ ആവശ്യകതയാണ്.

■



**റോസി തമ്പി**
എഴുത്തുകാരി, അദ്ധ്യാപിക
മലയാള വിഭാഗം, ചാലക്കുടി
സേക്രഡ് ഹാർട്ട്സ് കോളേജ്


# വിശ്വാസം ഒരു തെളിച്ചമുള്ള പകൽ



മനുഷ്യനിൽ സൃഷ്ടിയിൽതന്നെ നന്മയും തിന്മയും ഒരുപോലെ നിറഞ്ഞിരിക്കുന്നു. സ്വയം നശിപ്പിക്കാനും മറ്റുള്ളവരെ നശിപ്പിക്കാനും കഴിവുള്ള ഏക ജീവി മനുഷ്യൻ മാത്രമാണ്. അതുപോലെ സ്വയം നന്നാകാനും മറ്റുള്ളവയെ നന്നാക്കാനും ആ ജീവിവർഗ്ഗത്തിനു കഴിയും. ദേഷ്യവും പകയും അസൂയയും കോപവും കൊണ്ട് ജീവരാശിയെ മുഴുവൻ നശിപ്പിക്കാനുള്ള വിഷവിത്ത് മനുഷ്യജീവിയിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. ആ സർവ്വനാശത്തിൽ നിന്ന് മനുഷ്യരെ രക്ഷിക്കുന്നതിന് മനുഷ്യർ തന്നെ കണ്ടുപിടിച്ച മാർഗ്ഗങ്ങളാണ് മതവും ദൈവവും. താൻ ചെയ്യുന്നതെല്ലാം മുകളിലിരുന്ന് തന്നെക്കാൾ ശക്തിയുള്ള മറ്റൊരാൾ കാണുന്നുണ്ട് എന്ന ബോധമാണ് ദൈവം മനുഷ്യർക്കു നൽകുന്നത്. ഈ പ്രപഞ്ചവും അതിലെ ജീവജാലങ്ങളും സൃഷ്ടിച്ചത് ആ ദൈവമാണ്. ആ ദൈവം തന്നെയാണ് തന്നെയും സൃഷ്ടിച്ചത്. ദൈവത്തെ അനുസരിക്കുക എന്നത് മനുഷ്യന്റെ ഉത്തരവാദിത്വമാണ്. അനുസരിച്ചില്ലെങ്കിൽ ദൈവം ശിക്ഷിക്കും. അനുസരിച്ചാൽ രക്ഷിക്കും. ദൈവത്തെ അനുസരിക്കുന്നത് പുണ്യവും അനുസരിക്കാതിരിക്കുന്നത് പാപവുമാകുന്നു. അങ്ങനെ അനുസരണക്കേട് കൊണ്ട് പാപം ചെയ്താലും ദൈവം തന്റെ സൃഷ്ടിയായ മനുഷ്യരെ അനന്തമായി ശിക്ഷിക്കുകയില്ല. തെറ്റുതിരുത്തി പശ്ചാത്തപിച്ച് തിരികെ വന്നാൽ പൂർവ്വാധികം സ്നേഹത്തോടെ സ്വീകരിക്കുകയും മനോഹരമായ ജീവിതം നൽകുകയും ചെയ്യും. ഇതാണ് ഉൽപ്പത്തി മുതൽ വെളിപാടുവരെയുള്ള ബൈബിളിന്റെ ഉള്ളടക്കം. ക്രൈസ്തവരായ മാതാപിതാക്കളിൽ നിന്നും ജനിക്കുകയും ബൈബിളിന്റെ വിശ്വാസ പരിശീലനങ്ങളിൽ ജീവിക്കുകയും ചെയ്യുന്ന ഒരു വ്യക്തി സ്വന്തമാക്കുന്ന ജീവിതരീതി പൊതുവിൽ ഇപ്രകാരമായിരിക്കും. ദൈവഭയവും, ദൈവസ്നേഹവും ഒരുപോലെ ആ വ്യക്തിയിൽ രൂപപ്പെടും.

ക്രിസ്ത്യാനിക്ക് വിശ്വാസം എന്നത് “കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവും, പ്രതീക്ഷിക്കുന്നവ ലഭിക്കും എന്നുള്ള ഉറപ്പുമാണ്” (ബൈബിൾ) സെന്റ് പോൾ പറയുന്നത് “യേശുക്രിസ്തു ഉയിർത്തില്ലായിരുന്നുവെങ്കിൽ എന്റെ വിശ്വാസം വ്യർത്ഥമായേനെ” അതെ വിശ്വാസമാണ് ഉയിർപ്പ്. വിശ്വസിക്കുന്നവർക്കു മാത്രം കാണാൻ കഴിയുന്ന ഒന്നാണത്. യേശുവിന്റെ ഉത്ഥാനം ആദ്യം കാണുന്നത് അവനെ ഏറെ പ്രണയിച്ച മറിയം മഗ്ദലേനയാണ്. അവനെ സ്നേഹിച്ചവർക്കുവേണ്ടിയാണ് അവൻ ഉയിർത്തത്. ബാക്കിയുള്ളവർക്ക് അത് അത്ഭുതമോ കഥയോ ആണ്. യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു





എന്നും, ഇന്നും ജീവിക്കുന്നു എന്നും പറയാൻ കഴിയുന്നത് വിശ്വാസിക്ക് മാത്രമാണ്. വിശുദ്ധ കുർബ്ബാനയിൽ ഗോതമ്പപ്പവും വീഞ്ഞും യേശുവിന്റെ ശരീര രക്തങ്ങളായി മാറുന്നത്, അവനെ പ്രണയിക്കുന്നവർക്കു മാത്രമാണ്. സഭ യേശുക്രിസ്തുവിന്റെ മണവാട്ടി എന്നാണ് പറയുക. അതായത് വിശ്വാസികൾക്കെല്ലാം യേശുക്രിസ്തുവിനോടുള്ളത് പ്രണയമാണ്. "ഞാനല്ല യേശുക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" എന്ന് പൗലോസിനോടൊപ്പം ഏറ്റുപറയുകയാണ് ഓരോ ക്രിസ്ത്യാനിയും ചെയ്യുന്നത്. അതുകൊണ്ടാണ് മദർതേരേസക്ക് തന്റെ അനാഥക്കുഞ്ഞുങ്ങൾക്കുവേണ്ടി ഭിക്ഷ യാചിക്കുന്ന കയ്യിൽ സഹായിക്കേണ്ട വ്യക്തി തുപ്പുമ്പോൾ തന്റെ മുഷിഞ്ഞ വസ്ത്രത്തിൽ തുടച്ച് വീണ്ടും ഭിക്ഷക്ക് കൈനീട്ടാൻ കഴിയുന്നത്. ഇത്ര മാത്രം അപമാനിതനും പരാജിതനുമായൊരു മനുഷ്യപുത്രനും ദൈവപുത്രനും യേശുക്രിസ്തുവിനെപ്പോലെ മറ്റാരുമില്ല. വലിയ നോമ്പിലെ വലിയ ആഴ്ചയിലെ ഓർമ്മകളിലൂടെ കടന്നു പോകുന്ന ഒരു വ്യക്തിയെ മനുഷ്യനിർമ്മിതമായ ഒരു അപമാനവും തളർത്തില്ല. എനിക്കുമുമ്പേ എന്റെ ദൈവം അതെല്ലാം സഹിച്ചിരിക്കുന്നു എന്ന ധൈര്യമാണത്.

സഹനങ്ങളിലാണ് വിശ്വാസം ഒരാളെ ധൈര്യപ്പെടുത്തുന്നത്. കുരിശു ചുമന്നു പോകുന്ന യേശുവിനെ നിലവിളിച്ചുകൊണ്ടു പിൻതുടരുന്ന സ്ത്രീകളെ യേശു ആശ്വസിപ്പിക്കുന്നത് എത്ര കരുത്തുള്ള വാക്കുകൾ കൊണ്ടാണ്. "പച്ചമരത്തോടിങ്ങനെ ചെയ്യുമെങ്കിൽ ഉണക്കമരത്തോട് എന്തെല്ലാം ചെയ്യില്ല" ഈ സ്ഥൈര്യമാണ് തന്റേതല്ലാത്ത കുറ്റത്താൽ വന്നുചേരുന്ന ദുരന്തങ്ങളെ കടന്നുപോകാൻ ഒരു ക്രൈസ്തവ വിശ്വാസിക്ക് സ്വന്തം



വിശ്വാസം നൽകുന്ന ശക്തി. എന്നെ സംബന്ധിച്ചിടത്തോളം ക്രിസ്ത്യാനിയായിരിക്കുന്നതിൽ എനിക്കു ലഭിക്കുന്ന ആനന്ദം അതാണ്.

മറിയമാണ് എന്റെ ദിവ്യനക്ഷത്രം. ആ പ്രഭയിലാണ് ഏതു കൂരിരുട്ടിനെയും ഞാൻ നടന്നു തീർക്കുന്നത്. വളരെ കുറച്ചു വാക്കുകളിൽ മാത്രമാണ് ബൈബിളിൽ മറിയം വിവരിക്കപ്പെടുന്നതെങ്കിലും യേശുവിനോടൊപ്പം നില്ക്കുന്നുണ്ട് അമ്മ മറിയം. ആ അമ്മയും മകനും ചേർന്നാണ് ലോകത്തെ പുനർനിർമ്മിച്ചത്. പുതിയ നിയമം സൃഷ്ടിച്ചത്. പഴയ നിയമത്തിലെ ശിക്ഷകനായ ദൈവത്തിനു പകരം സ്നേഹ സമ്പന്നനായ, എന്റെ അപ്പനാണ് എനിക്ക് എന്റെ ദൈവം എന്നാണ് യേശു ലോകത്തോട് പറഞ്ഞത്. 'നീ വിശ്വസിക്കുന്നുവോ" എന്നാണ് ഓരോ അത്ഭുത പ്രവർത്തിക്കു മുമ്പും യേശു തന്റെ മുന്നിൽ അങ്ങനെ ഒരു ആവശ്യവുമായി വരുന്നവരോട് ചോദിച്ചിരുന്നത്. "ഉവ്വ്" എന്ന അവരുടെ ഉത്തരങ്ങളായിരുന്നു അത്ഭുതങ്ങളായി അവർക്കു മുന്നിൽ രൂപപ്പെട്ടത്. അത്ഭുതങ്ങളുടെ അത്ഭുതം എന്നു പറയുന്ന ലാസറിന്റെ ഉയിർപ്പു പോലും സംഭവിക്കുന്നത് അവന്റെ സഹോദരിമാരായ മർത്തയുടെയും മറിയത്തിന്റെയും സ്നേഹവും വിശ്വാസവും കൊണ്ടാണ്" "ലാസർ ഉറങ്ങുകയാണ്" എന്നാണ് യേശു അവരെ ആശ്വസിപ്പിച്ചത്.

അമ്മ മറിയത്തിന്റെ സ്ഥൈര്യം നമുക്ക് ബോധ്യപ്പെടുത്തുന്ന ശില്പമാണ് 'പിയാത്ത'. മതവും ഭരണകൂടവും ചേർന്ന് ഏറ്റവും നിന്ദ്യമായി മരത്തിൽ തറച്ചുകൊന്ന മകന്റെ ജഡം മടിയിൽ ഇരുത്തി തലകറങ്ങാതെയിരിക്കുന്ന ആ അമ്മയാണ് ക്രൈസ്തവ വിശ്വാസത്തിന്റെ കാതൽ. ആ ശില്പം നോക്കിക്കണ്ട് 'രക്തസാക്ഷിയേക്കാൾ




വലുതാണ് രക്തസാക്ഷിയുടെ അമ്മ'യെന്ന് ഹെസ്സേ പറഞ്ഞത് ആ ശില്പത്തിലേക്ക് നോക്കുന്ന ആരും പറഞ്ഞുപോകും. തന്റെ നിശ്ചയദാർഢ്യത്താൽ ഗർഭധാരണം മുതൽ ആ അമ്മ തന്റെ ബോധ്യങ്ങളോടൊപ്പമാണ്. മകനോടൊപ്പമാണ്. മറിയംപുത്രൻ എന്നാണ് യേശു അറിയപ്പെട്ടത്. മറിയം വളർത്തിയതുകൊണ്ടാണ് യേശു, യേശുവായത് എന്ന് ഏതൊരമ്മയ്ക്കും അഭിമാനപൂർവ്വം പറയാം. കത്തോലിക്കർക്കൊരു പ്രാർത്ഥനയുണ്ട്. എന്റെ അമ്മാമ അതൊരു സുകൃതജപമായി എന്നെ പഠിപ്പിച്ചിരുന്നു. "ദുഃഖശ്ശനിയാഴ്ചയും വിശ്വസിച്ച മാതാവേ എന്നെ വിശ്വസിക്കാൻ പഠിപ്പിക്കേണമേ" എന്നാണത്. എല്ലാ പ്രതീക്ഷയും അസ്തമിച്ചുപോയ രാത്രിയിലും ഒരു വെള്ളിനക്ഷത്രം തനിക്കായ് ഉദിക്കും എന്ന ബോധ്യമാണത്.

സഭ കൂദാശകളിലൂടെയാണ് അതിന്റെ വിശ്വാസപ്രഖ്യാപനം നടത്തുന്നത്. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും തന്റെ ദൈവം തന്നോടൊപ്പം വരുന്നു എന്ന് ഒരു വിശ്വാസി അനുഭവിക്കുന്നത് കൂദാശകളിലൂടെയാണ്. "നിങ്ങളിൽ രണ്ടുപേർ ഒരേ മനസ്സോടെ എന്തു ചോദിച്ചാലും നിങ്ങളുടെ ദൈവമായ പിതാവ് നിങ്ങൾക്കതു തരും" എന്നാണ് യേശു ദൈവത്തെക്കുറിച്ച് ശിഷ്യരെ പഠിപ്പിച്ച വിശ്വാസം. എന്നിട്ട് ഇതുകൂടി പറഞ്ഞു "മക്കൾ മീനിനെ ചോദിച്ചാൽ നിങ്ങൾ പാമ്പിനെ പിടിച്ചു കൊടുക്കുമോ? മക്കൾ അപ്പം ചോദിച്ചാൽ നിങ്ങൾ കല്ലെടുത്തു കൊടുക്കുമോ? മനുഷ്യരായ നിങ്ങൾ പോലും അങ്ങനെ ചെയ്യുന്നില്ലെങ്കിൽ പിതാവായ ദൈവം അതിലും എത്രയോ അധികമാണ് തന്റെ മക്കൾക്ക് നൽകുക." ഇതാണ് ക്രൈസ്തവ വിശ്വാസം.

ആകുലതകളെ അകറ്റുന്നതാണ് വിശ്വാസം. ആകുലതകൾക്കൊണ്ട് നിങ്ങൾക്കെന്തു കാര്യം എന്നാണ്/പകരം വയലിലെ പുൽക്കൊടിയുടെയും ആകാശത്തിലെ പറവകളുടെയും സന്തോഷത്തിനു കാരണം എന്തെന്നു വിശദീകരിക്കുന്നു. മനുഷ്യാ നീ എത്ര പാടുപെട്ടാലും നിന്റെ ആയുസ്സ് ഒരു മുഴം വർദ്ധിപ്പിക്കാൻ നിനക്കു കഴിയില്ലെങ്കിൽ അനാവശ്യകാര്യങ്ങളിൽ നീ ആകുലപ്പെടുന്നത് എന്തിനെന്നാണ് സമ്പത്തെല്ലാം ശേഖരിച്ചുവെച്ച് സ്വസ്ഥമായി പത്തായത്തിനു മുകളിൽ കിടന്നുറങ്ങുന്നവനോട് യേശു ചോദിക്കുന്നത്.

പഴയനിയമത്തിന്റെ കാർക്കശ്യമായ നിയമത്തെ യേശു സ്നേഹം കൊണ്ട് തിരുത്തുന്നു. "നിയമം മനുഷ്യനു വേണ്ടിയാണ്; മനുഷ്യൻ നിയമത്തിനു വേണ്ടിയല്ല" എന്നു പഠിപ്പിക്കുന്നുണ്ട്. നിരപരാധികൾ ശിക്ഷിക്കപ്പെടാതിരിക്കുക എന്നതുതന്നെയാണ് അതിനർത്ഥം. പഴയ നിമയത്തിലെ ഓരോ നിയമങ്ങളും നിയമജ്ഞർ യേശുവിനോട് ചോദിക്കുന്നുണ്ട്. അതിനെല്ലാം യേശു മറുപടി പറയുന്നത് സ്നേഹവും വിശ്വാസവും കൊണ്ടാണ്. പരസ്പരം വിശ്വസിക്കുക; സ്നേഹിക്കുക ഇതു മാത്രമാണ് യേശുക്രിസ്തു - ലോകത്തിനു നൽകുന്ന നിയമം.

ഒരിക്കൽ യഹൂദ നിയമപണ്ഡിതർ യേശുവിനോടു ചോദിച്ചു ഒരാൾക്ക് മറ്റൊരാളോടു കോപിക്കാൻ പാടുണ്ടോ? യേശു പറഞ്ഞു. കോപിക്കാം പക്ഷേ സൂര്യൻ അസ്തമിക്കും മുമ്പേ നിന്റെ കോപം ക്ഷമിച്ചിരിക്കണം. അപ്പോൾ അവർ വീണ്ടും ചോദിച്ചു. ഒരാൾ മറ്റൊരാളോട് എത്ര പ്രാവശ്യം ക്ഷമിക്കണം. ഉത്തരം ലളിതമായിരുന്നു. "ഏഴ്, ഏഴുപതു പ്രാവശ്യം" അതെ അതാണ് ക്രിസ്ത്യാനിയുടെ വിശ്വാസം. അതിന് നിബന്ധനകളില്ല, അതി

രുകളില്ല. തെറ്റു ചെയ്യാത്ത മനുഷ്യരില്ല. അതുകൊണ്ടാണ് യേശു പഠിപ്പിച്ചത് പാപത്തെ വെറുക്കുകയും പാപിയെ സ്നേഹിക്കുകയും ചെയ്യുക എന്ന്. യഹൂദനിയമപ്രകാരം ഏറ്റവും കഠിനമായ ശിക്ഷയായ കല്ലെറിഞ്ഞു കൊല്ലുന്ന ശിക്ഷയാണ് വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീക്ക് നൽകുന്നത്. അങ്ങനെ ഒരു സ്ത്രീയെ അവർ യേശുവിന്റെ മുന്നിൽ കൊണ്ടു വന്നിട്ടു ചോദിച്ചു. നിന്റെ നിയമമനുസരിച്ച ഞങ്ങൾ ഇവളെ എന്തു ചെയ്യണം? ഉത്തരം ലളിതം തന്നെ. അതുവരെ ആരും ചിന്തിക്കാത്ത ഉത്തരം. “നിങ്ങളിൽ പാപം ചെയ്യാത്തവർ കല്ലെറിയുക” അവരുടെ കയ്യിലെ കല്ലുകൾ താഴെവീണ് അവിടെ ഒരു ചെറിയ കുന്ന് രൂപപ്പെട്ടു എന്നാണ്. എന്നിട്ടും യേശു അവളോട് പറഞ്ഞത്. “പൊയ്ക്കോളൂ ഇനി പഴയ ജീവിതത്തിലേക്ക് തിരിച്ചു പോകരുത്” എന്നാണ്. അതൊരു വിശ്വാസമാണ്. അതാണ് ക്രിസ്ത്യാനിയുടെ വിശ്വാസം. മനുഷ്യർക്ക് പരസ്പരം വിശ്വസിക്കാൻ കഴിയുക എന്നതാണ് യേശുവിന്റെ പ്രബോധനങ്ങളുടെ അന്തഃസത്ത.

ബൈബിളിന്റെ നൈതികബോധത്തിൽ നിന്നുകൊണ്ട് കത്തോലിക്കസഭ തന്റെ സന്താനങ്ങളെ ബൈബിളിന്റെ സ്വരസാന്നിദ്ധ്യത്തിലേക്ക് നയിക്കാൻ ചില പഠനങ്ങൾ ആവിഷ്ക്കരിക്കുന്നുണ്ട്. അതാണ് സഭയുടെ പഠനങ്ങൾ. മാമോദീസ, കുമ്പസാരം, കുർബ്ബാന, വിവാഹം, തിരുപട്ടം, രോഗീലേപനം എന്നിവയെല്ലാം അതാണ്. മാമോദീസ വഴി ക്രിസ്തീയ വിശ്വാസത്തിൽ പങ്കാളിയാകുന്ന ഒരു ശിശു ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ കടന്ന് രോഗീലേപനം സ്വീകരിച്ച് കർത്താവിൽ നിദ്ര പ്രാപിക്കുംവരെ വിശ്വാസം എന്ന കവചത്താൽ സുരക്ഷിതനാണ്.

ഒരു കത്തോലിക്ക കുടുംബം വിവാഹമെന്ന കൂദാശ വഴി രൂപീകരിക്കപ്പെടുമ്പോൾ ആ കുടുംബം തന്നെയാണ് ഭാര്യാഭർത്താക്കന്മാരുടെ അൾത്താര. സത്യസന്ധമായ കുടുംബ ജീവിതമാണ് അവരുടെ ബലി. കുഞ്ഞുങ്ങളാണ് അവരുടെ സ്വർഗ്ഗരാജ്യം. ആ കുടുംബത്തിലുള്ളവരുടെ പരസ്പര സ്നേഹവും വിശ്വാസവും കണ്ടിട്ടാണ് അവർ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരാണ് എന്ന് ലോകം അറിയേണ്ടത്. വിവാഹം എന്ന കൂദാശയിലൂടെ സ്ത്രീയ്ക്കും പുരുഷനും ഇടയിൽ യേശു പ്രണയമായി ദൈവസാന്നിധ്യമായി നിൽക്കുന്നു എന്നതാണ് വിശ്വാസം. അതുകൊണ്ടാണ് ദൈവം കൂട്ടിച്ചേർത്തത് മനുഷ്യർ വിടുവിക്കരുത് എന്ന് യേശു പഠിപ്പിക്കുന്നത്. അത് രണ്ട് ശരീരങ്ങൾക്കപ്പുറത്തുള്ള ആത്മാവിന്റെ കൂടിചേരലാണ്. അതുകൊണ്ട് മനുഷ്യന്റെ ദുഷ്ടത കൊണ്ട് ഒന്നിച്ചു ജീവിക്കാനാകില്ലെന്നു കരുതുന്ന ദമ്പതികളെ വേർപിരിക്കേണ്ടി വരുമ്പോൾ യഥാർത്ഥ കല്ല്യാണം നടന്നിട്ടില്ല എന്നു സ്ഥാപിക്കുകയാണ് സഭ ചെയ്യുക. മനുഷ്യർക്ക് പരസ്പരം വിശ്വസിക്കാൻ കഴിയുന്നത് അവരിൽ ദൈവം പ്രവർത്തിക്കുമ്പോഴാണ്. നിലവിലുള്ള കുടുംബസംവിധാനത്തിൽ വ്യക്തികളുടെ ഈഗോ ഏറെ കഠിനമാകുകയും അത് പരസ്പരമുള്ള പകപോക്കലായിത്തീരുകയും ചെയ്യുന്നുണ്ട്. എന്നും അതുണ്ടായിരുന്നു. എന്നാൽ ഒരു ക്രൈസ്തവ വിശ്വാസിക്ക് തന്റെ കുടുംബജീവിതത്തിൽ പങ്കാളിയുമായി എത്രമാത്രം ആശയപരമായ വിയോജിപ്പ് ഉണ്ടാകുമ്പോഴും അത് കലഹത്തിൽ അവസാനിക്കുമ്പോഴും നേരത്തെ പറഞ്ഞതുപോലെ നിന്റെ കോപം സൂര്യൻ അസ്തമിക്കുന്നതിനുമുമ്പേ ശമിക്കപ്പെടണം. ഏഴ് എഴുപതു പ്രാവശ്യം ക്ഷമിക്കപ്പെടണം, എന്നീ വാക്കുകൾ രണ്ടു പേരും ഓർമ്മിക്കുകയും സന്ധ്യാപ്രാർത്ഥനയിൽ സ്തുതി പറയുന്നതോടെ അന്നത്തെ വഴക്കു തീരുകയും അവന്റെ ഇടതുകരം അവൾക്കു തലയിണയാകുകയും വലതുകരം അവളെ ആലിംഗനം ചെയ്യുകയും ചെയ്യുന്നത്. ഇതാണ് ക്രൈസ്തവരുടെ ദാമ്പത്യവിശുദ്ധി എന്ന വിശ്വാസം. എന്നോടു കൂടെ ചേർക്കപ്പെട്ടവൾ/വൻ എന്റെ മാംസത്തിന്റെ മാംസവും ചോരയുടെ ചോരയുമാണെന്ന് രണ്ടുപേരും വിശ്വസിക്കുന്നു. അങ്ങനെയാണ് ഭൂമിയിൽ ജലത്തിൽ ഉപ്പ് എന്നപോലെ കുടുംബങ്ങളിൽ വിശ്വാസം നിറഞ്ഞു നിൽക്കുന്നത്.

മതത്തിന്റെ പുരുഷാധികാരപരമായ ചില അനുഷ്ഠാനങ്ങളെ ആണും പെണ്ണും മറികടക്കുന്നത് തങ്ങളുടെ ദൈവത്തെ പ്രേമസ്വരൂപനായി കണ്ടുകൊണ്ടാണ്. സ്ത്രീ അവളുടെ കാമുകനായും പുരുഷൻ തന്റെ കാമുകിയായും ദൈവരൂപത്തെ സങ്കല്പിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നുണ്ട്. ദൈവത്തിന് മാതൃരൂപവും പിതൃരൂപവും ദൈവത്തെ പിതൃരൂപത്തിൽ ദർശിക്കുന്ന ബൈബിളിൽ തന്നെ കാണുന്നത് അതുകൊണ്ടാണ്. “തള്ളക്കോഴി അതിന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ഒതുക്കിയതുപോലെ” എന്നൊക്കെയുള്ള വിവരണങ്ങൾ അതിനു ഉദാഹരണമാണ്.

ആത്യന്തികമായി ഒരു ക്രിസ്ത്യാനിക്ക് തന്റെ മതം നൽകുന്ന വിശ്വാസം പ്രത്യാശയാണ്. ദുഃഖവെള്ളിക്കുശേഷമുള്ള ഉയിർപ്പാണ് ഒരു ക്രിസ്ത്യാനിയുടെ വിശ്വാസം. ഏതു ദുരിതകാലത്തെയും കടന്നുപോകാൻ ഒരാൾക്കു നൽകുന്ന പ്രത്യാശയാണ് ക്രൈസ്തവ മതത്തിലെ വിശ്വാസം എന്നത്. അത് അമ്പുപെരുന്നാളിലെ പുറത്തെ ആഘോഷങ്ങൾക്കും വെടിക്കെട്ടിനും വാദ്യമേളങ്ങൾക്കും അപ്പുറത്ത് സത്രാരിയിൽ നിശ്ശബ്ദമായിരിക്കുന്ന സ്നേഹത്തിന്റെ തുടിക്കുന്ന ഹൃദയമാണ്. ഏകദേശം ഒമ്പതുവയസ്സു പ്രായത്തിൽ ആദ്യ കുർബ്ബാന സ്വീകരണത്തിനൊരുക്കുമ്പോൾ നെയ്യത്തി അമ്മാമ പറഞ്ഞുതന്ന കഥയുണ്ട്. വീഞ്ഞിൽ മുക്കി ഓസ്തി വായിൽ വെച്ചുതരുമ്പോൾ കടിക്കരുത്. കടിച്ചാൽ ചോര വരും. അത് നിന്റെ ദൈവമായ ഉണ്ണീശോയുടെ ശരീരമാണ് എന്ന്. ഇന്നും ഞാനത് കടിച്ചു നോക്കിയിട്ടില്ല. ആ വിശ്വാസം തന്നെയാണ് പകയുടെ ഏതു ദുരിതകാലത്തും മനുഷ്യരെ വിശ്വസിക്കാൻ എന്നെ പ്രാപ്തമാക്കുന്നത്.

■



വാസ്തവം



ഡോ.ജാൻസി ജോസ്

# സ്ത്രീയെന്ന വ്യക്തി

**വി**വാഹം പറിച്ചു നടലാണ്. പെണ്ണിനെ മാത്രം പറിച്ചു നടൽ. പഴയ കൂടു വിട്ട് പുതിയ കുടു തേടേണ്ടി വരുന്ന പെൺ കുട്ടികൾ എത്രമാത്രം സുരക്ഷിതത്വം അനു ഭവിക്കുന്നുണ്ടെന്ന് ആരാണ് അന്വേഷിക്കുക? ആർക്കാണ് അതിന്റെ ഉത്തരവാദിത്തം ? ആണും പെണ്ണും വ്യക്തികളാണെന്നിരിക്കെ ആണിന്റെ വ്യക്തിത്വത്തിലേക്ക് ലയിച്ചു ചേരുന്ന ഏർപ്പാടല്ലേ നിലനിൽക്കുന്നത്? പെണ്ണിന് വ്യക്തിത്വമില്ലേ?

വിവാഹിതയായ ഒരു സ്ത്രീയോട് താൻ ആരാണ് എന്നു ചോദിച്ചാൽ ഒരു പെണ്ണാണെന്നു പറയാനുള്ള അറിവു പോലും അവർക്കില്ലാതെ പോവുന്നു. അമ്മയോ ഭാര്യയോ മാത്രമാണ് അവർ. അതു മാത്രമേ അവർക്കാകാൻ കഴിയൂ എന്നാണ് അവരുടെ വിശ്വാസം. ഇഷ്ടങ്ങളും മോഹങ്ങളും ഹോമി ക്കപ്പെട്ട് തോടു മാത്രമായ പെണ്ണുങ്ങളാണ് അടുക്കളയിൽ ജീവിക്കുന്നത്. ജീവനുണ്ടെ ന്നേയുള്ളൂ അവർ ജീവിക്കുന്നില്ല. ശ്വാസമു ണ്ടെന്നേയുള്ളൂ, അവർക്ക് ജീവനില്ല. ഒരിഷ്ടം പോലും പുറത്തു പറയാനോ നേടാനോ കഴി യാത്ത മനുഷ്യൻ മനുഷ്യനാണോ? നന്നായി ഡാൻസ് ചെയ്യുന്ന വിവാഹിതയായ ഒരു പെൺകുട്ടി ഏതോ ഒരു പരിപാടിക്ക് ഡാൻസ് ചെയ്തതിന് ഭർത്താവ് ആറുമാസം ആ കുട്ടിയെ വീട്ടിൽ കൊണ്ടു ചെന്നാക്കി. പിന്നീട് മറ്റൊരു പരിപാടിക്ക്. വീണ്ടും ഡാൻസ് ചെയ്ത കുട്ടിയെ രണ്ടാഴ്ച വീണ്ടും വീട്ടിൽ കൊണ്ടു ചെന്നാക്കി യിരുന്നു. മറ്റൊരു പരിപാടിയിൽ വെച്ചാണ് ആ കുട്ടിയെ ഞാൻ കണ്ടത്. അവിടെ വെച്ചും ഡാൻസ് ചെയ്ത കുട്ടി'എത്ര നാൾ വീട്ടിൽ നിൽക്കേണ്ടി വരുമോ ആവോ' എന്ന് പറഞ്ഞ് എന്നോട് അനുഭവം പങ്കുവെച്ചതാണ് ഈ കാര്യം.

സ്ത്രീകൾ വ്യക്തികളാണ്. അവർക്ക് വ്യക്തിത്വമുണ്ട്. ഒരാളുടെ കഴിവുകൾ, താത്പ ര്യങ്ങൾ, വാസന, കർത്തവ്യങ്ങൾ എന്നിവ യെല്ലാം കൂടി ചേർന്നതാണ് അയാളുടെ വ്യക്തിത്വം. ഇതൊന്നും നിറവേറ്റാനാകാത്ത വർ വ്യക്തിത്വം നഷ്ടപ്പെട്ടവരാണ്. തീർച്ചയായും അവരുടെ വ്യക്തിത്വം തിരിച്ചുപിടിക്കാനുള്ള സാഹചര്യം ഭർത്തൃ വീട്ടിൽ ഉണ്ടാവണം. അല്ലാതെ കഴമ്പില്ല, വിവരമില്ല, കാര്യ പ്രാപ്തി യില്ല എന്നു പറഞ്ഞ് പുഛിച്ചു തള്ളിയിട്ടു കാര്യമില്ല. പെണ്ണങ്ങളെ ജീവിക്കാനുവദിക്കൂ.



അരുന്ധതി സിന്ധു. ആർ.
അദ്ധ്യാപിക, കോട്ടയം

# പ്രത്യക്ഷരക്ഷാ ദൈവസഭയും സ്ത്രീപക്ഷ ചിന്തകളും

നവോത്ഥാന മൂല്യങ്ങൾ അടിസ്ഥാനമാക്കിയുള്ള സാമൂഹ്യ പ്രശ്നങ്ങളും, അവയുടെ ഉറവിടങ്ങളിൽ പ്രത്യക്ഷമായി കാണുന്ന ജാതി-വർഗ്ഗ-വർണ്ണ ബദ്ധമായ വിവേചനങ്ങൾക്കെതിരെയുള്ള പ്രക്ഷോഭങ്ങളും കേരളത്തിന്റേയും സാംസ്കാരിക, സാമൂഹികതലങ്ങളിൽ വലിയ രീതിയിലുള്ള മാറ്റം കൊണ്ടുവന്നിരിക്കുകയാണ്. നവോത്ഥാനമെന്നതിനെ സസൂക്ഷ്മം നിരീക്ഷിക്കുമ്പോൾ അവർണ്ണ സവർണ്ണ നവോത്ഥാന ധാരകൾ ശ്രദ്ധേയമാണ്. അവർണ്ണ നവോത്ഥാനത്തിനുടമീളമുള്ള സ്ത്രീ മുന്നേറ്റത്തെ കീഴൊതുക്കിക്കൊണ്ട് അതിജീവനത്തിന്റെ കരുത്തുള്ള സ്ത്രീ ചരിത്രത്തെ പുറന്തള്ളി നിർത്തി സവർണ്ണ നവോത്ഥാനങ്ങൾ ചരിത്രത്തിൽ സ്ഥാനം പറ്റിയിരിക്കുന്നു. 14-ാം നൂറ്റാണ്ടിൽ വിരചിതമായ ചെങ്ങന്നൂരാദി ഇടനാടൻ പാട്ടുകളിൽ കാണാവുന്ന അവർണ്ണ സ്ത്രീ സാന്നിധ്യം ഇപ്പോഴും ശബരിമല വിഷയങ്ങളിലും മുന്നിട്ട് നിൽക്കുന്നു. അത്തരത്തിലുള്ള അതിജീവനത്തിന്റെ സ്ത്രീ കരുത്തുകൾ പി.ആർ.ഡി.എസ്. രൂപീകരണത്തിന്റെ മുൻപും ശേഷവും ഉണ്ടെന്നുള്ള പരിശോധനയാണ്/വായനയാണ് ഈ ലേഖനത്തിൽ കൂടി മുന്നോട്ടു വെയ്ക്കാൻ ഉദ്ദേശിക്കുന്നത്.

ആചാര ബദ്ധമായ ദൈവ-മത വ്യവഹാരങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുമ്പോൾ എന്താണ് ദൈവമെന്നും, മതങ്ങൾ പറയുന്ന ദൈവം എവിടെയിരിക്കുന്നു, ദൈവവ്യവസ്ഥകൾ എല്ലാ



പൊയ്കയിൽ അപ്പച്ചൻ (ശ്രീ. കുമാരഗുരുദേവൻ)

കാലത്തും, വംശത്തിനും ബാധകമാണോ എന്നും തുടങ്ങിയ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടാണ് പൊയ്കയിൽ അപ്പച്ചൻ (ശ്രീ. കുമാരഗുരുദേവൻ) നവോത്ഥാന ചരിത്രത്തിൽ ഇടപെട്ടത്. പി.ആർ.ഡി.എസ്. (പ്രത്യക്ഷ രക്ഷ ദൈവ സഭ) ചരിത്രം നവോത്ഥാനത്തിന്റേയും ജാതി വിരുദ്ധതയുടേയും മാത്രമല്ല വിശ്വാസ രൂപീകരണത്തിന്റേയും, അപബോധത്തിന്റേയും കൂടി ചരിത്രമാകുന്നു. അനേകം ദൈവ വിശ്വാസങ്ങളെ നിരാകരിച്ചുകൊണ്ട് ദൈവവാദങ്ങളെയും, ദൈവശാസ്ത്ര വിശകലനങ്ങളെയും, പുതിയ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ രൂപം കൊണ്ട പി.ആർ.ഡി.എസ്.ലെ വിശ്വാസത്തിൽ സ്ത്രീകളുടെ പങ്കും, സ്ത്രീ സംബന്ധമായ അഭിപ്രായങ്ങളും വളരെ പ്രബലമായിരുന്നു. പി.ആർ.ഡി.എസ്. രൂപം കൊള്ളുന്ന സമയങ്ങളിൽ പ്രബലമായിരുന്ന ഒന്നാണ് സെമറ്റിക്ക് ദൈവശാസ്ത്രവും ബ്രാഹ്മണിക്കലായ ആചാരവും വിശ്വാസ പ്രക്രിയകളും. ഇതിൽ രണ്ടിലും ദലിതർക്ക് മാത്രമല്ല

സ്ത്രീകൾക്കും കൊട്ടിയടയ്ക്കപ്പെട്ട സ്വാതന്ത്ര്യത്തിനെതിരെ അപ്പച്ചൻ അവയെ വിമർശിച്ചുകൊണ്ടുള്ള പുതിയൊരു ചിന്തയും വാദവും അവതരിപ്പിക്കുമ്പോൾ, സ്ത്രീകൾക്ക് നൽകുന്ന നിർണ്ണായകമായ പ്രാധാന്യവും പി.ആർ.ഡി.എസ്. വിശ്വാസത്തിലേക്ക് എത്തിപ്പെടുവാൻ ഒരു ജനത അനുഭവിച്ച കഷ്ടപ്പാടുകളുടേയും, ദുരിതങ്ങളുടേയും കൊലപാതകങ്ങളുടേയും രക്തച്ചൊരിച്ചിലുകളുടേയും ചരിത്രത്തിനുള്ളിലുള്ള സ്ത്രീ സാന്നിദ്ധ്യങ്ങളും അനേകമാണ്.

അപ്പച്ചൻ തന്റെ സഞ്ചാര പ്രസംഗത്തിലൂടെയും രാത്രിയോഗങ്ങളിലൂടേയും ഓരോ വ്യക്തിയോടും, കുടുംബങ്ങളോടുമുള്ള ഗാഢമായ ബന്ധം പുലർത്തുകയും അത് നിലനിർത്തി പോന്നതിനാലും, സവർണ്ണരിൽ നിന്ന് നിരന്തരം ഭീഷണികൾ നേരിടുന്നതിനാൽ അപ്പച്ചന് സ്ത്രീകൾ അടക്കമുള്ള അനുചരരും, ശിഷ്യരും, അംഗരക്ഷകരും ഉണ്ടായിരുന്നതായി ചരിത്രം പറയുന്നു. യോഗ ക്രമീകരണങ്ങൾക്കായി പുരുഷനോടൊപ്പം സ്ത്രീകളെയും അദ്ദേഹം ചുമതലപ്പെടുത്തിയിരുന്നു. ആഞ്ഞിലി മൂട്ടിൽ മാർത്ത, വലിയ കാലയിൽ ചക്കി, മുക്കാലി അന്ന, കൊച്ചുകാല അന്ന, ശിലാസ് ആശാന്റെ ഭാര്യ കുഞ്ഞമ്മ എന്നീ സ്ത്രീകൾ ഉൾപ്പെട്ടിരുന്നു. ജാതിക്കും മതത്തിനുമതീതമായി കൂലിവേലകൾ ഉപേക്ഷിച്ചു തങ്ങളുടെ സമ്പാദ്യങ്ങൾകൊണ്ട് അപ്പച്ചന്റെ കീഴിൽ പൊയ്കക്കൂട്ടരായി ഏവരും യോഗത്തിൽ സന്നിഹിതരായിരിക്കുന്നതും "സ്ത്രീയും പുരുഷനും ഒരേ ദൈവ ചൈതന്യമാകയാൽ അവർക്ക് തുല്യപദവി നൽകണം" എന്ന അദ്ദേഹത്തിന്റെ വാക്കുകളെ പ്രാവർത്തികമാക്കി വിഭാവനം ചെയ്തിരുന്നുവെന്നതിനുദാഹരണമാണ് ഈ യോഗങ്ങളിലെ സ്ത്രീ-പുരുഷ പങ്കാളിത്തങ്ങൾ. അപ്പച്ചൻ യോഗങ്ങളിൽ യഹൂദവ്യവസ്ഥയെ വിമർശിച്ചതിനാൽ അസഹിഷ്ണുതരായ സവർണ്ണ ക്രൈസ്തവ ജന്മികൾ അദ്ദേഹത്തെ ആക്രമിക്കുവാനും, വധിക്കുവാനുമുള്ള നീക്കങ്ങൾ നടത്തിയിരുന്നത്, പി.ആർ.ഡി. എസ്. അടിലഹള എന്ന പേരിൽ രേഖപ്പെടുത്തിയതാകുന്നു. ഏകദേശം നാന്നൂറോളം പേർ യോഗം നടന്നിരുന്ന പന്തൽ വളഞ്ഞ് അക്രമം അഴിച്ചു വിട്ടപ്പോൾ നിലവറക്കുഴിയിലൊളിപ്പിച്ച അപ്പച്ചന് കൊയ്ത്തരിവാളുമായി കാവൽ നിന്ന നാലു ധീര വനിതകളെയും ലഹള ശമിക്കാതെ വീട്ടിലേക്ക് പാഞ്ഞ് കയറിയ റൗഡികളെ തിളച്ച വെള്ളം കൊണ്ട് നേരിട്ട മുക്കാലിൽ അന്നയും, തവികൊണ്ടും, അരിവാൾ കൊണ്ടും ആക്രമികളെ ചെറുത്ത് നിന്ന് ഒരുവന്റെ ചെവി അറുത്തിട്ട ആഞ്ഞിലിമൂട്ടിൽ മാർത്തയും, തൂമ്പുങ്കൽ അമ്മയും കയ്യിൽ കിട്ടിയ വിറകും, ആയുധവുമായി ശത്രുക്കളെ തുരത്തിയോടിച്ച മരുതിയും, അപ്പച്ചന്റെ അംഗരക്ഷകരായിരുന്നു എന്ന കീഴൊതുക്കപ്പെട്ട ചരിത്രത്താളുകൾ ചുരുളഴിയുന്നത് സ്ത്രീ ധൈര്യത്തിന്റെയും മനക്കരുത്തിന്റേയും അതിജീവനത്തിന്റേയും അടിമ സ്ത്രീ ജീവിതങ്ങളാണ്. കുട്ടനാടൻ പ്രദേശങ്ങളിലുള്ള അപ്പച്ചന്റെ യോഗങ്ങളും പ്രഭാഷണങ്ങളും അലങ്കോലമാക്കുവാനും, ആക്രമിക്കുവാനുമായെത്തിയ സവർണ്ണ ക്രൈസ്തവരിൽ നിന്നും അദ്ദേഹത്തെ രക്ഷപ്പെടുത്തുവാൻ രാവേറെ ചെന്നിട്ടും വള്ളവുമായി കടവത്തെത്തി വഞ്ചി തുഴഞ്ഞ് ആലപ്പുഴയിലെത്തിച്ച കുമരകം ചിന്നയും, വെട്ടിയാട്ട് എന്ന സ്ഥലത്ത് വച്ചുണ്ടായ യോഗത്തിൽ ലഹളക്കാർ അപ്പച്ചനെ വധിക്കുവാനായി ശ്രമിച്ചപ്പോൾ അദ്ദേഹത്തെ സംരക്ഷിച്ച് നിർത്തി പൊരുതി രക്തസാക്ഷിത്വം വരിച്ച വെട്ടിയാടമ്മയും പി.ആർ.ഡി.

**വനിതകൾക്കായുള്ള വീവിംഗ് സ്കൂൾ സ്ഥാപിക്കുക, കരകൗശലവിദ്യയിലെ പരിശീലനത്തിലൂടെ തന്റെ ജനതയെ സ്വാശ്രയരാക്കുക എന്നീ പദ്ധതികൾ വിജയകരമായി നടപ്പിലാക്കിയതോടെ അമ്മച്ചിയുടെ നേതൃത്വത്തിൽ സ്ത്രീകൾ കൂടുതൽ ശോഭിക്കപ്പെട്ടു. സഭയ്ക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിലും, വിവിധ ശാഖാ മന്ദിരങ്ങൾ, ഓഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിലും ഇരവിപേരൂർ (പി. ആർ. ഡി. എസ്. ഹെഡ് ഓഫീസ്) സ്ഥലം കേസുകളിൽ നിന്നൊക്കെ വീണ്ടെടുക്കുന്നതിലും സഭയ്ക്ക് സംഘടനാ സംവിധാനം നേടിയെടുക്കുന്നതിലുമൊക്കെയുള്ള അമ്മച്ചിയുടെ ഇടപെടലുകളുടെ ഭാഗമായി ഉയിർക്കൊണ്ടതാണ് പി. ആർ. ഡി. എസ്. പ്രസ്ഥാനം. 1930ൽ ദലിത് സ്ത്രീകൾക്ക് ശ്രീമൂലം പ്രജാസഭയിൽ പ്രാതിനിധ്യം ലഭിക്കുന്നതിന് വേണ്ടി പി. ആർ. ഡി. എസ്. സ്ത്രീകൾ നിവേദനം സമർപ്പിച്ചതും അമ്മച്ചിയുടെ 46 വർഷത്തെ അക്ഷീണ പരിശ്രമത്തിന്റേയും ബോധവത്ക്കരണ യോഗങ്ങളുടേയും അനന്തര ഫലമാണ്.**

എസ്. ചരിത്രത്തിലെ സ്ത്രീ പ്രാതിനിധ്യത്തിൽ ജ്വലിച്ചു നിൽക്കുന്ന ധീരവനിതകളാണ്.

ആചാര ലംഘനങ്ങളും അതിന്മേലുള്ള പരിഹാരമെന്നതിന്റെ മറവിൽ നടക്കുന്ന പ്രതിഷേധ ആക്രമണങ്ങളുടെയുമൊക്കെ ആകെത്തുകയായ ജാതിബദ്ധ കേരളചരിത്രങ്ങൾ അരങ്ങേറുന്ന ഈ കാലഘട്ടത്തിലും സ്മരിക്കേണ്ടവയിലൊന്നാണ് പൗരോഹിത്യ പ്രവർത്തനങ്ങളിൽ പുരുഷന്മാർക്കൊപ്പം സ്ത്രീകൾക്കും അപ്പച്ചൻ തുല്യമായി പകുത്തു നൽകിയ സ്ഥാനമാനങ്ങൾ. അടിച്ചിറ ശോശ, കൊളക്കുറ്റി മറിയ, കുമരകം ചിന്ന, ആഞ്ഞിലിമൂട്ടിൽ മാർത്ത, അത്യാലി അമ്മ, വെട്ടിയാട് ഏലി, മർദേഘ, കുഴിയാടി മറിയ, പത്തിപ്പറമ്പിൽ ഏലി തുടങ്ങിയ സ്ത്രീകൾ സഭയിലെ പ്രധാന ആത്മീയ പ്രവർത്തകരും ഉപദേശിനിമാരും ആയിരുന്നു. സ്ത്രീ പങ്കാളിത്തത്തിനും അവരുടെ അവകാശങ്ങൾക്കുമായുള്ള യോഗങ്ങൾ അടിലഹളയിലും കലാശിച്ചിട്ടുണ്ട് എന്നത് അപ്പച്ചൻ സ്ത്രീകൾക്ക് മുൻതൂക്കം നൽകുവാനായി തന്റെ ജനങ്ങളോട് ആഹ്വാനം ചെയ്തിരുന്നു എന്നതിന് തെളിവാണ്. ചങ്ങനാശ്ശേരി ചന്തയിൽ ദളിതർക്ക് പ്രവേശനം നേടിയെടുത്തതും സ്ത്രീകളുടെ തലച്ചുമടായുള്ള പുല്ലു കച്ചവടം അവസാനിപ്പിച്ചതും ഇതിനുദാഹരണമാണ്.

1939ന് ശേഷമുള്ള അതായത് പൊയ്കയിൽ അപ്പച്ചന്റെ ദേഹവിയോഗാനന്തരമുള്ള പി.ആർ.ഡി.എസ്. ചരിത്രം വായിക്കപ്പെടുമ്പോൾ ഇന്ത്യയിലെ ആദ്യമായൊരു ആത്മീയ പ്രസ്ഥാനത്തിന് നേതൃത്വം വഹിച്ചിരുന്ന വി.ജാനമ്മ എന്ന് ഔദ്യോഗികമായി അറിയപ്പെടുന്ന അമ്മച്ചി എന്നും ദിവ്യമാതാവ് എന്നും അഭിസംബോധന ചെയ്യപ്പെടുന്ന, സ്ത്രീ ജീവിതത്തിൽ അതിജീവനത്തിന്റേയും ധീരമായ നേതൃത്വപാടവത്തിന്റേയും മാറ്റൊലി സ്ഫുരിക്കുന്ന ചരിത്ര പ്രധാനമായ വ്യക്തിത്വത്തെ നിരീക്ഷിക്കാനാവും. അച്ഛൻ, അമ്മ, മക്കൾ ബന്ധം തകർത്തെറിഞ്ഞു അടിമകളായി തെക്കും വടക്കും കിഴക്കും പടിഞ്ഞാറുമായി വിറ്റു വിലവാങ്ങിപ്പോയ കീഴാളജനതയ്ക്ക് കുടുംബം എന്നത് വളരെ പ്രധാനപ്പെട്ട ഘടകമാണ്. മാറു മറയ്ക്കൽ സമരം തുടങ്ങിയ കേരള നവോത്ഥാന സംഭവങ്ങൾ ലിംഗ സമത്വത്തിനു വേണ്ടി ഉയർത്തിയ ശബ്ദമെന്നത് പോലെ തന്നെ, കുടുംബവും അതിനുള്ളിലെ ജനാധിപത്യ പരിഷ്ക്കരണങ്ങളും പ്രാവർത്തികമാക്കുവാൻ അമ്മച്ചി (ജാനമ്മ) ശ്രമിച്ചിരുന്നു. പി.ആർ.ഡി.എസിൽ മഹിളാ സമാജം രൂപീകരിച്ചും സ്ത്രീ ആത്മീയ ഉപദേശകമാരെ നിയോഗിച്ച് അവർക്ക് പ്രത്യേക പരിശീലനങ്ങൾ നൽകി വിവിധ ശാഖകളുടെ ചുമതലയേല്പ്പിക്കുകയും ചെയ്തുകൊണ്ട് പി.ആർ.ഡി.എസ്സിനെ ആത്മീയമായും ഭൗതികമായുമുള്ള പ്രവർത്തനങ്ങളിലൂടെ മുന്നോട്ടു കൊണ്ടുപോകുവാനായി അനേകം സ്ത്രീ ശാക്തീകരണ പദ്ധതികളും അമ്മച്ചി ഒരുക്കിയിരുന്നു. സ്ത്രീ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക, വനിതകൾക്കായുള്ള വീവിംഗ് സ്കൂൾ സ്ഥാപിക്കുക, കരകൗശലവിദ്യയിലെ പരിശീലനത്തിലൂടെ തന്റെ ജനതയെ സ്വാശ്രയരാക്കുക എന്നീ പദ്ധതികൾ വിജയകരമായി നടപ്പിലാക്കിയതോടെ അമ്മച്ചിയുടെ നേതൃത്വത്തിൽ സ്ത്രീകൾ കൂടുതൽ ശോഭിക്കപ്പെട്ടു. സഭയ്ക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിലും, വിവിധ ശാഖാമന്ദിരങ്ങൾ, ഓഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിലും ഇരവിപേരൂർ (പി.ആർ.ഡി.എസ്. ഹെഡ് ഓഫീസ്) സ്ഥലം കേസുകളിൽ നിന്നൊക്കെ വീണ്ടെടുക്കുന്നതിലും സഭയ്ക്ക് സംഘടനാ സംവിധാനം നേടിയെടുക്കുന്നതിലുമൊക്കെയുള്ള അമ്മച്ചിയുടെ ഇടപെടലുകളുടെ ഭാഗമായി ഉയിർക്കൊണ്ടതാണ് പി.ആർ.ഡി.എസ്. പ്രസ്ഥാനം. 1930ൽ ദലിത് സ്ത്രീകൾക്ക് ശ്രീമൂലം പ്രജാസഭയിൽ പ്രാതിനിധ്യം ലഭിക്കുന്നതിന് വേണ്ടി പി.ആർ.ഡി.എസ്. സ്ത്രീകൾ നിവേദനം സമർപ്പിച്ചതും അമ്മച്ചിയുടെ 46 വർഷത്തെ അക്ഷീണ പരിശ്രമത്തിന്റേയും ബോധവത്ക്കരണ യോഗങ്ങളുടേയും അനന്തര ഫലമാണ്.

പി.ആർ.ഡി.എസ്സിലെ ഭൂരിപക്ഷം വരുന്ന അടിമപ്പാട്ടുകളും സ്ത്രീ കേന്ദ്രീകൃതമായവയാണ്. ഒരു ജനത നടത്തിയ വിശ്വാസ രൂപീകരണത്തിനകത്തെ സ്ത്രീ പ്രാതിനിധ്യമാണ് പി.ആർ.ഡി.എസ്. പാട്ടുകളുടെ ആഖ്യാനങ്ങളിൽ കാണുവാനാകുന്നത്. അടിമജീവിതത്തിലെ കണ്ണികളകറ്റുവാൻ അച്ഛനമ്മ മക്കളെ നാല് ദേശത്തോട്ടും വിറ്റയയ്ക്കുമ്പോൾ പായ്ക്കപ്പലിലേക്കെടുത്തിട്ട് ദൂരേയ്ക്കയക്കപ്പെട്ടവരുടെ നോവാൽ അറബിക്കടലിലെ വെള്ളത്തിന്റെ ഉപ്പുരസമായ ഓർമ്മകൾ തിങ്ങുന്ന അതിജീവനമാണ് അടിസ്ഥാന വർഗ്ഗചരിത്രം. ആയതിനാൽ കേവലം ആശ്വാസത്തിനു വേണ്ടിയുള്ളതല്ല പി.ആർ.ഡി.എസ്. വിശ്വാസമെന്നുള്ളത് മറിച്ച് അതിജീവനത്തിന്റെ ആത്മീയ-ഭൗതീക സാക്ഷാത്കാരമാണ്.


അവലംബം:

1. വ്യവസ്ഥയുടെ നടപ്പാതകൾ: ജീവചരിത്ര പുനരാഖ്യാന സമിതി സൊസൈറ്റി ഓഫ് പി.ആർ.ഡി.എസ്. സ്റ്റഡീസ്

2. പ്രത്യക്ഷ രക്ഷാ ദൈവസഭ, ഓർമ്മ പാട്ട് ചരിത്രരേഖകൾ - വി.വി. സ്വാമി, ഇ.വി. അനിൽ

3. ആദിയർ ദീപം മാസിക, ദിവ്യമാതാ ദേഹവിയോഗ അനുസ്മരണപ്പതിപ്പ്, 2019 ജനുവരി

4. ആചാര്യ ജ്യോതിസ്: ഉപവാസപ്പതിപ്പ് 2014 ജനുവരി


■



# ആചാരവും വിശ്വാസവും ക്വീയർ മനുഷ്യരും



**പ്രിജിത്ത് പി.കെ.**
ഫൗണ്ടർ, ക്വീയറിഥം
LGBTIQ കമ്മ്യൂണിറ്റി,
തിരുവനന്തപുരം

**പൊ**തുസമൂഹത്തിന്റെ സങ്കൽപ്പങ്ങൾക്കും 'നേരായ' വഴികൾക്കും അപ്പുറമാണ് എന്നും ലിംഗത്വലൈംഗിക ന്യൂനപക്ഷങ്ങളുടെ സഞ്ചാരം. നിങ്ങൾ ദ്വന്ദ്വസങ്കല്പങ്ങൾക്ക് മാത്രം സ്വീകാര്യത നൽകുമ്പോൾ നിസ്സഹായരായി മാറിനിൽക്കേണ്ടിവരുന്ന ലക്ഷക്കണക്കിന് മനുഷ്യർ ജീവിതം ഒരു ചോദ്യചിഹ്നം പോലെ കൊണ്ടുനടക്കുന്നു. പൊതുസമൂഹത്തിന്റെ ആചാരം, വിശ്വാസം, നിലനിൽപ് എന്നിവയെല്ലാം പേറുന്ന ലൈംഗിക ന്യൂനപക്ഷങ്ങൾ സദാചാരത്തിന്റെ ചില കയറ്റിറക്കങ്ങളിൽ പുറത്ത് നില്ക്കുന്നവരായി മാറേണ്ടിവരുന്നു. സമകാലിക സാമൂഹ്യരാഷ്ട്രീയ പരിസരങ്ങളിൽ നിരന്തരം സ്വന്തം രാഷ്ട്രീയം തുറന്നുപറഞ്ഞും പോരാടിയും നേടിയെടുത്ത ഇടങ്ങളിൽ നിന്നുപോലും ആട്ടിയിറക്കപ്പെടുകയും, നിങ്ങൾ ആണധികാര, സവർണ ബോധങ്ങളെ പിന്തുടർന്നാൽ മാത്രം ജീവിക്കുവാൻ അർഹരാകുന്നവരായി മാറും എന്ന വിശേഷ സൗജന്യങ്ങൾ ലഭ്യമാകുന്ന 'പ്രത്യേക' ഭാഗ്യം ലഭിക്കുവാനും ക്വീയർ മനുഷ്യർക്ക് സാധിച്ചിട്ടുണ്ട്; അല്ലാത്തവർ മുഖംമൂടിയണിഞ്ഞും ഒളിഞ്ഞും ജീവിച്ചുകൊള്ളാൻ മാത്രം വിധിക്കപ്പെട്ടവരും സമരവും പ്രതിരോധവും മാത്രം സ്വീകരിക്കാൻ വിധിക്കപ്പെട്ടവരുമായി തീർന്നു. ആരാണ് ക്വീയർ മനുഷ്യർ; ആരാണ് ക്വീയർ അല്ലാത്തത്? ഒരു ചോദ്യത്തെ മറുചോദ്യം കൊണ്ട് പൂർണമാക്കാൻ, ജീവികളുടെ ആദിമ കാലത്തേക്കൊന്നും സഞ്ചരിക്കണമെന്നില്ല. ക്വീയർ എന്നത് വൈവിധ്യമാണെന്നുമാത്രം ആമുഖമായി സൂചിപ്പിക്കാം.

പ്രകൃതിയിൽ ഒന്നുപോലെ മറ്റൊന്ന് കണ്ടെത്തുക അസാധ്യമാണെന്നിരിക്കെ സ്വത്വ പ്രകടനത്തിലും പ്രണയത്തിലും ലൈംഗിക ആഗ്രഹങ്ങളിലും മാത്രം നിങ്ങൾ ഒന്നുപോലെ ചിന്തിക്കണം എന്ന മൂഢചിന്തക്കാധാരം സാമ്പത്തികവും ആണധികാര കുടുംബവ്യവസ്ഥയും മാത്രമാണ്.

അവിടേക്കാണ് പലവർണങ്ങളുടെ വൈവിധ്യങ്ങളുടെ മഴവിൽചായങ്ങളുമായി ഒരു പിടി മനുഷ്യർ കടന്നുവരുന്നത്. പ്രകൃത്യാൽ 'അവർക്കിവിടെ' അവരാഗ്രഹിക്കുന്നപോലെ ജീവിക്കുവാൻ എല്ലാവിധ അവകാശങ്ങളും ഉണ്ടെന്നിരിക്കെ 'ഭൂമിയുടെ അവകാശികൾ' എന്ന് നടിക്കുന്ന ചിലർ അവകാശനിഷേധം നടത്തുന്നു, ഇഷ്ടത്തിനതീതരായി ജീവിക്കുവാൻ പ്രേരിപ്പിക്കുന്നു നിർബന്ധിക്കുന്നു. അടിസ്ഥാന അവകാശങ്ങൾ പോലും സൂക്ഷ്മമായി വിലയിരുത്തി പരിശോധിച്ച് നടപ്പാക്കാതിരിക്കാൻ ശ്രദ്ധിക്കുന്നു. പറഞ്ഞുവരുന്നത് ക്വീയർ സമൂഹത്തിനോട് പൊതുസമൂഹം കാട്ടുന്ന അനീതിയെക്കുറിച്ചാണ്. 'ഹെറ്ററോ നോർവേറ്റിവ്' ജീവിതവും ആചാരവും വിശ്വാസവും മാത്രമാണ് ശരിയെന്നും, അത് മാത്രമേ പിന്തുടരാൻ പാടുള്ളു എന്നും നിരന്തരം അവരോട് 'മന്ത്രിച്ചു'കൊണ്ടേയിരിക്കും. രണ്ടുതരത്തിൽ ഈ അവകാശ നിഷേധത്തെ കാണുവാൻ സാധിക്കും; ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ കാണപ്പെടുന്ന എഴുപതിലധികം ലിംഗ വൈവിധ്യങ്ങളുടെ ഹിന്ദുത്വവൽക്കരണം ആദ്യത്തേതും, അടുത്തത് യാഥാസ്ഥിക മത വിശ്വാസങ്ങളിൽ പടിക്കു പുറത്തുനിൽക്കുന്ന ക്വീയർ മനുഷ്യരുടെ നിസ്സഹായതയുമാണ്.

തുടക്കത്തിലേ പറയട്ടെ, ക്വീയർ മനുഷ്യരുടെ അതിജീവനത്തിനായി ഒരിടത്തുപോലും അവരുടെ മതമോ, വിശ്വാസങ്ങളോ, ആചാരങ്ങളോ സഹായത്തിനെത്തിയിട്ടില്ല എന്നിരുന്നാലും വ്യക്തിപരമായ തിരഞ്ഞെടുപ്പുകൾ എല്ലാവർക്കും ഉണ്ടെന്നുള്ളതുപോലെ ക്വീയർ ജീവിതങ്ങൾക്കും അത്തരം അത്താണികൾ ഉണ്ട് എന്നത് യാഥാർഥ്യമാണ്. എന്നാൽ മറ്റുള്ളവർ കരുതുംപോലെ ക്വീയർ മനുഷ്യർ എല്ലാത്തരം കെട്ടുപാടുകളും ഉപേക്ഷിച്ച സ്വതന്ത്രജീവിതങ്ങളല്ല (ലൈംഗിക അരാജകവാദികളെന്നും വേഷം കെട്ടി നടക്കുന്നവരെന്നുമുള്ള പതിവുപല്ലവികൾ നാം ഓർക്കണം). അവിടെ വിശ്വാസവും ജീവിതവും തമ്മിൽ നിരന്തരം സമരം നടക്കുന്നുണ്ട്. മതം പഠിപ്പിക്കുന്ന തെറ്റുകളും അരുതുകളും സദാചാര ലംഘനങ്ങളും നടത്തി പാപികളെന്നും കുറ്റവാളികളെന്നും വിശ്വസിച്ച് നീറിക്കഴിയുന്ന അനവധിയാളുകൾ. എവിടെയാണ് വ്യക്തിയുടെ വിശ്വാസത്തെയും മതവിശ്വാസത്തെയും ഒരുമിച്ചുകൊണ്ടുപോകാൻ സാധിച്ചിട്ടുള്ളത്; ചില വിട്ടുവീഴ്ചകൾക്കിടനൽകാതെ ഒരിക്കലുമത് സാധ്യമല്ല. ക്വീയർ മനുഷ്യർ പരിപൂർണ സ്വതന്ത്രരും, നിഷ്കളങ്കരുമാണെന്ന ധാരണയെ ആദ്യം മാറ്റിവെയ്ക്കുക. മുഖ്യധാരാ സമൂഹത്തിന്റെ നേർഛേദം തന്നെയാണ് ക്വീയർ ജീവിതങ്ങളും; അകവും പുറവും ലൈംഗികത മാത്രം കുത്തിനിറച്ചിരിക്കുന്ന വൈക്കോൽ തുറുക്കളാണ് എന്നതും തെറ്റിദ്ധാരണമാത്രം. ഇത്തരം മുൻവിധികളെ അടപടലം ഉപേക്ഷിച്ചെങ്കിലേ ക്വീയർ മനുഷ്യരുടെ ജീവിതവഴികളെ മനസിലാക്കുവാൻ സാധിക്കുകയുള്ളു.

ഭൂരിഭാഗം ക്വീയർ മനുഷ്യരും നിരന്തരം സ്വത്വ പ്രതിസന്ധിയിലും, ആശങ്കകളിലും പാപബോധത്തിലുമാണ് കഴിയുന്നത്, എന്നാൽ അവർ ആശ്വാസമെന്ന് കരുതുന്ന വിശ്വാസങ്ങളും മത ദൈവ സംവിധാനങ്ങളെല്ലാം ക്വീയർ വിശ്വാസികളെ അസുഖബാധിതരായും കുറ്റവാളികളായും മാത്രമാണ് പരിഗണിക്കുന്നത്. നിഷേധത്തിന്റെയല്ല മറിച്ച് നിസ്സഹായതയുടെ രാഷ്ട്രീയമാണ് പലരും വഹിച്ചുപോകുന്നത്. ഇന്ത്യയുടെ മതപരവും വിശ്വാസപരവുമായ ചരിത്രവഴികളിൽ ക്വിയർ വ്യക്തികൾ പ്രമുഖമായ ഇടപെടലുകളും സ്ഥാനങ്ങളും വഹിച്ചിരുന്നു എന്നതും ഓർമിക്കപ്പെടേണ്ടതാണ്. പുരാണങ്ങളിലും മറ്റ് ശില്പശിലാ രേഖകളിലും ക്വീയർ സാന്നിധ്യം പ്രകടമായിരുന്നു. ഇതെല്ലാം വിരൽ ചൂണ്ടുന്നതും മുൻകാലങ്ങളിലെ ദൃശ്യത മാത്രമാണ്. എന്നാൽ ചരിത്രവഴികളിൽ ക്വീയർ വ്യക്തികൾ കാലക്രമേണ അപമാനിതരാകാൻ മാത്രം വിധിക്കപ്പെട്ടവരായി മാറി.

ഉത്തരേന്ത്യയിൽ നിലനിൽക്കുന്ന ബദായി എന്ന അനുഷ്ഠാനം ട്രാൻസ്ജെൻഡർ സ്ത്രീകൾക്ക് അതിമാനുഷികമായ എന്തോ കഴിവുകൾ ഉള്ളതായും അവർക്കു അനുഗ്രഹിക്കുവാനും ശപിക്കുവാനുമുള്ള കഴിവുകൾ നിലനിൽക്കുന്നുണ്ടെന്നും, തങ്ങളുടെ വീടുകളിലെ വിശേഷ അവസരങ്ങളിൽ ഇത്തരം മനുഷ്യരെ ക്ഷണിക്കണമെന്നും ഒര കീഴ്‌വഴക്കം നിലനിൽക്കുന്നുണ്ട്. ഹിജഡ സംസ്കാരത്തിൽ ജീവിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്കും ഇത്തരം വിശേഷാധികാരവും ബഹുമാനവും ചിലനാടുകളിൽ നൽകിവരുന്നു. എന്നാൽ പരമ്പരാഗത മതാനുഷ്ഠാനങ്ങളിൽ, മത സ്ഥാപനങ്ങളിൽ അവരുടെ നിരവധിയായ വഴികളിൽ ഒരിടത്തും വ്യത്യസ്തമായ ലിംഗസ്വത്വത്തെ അംഗീകരിച്ചിരുന്നില്ല. അവിടെയാണ് കൃത്യമായ ആണധികാര മതബോധം പ്രവർത്തിക്കുന്നത്; ചില സവിശേഷ സ്ഥാനവും അതിമാനുഷികമായ വൈഭവങ്ങളുടെ പുകമറയും സൃഷ്ടിച്ചുകൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും ട്രാൻസ്ജെൻഡർ വിഭാഗങ്ങളെ മാറ്റിനിർത്താൻ അന്നേ കണ്ടെത്തിയ സൂത്രം മാത്രമാണിതെല്ലാം. ഹെറ്ററോസെക്ഷ്വൽ സമൂഹത്തിന്റെ എല്ലാ പൊതു ഇടങ്ങളും അവർക്കുമുന്നിൽ കൊട്ടിയടക്കപ്പെടുകയും വിശ്വാസത്തിന്റേയും ആചാരങ്ങളുടേയും പുതിയൊരു കൾട്ട് സൃഷ്ടിക്കുകയുമായിരുന്നു ചരിത്രം ചെയ്തത്. ശേഷം സ്വയം ദൈവങ്ങളെയും ആരാധനാക്രമങ്ങളും വിശ്വാസരീതികളും വികസിപ്പിച്ചെടുത്തു കൊണ്ടേയിരുന്നു. എന്നാൽ അവയ്ക്കൊക്കെ 'അധഃകൃതന്റെ' പോലെ അന്യഥാബോധം നൽകിക്കൊണ്ടിരുന്നു.

സ്വവർഗാനുരാഗികൾക്കിടയിലും നില വ്യത്യസ്തമായിരുന്നില്ല അവർക്കിടയിൽ പ്രത്യേക വിശ്വാസരീതി ഉടലെടുത്തില്ല എങ്കിലും നിശബ്ദമായ അന്യഥാബോധം എപ്പോഴും പേറിനടക്കുന്നവരായി മാറി. എന്നാൽ ജാതിമതബോധം പ്രബലമായിത്തന്നെ തുടർന്നുപോന്നു. അത്തരം 'അഭിമാനങ്ങളെ' വളർത്തികൊണ്ടുപോകുന്നതിൽ പ്രത്യേകം പരിശീലന മാർഗ്ഗങ്ങളും സ്വീകരിച്ചു പോരുകയും ചെയ്തു. Gay & Lesbian Vaishanava Association എന്ന സംഘടന ക്വീയർ ആയ ഹിന്ദുക്കൾക്കിടയിലും വൈഷ്ണവ വിശ്വാസികൾക്കിടയിലും മതബോധനത്തിലൂന്നിയ കമ്മ്യൂണിറ്റി സപ്പോർട്ട് നൽകുന്ന സംഘടനയാണ്. കൃത്യമായും പരസ്യമായും അവരത് പ്രഖ്യാപിക്കുന്നുമുണ്ട്. മുൻപ് ട്രാൻസ്ഫോബിയയും ഹോമോഫോബിയയും മുഖമുദ്രയാക്കിയിരുന്ന പലമതവിഭാഗങ്ങളും ഇന്ന് സ്വീകാര്യതയുടെ മാർഗം കാണിക്കുന്നതും സംശയത്തോടെ കാണേണ്ടിയിരിക്കുന്നു.



ലക്ഷ്മി നാരായൺ ത്രിപാഠി

മതം എന്തുകൊണ്ടായിരിക്കും സ്വവർഗാനുരാഗത്തെയും വ്യത്യസ്ത ലിംഗത്വ അസ്തിത്വങ്ങളെയും എതിർക്കുന്നത്? വിശ്വാസികളായ ക്വീയർ മനുഷ്യരുടെ ജീവിത സന്നിഗ്ദ്ധതകൾ എന്തൊക്കെയാണ്? വിശ്വാസവും തന്റെ അസ്തിത്വവും തമ്മിൽ തീർക്കുന്ന പ്രതിസന്ധികൾ എത്രത്തോളം രൂക്ഷമാണ്? എന്നിങ്ങനെ നിരവധി ചോദ്യങ്ങൾ ഉയർന്നുവന്നേക്കാം, വിശ്വാസത്തെ മറ്റേതൊരു മനുഷ്യനെയും പോലെ ഒരു പ്രതീക്ഷയുടെ മരീചിക ആയി കാണുവാനാണ് ക്വീയർ വ്യക്തികളും ആഗ്രഹിക്കുന്നത്. നിലവിൽ നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ മാത്രമാണ് സ്വവർഗാനുരാഗത്തെയും മറ്റ് ലിംഗത്വ അസ്തിത്വങ്ങളെയും (LGBTIQ ജനങ്ങളെ പൊതുവിൽ) സ്വീകരിക്കുവാൻ തയ്യാറായിട്ടുള്ള ക്രിസ്തീയ സഭ/ സംഘടന. തിരുവല്ല ആസ്ഥാനമായുള്ള മാർത്തോമാ സഭ ട്രാൻസ്ജെൻഡർ മനുഷ്യരുടെ ക്ഷേമപ്രവർത്തനങ്ങൾകൂടി ഏറ്റെടുത്തുകൊണ്ട് മുന്നോട്ട് വന്നിട്ടുണ്ട്. വിശ്വാസികളായ ക്വീയർ വ്യക്തികളുടെ ഒരു കൂട്ടം/ ഗ്രൂപ്പ് രൂപീകരിച്ചുകൊണ്ടാണ് (Faith Group) ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. വിശ്വാസികളായ മുസ്ലിം ക്വീയർ വ്യക്തികൾക്ക് ചർച്ചകൾക്കും ഒത്തുകൂടലുകൾക്കും വേദിയൊരുക്കുന്നതാണ് റാഫി ഉൾ അലോം റഹ്മാൻ ആരംഭിച്ച ദി ക്വീയർ മുസ്ലിം പ്രോജക്ട്. ഇന്ത്യയിലെ മുസ്ലിം ക്വീയർ വ്യക്തികൾ പേറുന്ന അന്യഥാബോധം തീർക്കുന്ന ഒറ്റപ്പെടുത്തലും മാനസികവും സാമൂഹികവുമായ പ്രതിസന്ധികളും രൂക്ഷമായ സ്വത്വപ്രതിസന്ധികളാണ് തീർക്കുന്നത്. തീർച്ചയായും ഇത്തരം ശ്രമങ്ങൾ അവയ്ക്ക് ഒരു പരിധിവരെ ആശ്വാസം നൽകും.

ഇന്ത്യയിലെ ക്വീയർ സമൂഹം, പ്രത്യേകമായി സ്വവർഗാനുരാഗികൾ സ്വത്വപ്രതിസന്ധികൾ മാത്രമല്ല നേരിടുന്നത്. കൃത്യവും വ്യക്തവുമായ ജാതീയതയും മതപരമായ വേർതിരിവുകളും കമ്മ്യൂണിറ്റിയുടെ ഉള്ളിൽ തന്നെ സംഘർഷങ്ങൾ തീർക്കുന്നുണ്ട്. തീവ്ര വലതുപക്ഷ നിലപാടുകളും അതിതീവ്ര ജാതീയതയും നിറഞ്ഞിരിക്കുന്ന ക്വീയർ മനസുകൾ ഇന്ത്യൻ സാമൂഹിക വ്യവസ്ഥയുടെ പ്രതിഫലനം കാട്ടിത്തരുന്നുണ്ട്. കമ്യൂണിറ്റി എന്ന നിലയിൽ അതൊരു സ്വയം വിമർശനമായികൂടി വേണം സ്വീകരിക്കാൻ. ആയതിനാലാണ് തന്റെ മകന് മുന്തിയ ഹിന്ദു ജാതിയിൽ നിന്നും വരനെ തേടുന്നതായി ഒരു അമ്മക്ക് പത്രത്തിൽ പരസ്യം നൽകാനായത്. കേരളത്തിൽ നിലനിൽക്കുന്ന ഫേസ്ബുക്ക്/ഓൺലൈൻ ഗേ ഗ്രൂപ്പുകളിൽ കാണുന്ന പ്രത്യേക നായർ ഗ്രൂപ്പുകൾ, സുറിയാനി ഗ്രൂപ്പുകൾ എന്നിവയെല്ലാം വിരൽചൂണ്ടുന്നത് ജീർണിതമായ ഇന്നും ഉത്സാഹത്തോടെ നിലനിൽക്കുന്ന ജാതീയത മാത്രമാണ്. ഡേറ്റിംഗ് സൈറ്റുകളിൽ നൽകുന്ന പ്രിഫറൻസുകളിൽ ജാതിയും മതവും 'വിശ്വാസത്തിന്റെ' ടാഗ് അല്ലാതെ സജീവമായി നിലനിൽകുകയും ചെയ്യുന്നു.

അടുത്തിടെ ശബരിമല സ്ത്രീ പ്രവേശന വിധിക്ക് ശേഷം നാല് ട്രാൻസ്ജെൻഡർ വ്യക്തികൾ സ്വന്തം അസ്തിത്വത്തിലൂടെ തീർത്ഥാടനം നടത്താൻ ശ്രമിച്ചപ്പോൾ പോലീസ് അവരോട് ആദ്യം ആവശ്യപ്പെട്ടത് അവരുടെ 'ജെണ്ടർ' മാറ്റി വരാനാണ്, അതായത് വസ്ത്രം മാറ്റി പുരുഷന്മാ

രായി എത്തിയാൽ അനുവാദം നൽകാമെന്ന്. തീർച്ച യായും സമൂഹത്തിന്റെ മുൻവിധികളും അറിവി ല്ലായ്മയുമാണ് ഇവിടെ മുഴച്ചുനിൽക്കുന്നത്. എന്നാൽ സ്ത്രീകളുടെ ഭരണഘടനാപരമായ അവകാശങ്ങൾ നിഷേധിക്കുമ്പോലെ ട്രാൻസ് ജെൻഡർ വ്യക്തികളുടെ ജെണ്ടർ ചോദ്യം ചെയ്യു ന്നതും സഞ്ചാര സ്വാതന്ത്രം, മതപരമായി വിശ്വസി ക്കാനുള്ള അവകാശം തടസ്സപ്പെടുത്തൽ എന്നിവയ ടക്കം അനവധി ഭരണഘടനാലംഘനങ്ങൾ നടന്നി രിക്കുന്നു. വിശ്വാസികളായ ക്വീയർ വ്യക്തികൾ ക്കിടയിൽ പോലും ട്രാൻസ്ജെൻഡർ വ്യക്തിക ളുടെ ശബരിമല പ്രവേശം വലിയൊരു മുറിവ് വീഴ്ത്തിയിരുന്നു. അയ്യപ്പന്റെ ജനനം പോലും ഒരു ക്വീയർ സ്പർശം നിലനിൽക്കെയാണ് കമ്മ്യൂണിറ്റി ക്കുള്ളിലെ ഈ തർക്കവും ആശങ്കയും. തീർത്ഥാ ടനത്തിനുള്ള 'യോഗ്യത', ദർശനം നടത്തിയവരുടെ ശുദ്ധി തുടങ്ങി അനവധി വിഷയങ്ങൾ വിഷമം ഉണ്ടാക്കിയതായി പലരുടെയും അഭിപ്രായങ്ങളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഭരണ ഘടന നിരോധിച്ച അയിത്തവും തൊട്ടുകൂടായ്മ യുമാണ് മറ്റൊരു വിധത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികളോടും സ്ത്രീകളോടും നടത്തിയത് എന്ന് നിസ്സംശയം പറയുവാൻ സാധിക്കും. കേരളത്തിലെ ക്വീയർ വ്യക്തികളുടെ തീവ്രമായ ഹിന്ദുത്വ നിലപാ ടുകളും അവയുടെ ഏകീകരണവും ശബരിമല വിഷയവുമായി ബന്ധപ്പെട്ട് നടന്നിരുന്നു എന്നും അനുമാനിക്കാൻ സാധിക്കും.

പലപ്പോഴും സ്വത്വ പ്രതിസന്ധികൾ അനുഭവിക്കുന്ന ക്വീയർ ജീവിതങ്ങളിൽ ഏറ്റവും അധികം ആന്തരികവും ബാഹ്യവുമായ ഒറ്റപ്പെടൽ നേരിടുന്നത് ദളിത്ക്വീയർ വ്യക്തികൾ തന്നെയാണ്. ഒരേസമയം അസ്പൃശ്യരും അനഭിമതരും 'അയ്യേ' വിളികൾക്കും പാത്രമാകുന്നവർ. സംവരണം നേടി യെടുക്കുന്ന സൗജന്യക്കാരും. ക്വീയർ സ്വത്വത്തി നുപോലും 'അർഹർ' ആകുന്നില്ല. ക്വീയർ ആയി അടയാളപ്പെടുത്തുവാൻ പോലും യോഗ്യതാ മാന ദണ്ഡങ്ങൾ ചിലർ രൂപീകരിച്ചുവച്ചിട്ടുണ്ട് എന്ന താണ് സത്യം. ഇന്ത്യയിൽ ഏറ്റവും കൂടുതൽ തുറന്നുപറച്ചിലുകൾ (coming out) നടന്നുകൊണ്ടി രിക്കുന്നത് ദളിത് വിഭാഗങ്ങളിൽ നിന്നുമാണെന്ന താണ് യാഥാർഥ്യം. ജാതിയുടെയോ മതത്തി ന്റെയോ കപടമായ അഭിമാനബോധവും ജാതി പ്രിവിലേജുകളും അവർക്കു ബാധ്യതകളല്ല എന്ന താണ് അത്തരം എണ്ണം കൂടുവാൻ കാരണം. എന്നാലും ദലിതുകളെ മുഴുവൻ അവിശ്വാസി കളാക്കി അയിത്തം കല്പിക്കുന്ന പ്രോജക്ടുകളും നടപ്പിലാക്കുന്നുണ്ട് എന്നതും ഓർമ്മിക്കപ്പെടണം.

ഹിജഡാ സംസ്കാരത്തിൽ ജീവിക്കുന്ന വർക്ക് അവരുടേതായ ആചാരവിശ്വാസ രീതികൾ നിലനിൽക്കുന്നുണ്ട്. മുഖ്യമായും തമിഴ്നാട്ടിലും മറ്റ് ഇതര സംസ്ഥാങ്ങളിലുമാണ് അനുഷ്ഠാനപര മായി അവയ്ക്ക് പ്രാധാന്യമുള്ളതും. കിന്നര വിഭാ ഗത്തിൽ പെടുന്ന ലക്ഷ്മി നാരായൺ ത്രിപാഠി എന്ന കിന്നര മഹാ മണ്ഡൽ സ്ഥാനം അലങ്കരി ക്കുന്ന അറിയപ്പെടുന്ന ആക്ടിവിസ്റ്റ് തന്റെ രാഷ്ട്രീയ നിലപാടുകൾ തീവ്ര വലതുപക്ഷത്തിന്റെയാ ണെന്നും ഇന്ത്യയിലെ മുഴുവൻ ട്രാൻസ്ജെൻഡർ മനുഷ്യരും അവർക്കൊപ്പം സംഘപരിവാറിനൊപ്പം നിൽക്കാൻ ആഗ്രഹിക്കുന്നെന്നും പ്രസ്താവിച്ചത് വലിയ കോലാഹലങ്ങളാണ് കമ്മ്യൂണിറ്റിയിൽ ഉണ്ടാക്കിയത്. കേരളത്തിൽ വിശേഷിച്ച് ദൃശ്യമ ല്ലാതിരുന്ന ഹിജഡാ ആരാധനാരീതികൾ കഴിഞ്ഞ രണ്ട് വർഷങ്ങളായി പലയിടങ്ങളിലായി കാണു ന്നുണ്ട്. എന്നാൽ ദുരാചാരങ്ങളെന്നും മന്ത്രവാദ മെന്നും മറ്റും പറഞ്ഞ് അവയെ ആട്ടിപ്പായിക്കാൻ ഇട നൽകാതെ പൊതുജന സ്വീകാര്യത ഉണ്ടാക്കി യെടുക്കുവാൻ കേരളത്തിലെ ട്രാൻസ്ജെൻഡർ വിഭാഗത്തിനായിട്ടുണ്ട്. അതേ കേരളത്തിലാണ് പ്രസിദ്ധമായ മാരാമൺ കൺവെൻഷനിൽ കഴിഞ്ഞ വർഷം ചരിത്രത്തിൽ ആദ്യമായി ഒരു ട്രാൻസ് ജെൻഡർ വ്യക്തി പ്രസംഗിച്ചതും സുവിശേഷം സുഘോഷിച്ചതും. അതെ, മാറ്റങ്ങൾ ദൃശ്യമാകു ന്നുണ്ട്, വിശ്വാസത്തിലും സ്വീകാര്യതയിലും.

ക്വീയർ മനുഷ്യരുടെ അന്യവൽക്കരണം ഇനിയും തുടരാൻ സാധ്യതയില്ല എന്നിരുന്നാലും കമ്മ്യൂണിറ്റികൾക്കിടയിലെ വിള്ളലുകളിൽ മത ബോധം നടത്തുന്ന തീവ്ര ഇടപെടലുകൾ സംശയ ത്തോടെവേണം നോക്കിക്കാണാൻ.

വിശ്വാസികളായി തുടരുവാനും അവരവ രുടെ ആചാരപ്രമാണങ്ങളെ മുറുകെ പിടിക്കു വാനും ഏവർക്കും അവകാശങ്ങൾ ഉണ്ടെന്ന് ഓർമിച്ചുകൊണ്ടുതന്നെ ക്വീയർ ജീവിതം നയി ക്കുമ്പോൾ, ഒറ്റപ്പെട്ട തുരുത്തുകളായി ഇനിയും ക്വീയർ ജീവിതങ്ങൾ മാറരുത്. സ്വത്വപ്രതിസന്ധി മൂലം ആത്മഹത്യകളും ഒളിച്ചോട്ടവും ഇനി നയി ക്കേണ്ടവരാകരുത് ക്വീയർ മനുഷ്യർ. വിശ്വാസം അവരെ ജീവിക്കുവാൻ പ്രേരിപ്പിക്കുന്ന ഉൾപ്രേരക മായിത്തീരണം. നിരവധി പ്രതിസന്ധികൾ തരണം ചെയേണ്ടുന്ന ക്വീയർ മനുഷ്യർക്ക് ചൂഷണത്തിന്റെ വാതിൽ ആകരുത് മതവും തുറന്നുകൊടുക്കേണ്ടത്, മറിച്ച് ആശ്വാസത്തിന്റെ, പ്രതീക്ഷയുടെ ഭൂമിക യാവാൻ സാധിക്കണം. ചിലയിടങ്ങളിലെങ്കിലും പരസ്യത്തിനായും കാട്ടിക്കൂട്ടലുകൾക്കായും മാത്രം ക്വീയർ സ്നേഹം കാണിക്കുന്നവർ 'നമ്മുടെ ആൾ' പരിഗണനകളും ഉപേക്ഷിക്കണം. കമ്മ്യൂണിറ്റി പരിവർത്തനത്തിന്റെയും പരിണാമത്തിന്റെയും പാതയിലാണെന്ന് സ്വയം മനസിലാക്കണം, അല്ലെങ്കിൽ പേരിനൊപ്പം ജാതി ചേർക്കുന്ന വെറും മനുഷ്യരായി നാം മാറും. ജാതിയും മതവും നൽകുന്ന സംരക്ഷണത്തിനുമപ്പുറം സ്വത്വം തീർ ക്കുന്ന സന്നിഗ്ദ്ധതകളെ നമുക്ക് അതിജീവിക്കാൻ സാധിക്കണം.

*അവലംബം :*


GALVA-108- Web- https://www.galva108.org/

National Council of Churches in Indi-web. - http://ncci1914.com/

https://www.thehindu.com/socitey/the-queer-muslim-project-comes-to-bengaluru/article23682907.ece


■



**സുൽഫത്ത്**
സ്ത്രീവാദ പ്രക്ഷോഭക
ഹെഡ് ടീച്ചർ, ഗവ. എൽ.പി.
സ്കൂൾ, തെക്കേക്കര,
കടന്നപ്പള്ളി

# അഗസ്ത്യമലയിലും പെൺപാദങ്ങൾ എത്തി

**ആണിനെ പ്രകോപിപ്പിക്കാതിരിക്കാൻ പെണ്ണ് പർദ്ദ ധരിക്കണമെന്നു പറയുന്നതു പോലെയാണ് ദൈവങ്ങളുടെ ബ്രഹ്മചര്യം കാക്കാൻ സ്ത്രീകൾ പ്രവേശിക്കരുതെന്നു പറയുന്നത്**

## "ദൈവത്തിന്റെ ബ്രഹ്മചര്യം കാക്കാനുള്ള ബാധ്യത പെണ്ണിന്റെ തലയിലിടരുത്"

ഭരണകൂടം തങ്ങളുടെ അറിവോടും സമ്മതത്തോടും കൂടി കാൽ നൂറ്റാണ്ടുകളായി നടത്തിക്കൊണ്ടിരുന്ന ഒരു ഭരണഘടനാലംഘന മാണ് സ്ത്രീകൾ അഗസ്ത്യാർകൂടം കയറിയ തോടെ തിരുത്തിയത്. അഗസ്ത്യനെ കാണാം എന്ന വാട്ട്സാപ്പ് ഗ്രൂപ്പിലെ 9 പെണ്ണുങ്ങൾ 2019 ജനുവരി 15ന് അഗസ്ത്യന്റെ നെറുകയിലെത്തിയ പ്പോൾ വിശ്വാസികൾ ഭയന്നതുപോലെ പ്രളയമോ കൊടുങ്കാറ്റോ ഒന്നും ഉണ്ടായില്ല. വിശ്വാസ ങ്ങൾക്കും ആചാരങ്ങൾക്കും മേലെയാണ് ഭരണ ഘടനയും ലിംഗനീതിയുമെന്ന് കേരളം ഒരിക്കൽ ക്കൂടി തെളിയിച്ചു. ഒരു ലിംഗവിവേചനം കൂടി അവസാനിപ്പിക്കുന്നതിൽ പങ്കാളിയാകാൻ കഴിഞ്ഞ തിന്റെ സംതൃപ്തിയും ഞങ്ങൾക്കുണ്ട്. എന്നോ ടൊപ്പം ദിവ്യദിവാകരൻ, മീനകൂട്ടാല, ഷെർളി കെ., ഷൈനി.സി.വി., അഡ്വ. സിസിലി.വി.എം., രമ.കെ., നിഷമോൾ, സചിത്ര.എസ്. എന്നിവരാണ് കനൽ ക്കാടുകൾ താണ്ടി നാരായ ബിന്ദുവിൽ അഗ സ്ത്യനെ കണ്ടത്. ഓൺലൈൻ ബുക്കിംഗിലൂടെ യാണ് ടിക്കറ്റ്. അതുകൊണ്ട് കോടതിവിധിയുടെ ബലത്തിൽ ആദ്യം അഗസ്ത്യാർകൂടം കയറിയത് തിരുവനന്തപുരത്തെ പ്രതിരോധവക്താവ് ധന്യ യാണ്. ട്രക്കിംഗ് ആരംഭിച്ച ജനുവരി 14നു തന്നെ അവർക്ക് കയറാനായി. വളരെ കഠിനമായ യാത്ര. സ്ത്രീകൾക്ക് പ്രത്യേകിച്ച് 40 വയസ്സുകഴിഞ്ഞ സ്ത്രീകൾക്ക് പ്രയാസകരമായിരിക്കുമെന്ന അഭി പ്രായമാണ് അവർ പങ്കുവെച്ചതെങ്കിൽ 56ഉം 54ഉം 52ഉം വയസ്സായ അഡ്വ. സിസിലിയും ഞാനും രമയുമൊക്കെ കയറിയത് വിവേചനത്തിനെതി രായി പൊരുതിയ ഊർജ്ജവും കുറച്ചുദിവസത്തെ







കഠിനനടപ്പു പരിശീലനവും കൊണ്ടായിരുന്നു. “സ്ത്രീകളും 14 വയസ്സിൽ താഴെയുള്ള കുട്ടികളും ട്രക്കിംഗിന് അപേക്ഷിക്കേണ്ടതില്ല” എന്നു പറയുന്നിടത്തെ സ്ത്രീയുടെ ശാരീരികക്ഷമതയെയും മാനസിക പക്വതയെയും 14 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് തുല്യമായി കാണുന്ന മനോഭാവത്തെയാണ് ഞാനേറ്റവും വലിയ വെല്ലുവിളിയായി ഏറ്റെടുത്തത്.

കേരളം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലായി വ്യാപിച്ചു കിടക്കുന്ന അഗസ്ത്യാർകൂടം മലകൾ പശ്ചിമഘട്ടത്തിലെ ഏറ്റവും വലിയ ജൈവവൈവിധ്യമേഖലയാണ്. ഔഷധസസ്യങ്ങളുടെ കലവറയായ ഇവിടെ രണ്ടായിരത്തിലധികം അപൂർവ്വ ഔഷധസസ്യങ്ങളെയാണ് പ്രകൃതി വളർത്തി പരിപാലിച്ചു പോരുന്നത്. ഈ മലയുടെ ഏറ്റവും ഉയർന്ന ഭാഗത്ത് സ്ഥാപിച്ചിട്ടുള്ള ബ്രഹ്മചാരിയായ അഗസ്ത്യമുനിയുടെ പ്രതിഷ്ഠയാണ് സ്ത്രീകളുടെ സഞ്ചാര സ്വാതന്ത്ര്യം തടയുന്നതിന് കാരണമായി പറയുന്നത്.

1990 മുതലാണ് അഗസ്ത്യാർകൂടത്തിലേക്ക് വനംവകുപ്പ് ട്രക്കിംഗ് ആരംഭിച്ചത്. നെയ്യാർ വന്യജീവി സങ്കേതത്തിൽപ്പെട്ട ഈ പ്രദേശത്ത് വനം വകുപ്പിന്റെ അനുമതിയോടെയല്ലാതെ പ്രവേശനം അനുവദിക്കില്ല. ട്രക്കിംഗ് സീസണിൽ ഒരു ദിവസം 100 പേരെ 10 പേരടങ്ങുന്ന സംഘങ്ങളായി വനം വകുപ്പ് നിയമിച്ച രണ്ട് ഗൈഡുകളുടെ സഹായത്തോടെയാണ് കൊണ്ടുപോകുന്നത്. 1868 മീറ്ററാണ് ഇതിന്റെ ഉയരം. ഒന്നാംദിവസം 19 കി. മീറ്ററും അടുത്ത ദിവസം 6 കി. മീ. കാനനപാതയിലൂടെ സാഹസികയാത്ര നടത്തിയാലേ ഏറ്റവും ഉയരത്തിൽ എത്താൻ സാധിക്കുകയുള്ളൂ. നിബിഡവനത്തിന്റെ സൗന്ദര്യം നുകർന്ന് ഈറ്റക്കാടുകളും പുൽമേടുകളും താണ്ടി ദാഹം ശമിപ്പിക്കാൻ തെളിനീരുമായി തലയുയർത്തി നിൽക്കുന്ന പാറക്കെട്ടുകൾ കയറി മറിഞ്ഞ് മൊട്ടക്കുന്നുകളിൽ കയറിത്തൂങ്ങി കൊടും തണുപ്പും ചൂടും ഹുങ്കാരത്തോടെ വീശിയടിക്കുന്ന കൊടുങ്കാറ്റും എല്ലാം അനുഭവിച്ചറിഞ്ഞൊരു യാത്ര. ഒരു മനുഷ്യജന്മത്തിന്റെ അപൂർവ്വ അനുഭവങ്ങളിലൊന്നാണിത്. ഈ അനുഭവമാണ് ഇന്നലെവരെ സ്ത്രീകൾക്ക് നിഷേധിച്ചത്. കാടും മലയും പുഴയുമൊക്കെ പൊതുസ്വത്തായിരിക്കെ അവിടേക്കുള്ള പ്രവേശനം പുരുഷനുമാത്രം അനുവദിച്ചു കൊടുക്കാൻ, ഉയരങ്ങൾ കീഴടക്കാനും പ്രകൃതി സൗന്ദര്യം ആസ്വദിക്കാനുമുള്ള തൃഷ്ണയും സന്നദ്ധതയും സാഹസികതയും സ്ത്രീകൾക്ക് നിഷേധിക്കാൻ ഈ ഭരണകൂടത്തിന് അവകാശമുണ്ടോ? സർക്കാർ സംവിധാനങ്ങളും പൊതുഖജനാവിലെ ഫണ്ടും ഉപയോഗിച്ചുകൊണ്ട് സർക്കാരിന്റെ അധീനതയിലുള്ള ഒരു പ്രദേശത്തേക്ക് നടത്തുന്ന ട്രക്കിംഗിൽ സുരക്ഷാകാരണങ്ങൾ പറഞ്ഞ് സ്ത്രീകളെ ഒഴിവാക്കുന്നത് ന്യായീകരിക്കത്തക്കതാണോ?

2015 മുതൽ ട്രക്കിംഗിന് ഓൺലൈൻ ബുക്കിംഗ് ആരംഭിച്ചു. വനംവകുപ്പിന്റെ വെബ്സൈറ്റിൽ “സ്ത്രീകളും 14 വയസ്സിൽ താഴെയുള്ള

*(ശേഷം പേജ് 58)*



**വി പി സുഹ്റ**
പ്രസിഡണ്ട്, 'നിസ'
മുസ്ലിം സംഘടന,
കോഴിക്കോട്

# ഇസ്ലാം ലിംഗനീതിക്കെതിരോ?

മതം, വിശ്വാസം ആചാരം ഇവയെല്ലാം മറ്റു തരത്തിൽ എത്ര തന്നെ നിരുപദ്രവമായിരുന്നാലും ഇന്ന് അവ വിഭാഗീയതയുടേയും വിദ്വേഷത്തിന്റേയും രാഷ്ട്രീയ ചട്ടുകമായി മാറിയിരിക്കയാണ്. ഒരർത്ഥത്തിൽ വ്യവസ്ഥാപിത മതങ്ങളെല്ലാം തന്നെ സ്ത്രീകളെ രണ്ടാംതരം പൗരയായിട്ടാണ് കണക്കാക്കപ്പെടുന്നത്. സ്ത്രീവിരുദ്ധമായ നിലപാടുകൾക്ക് സ്ത്രീകളെ തന്നെ ഉപയോഗിക്കുന്ന മൗലീകവാദ സമീപനവും ഇന്ന് പ്രകടമാണ്. ശബരിമല സ്ത്രീ പ്രവേശവുമായി ബന്ധപ്പെട്ടുകൊണ്ട് തങ്ങൾ അശുദ്ധരാണ് എന്ന് പ്രഖ്യാപിച്ചുകൊണ്ട് അഭ്യസ്തവിദ്യരായ സ്ത്രീകൾ പോലും തെരുവിലിറങ്ങിയത് നാം കണ്ടു. ഇസ്ലാമിലെ മതയാഥാസ്ഥിതികത്വം പണ്ടെന്ന പോലെ ഇന്നും തുടരുന്നു. ഇസ്ലാമിലെ ഫെമിനിസ്റ്റ് കാഴ്ച്ചപ്പാടും മത വിശ്വാസവും ബന്ധപ്പെടുത്താനുള്ള ശ്രമങ്ങളുടെ ഭാഗമായി ധാരാളം കൃതികളും സംഘടനകളും സമരങ്ങളും ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടു. ലിംഗനീതിക്കുവേണ്ടിയുള്ള അത്തരം സമരങ്ങൾ നൂറ്റാണ്ടുകൾക്ക് മുമ്പേ തുടങ്ങിവെച്ചതും ഇപ്പോഴും തുടർന്നു കൊണ്ടേയിരിക്കുന്നതുമാണ്. പാശ്ചാത്യ രാജ്യങ്ങളിൽ ഫെമിനിസ്റ്റ് പ്രസ്ഥാനം ഉടലെടുക്കുന്നതിനു മുമ്പേ ഇസ്ലാമിക് ഫെമിനിസ്റ്റ് പ്രസ്ഥാനം രൂപം കൊണ്ടതായി ചരിത്രപണ്ഡിതർ സാക്ഷ്യപ്പെടുത്തുന്നു. ലിംഗനീതിക്കുവേണ്ടിയുള്ള ഇസ്ലാമിന്റെ വീക്ഷണം എന്തായിരുന്നുവെന്ന് പരിശോധിക്കുമ്പോൾ പ്രവാചകപത്നിയായിരുന്ന ഖദീജബീവിയെ മാതൃകയാക്കാം. ലോകത്ത്തന്നെ ആദ്യത്തെ വനിതാ വ്യവസായിയും ഇസ്ലാം മതം സ്വീകരിച്ച ആദ്യത്തെ വ്യക്തിയും ഖദീജബീവിയാണെന്ന് കാണാം. അരാജകത്വം നിലനിന്നിരുന്ന അശാന്തമായ ഒരു കാലഘട്ടത്തിൽ പ്രവാചകൻ (മുഹമ്മദ്നബി) ഒരു പുതിയ മതത്തിന് രൂപം കൊടുത്തപ്പോൾ ആ മതം സ്വീകരിക്കാൻ അവർ തയ്യാറായി. മാത്രവുമല്ല പ്രവാചകന് എല്ലാവിധത്തിലുള്ള പിന്തുണയും സഹകരണവും നൽകിയെന്നുള്ളതും ചരിത്രം പരിശോധിച്ചാൽ കാണാൻ കഴിയും. ശക്തയായ ഒരു സ്ത്രീയുടെ സംരക്ഷണത്തിലാണ് ഇസ്ലാമിന്റെ ആദ്യദശകങ്ങൾ എന്നുള്ളത് ഇവിടെ ശ്രദ്ധേയമാണ്. നബിയുമായി ബന്ധപ്പെട്ട സ്ത്രീകളെല്ലാം തന്നെ സാമൂഹിക രാഷ്ട്രീയ മണ്ഡലങ്ങളിൽ സജീവമായിരുന്നു എന്നുള്ളത് ചരിത്രത്തിന്റെ വഴികളിൽ എഴുതിച്ചേർക്കപ്പെട്ടു. നബിക്കു ശേഷം അധികാരത്തിൽ വന്ന നാല് ഖലീഫമാരിൽ നാലാമത്തെ ഖലീഫ അലിയുടെ അധികാരത്തെ ചോദ്യം ചെയ്ത് കൊണ്ട് പ്രവാചകപത്നി ആയിശ യുദ്ധത്തിന് നേതൃത്വം കൊടുക്കുകയും ചെയ്തു. സ്ത്രീയുടെ കഴിവിനെ അംഗീകരിക്കാൻ തയ്യാറല്ലാത്ത മതയാഥാസ്ഥികർ ആ കാലഘട്ടത്തിൽ തന്നെ അത് 'ഒട്ടകത്തിന്റെ യുദ്ധമെന്ന്' ഇസ്ലാമിന്റെ ചരിത്രത്തിൽ എഴുതിച്ചേർക്കപ്പെട്ടു. ഇസ്ലാമിന്റെ ആദ്യദശകങ്ങളിൽ വിശുദ്ധഗ്രന്ഥങ്ങൾ എഴുതാൻ പ്രാവീണ്യമുള്ള പല എഴുത്തുകാരികളെ കുറിച്ചും ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവരിലൊരാളായ ജമീലാ ബിന്ത് ആബാദി ഒട്ടേറെ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. പിൽക്കാലത്ത് പൗരോഹിത്യം ഇസ്ലാമിന്റെ ഭരണം ഏറ്റെടുക്കുയും സ്ത്രീകൾ അടുക്കളയിലെ പുകയൂതി തീർക്കേണ്ട ജന്മങ്ങളാണെന്നും അവർ വിധിയെഴുതുകയും ചെയ്തു. വിശുദ്ധഗ്രന്ഥങ്ങളുടെ രചന പൗരോഹിത്യത്തിന്റെ കുത്തകയായിത്തീരുകയും സ്ത്രീകൾ അടിമകളായി വീടുകളിൽ തളക്കപ്പെടുകയും ചെയ്തു. ദാരിദ്രവും രോഗവുമായി മല്ലടിക്കാൻ അവർ നിർബന്ധിതരായി. വിശുദ്ധഗ്രന്ഥങ്ങളിലെല്ലാം തന്നെ എക്കാലത്തും കൃത്രിമം നടന്നിട്ടുണ്ട്. കപട ഹദീസുകൾ പ്രചരിപ്പിച്ചും വ്യാഖ്യാനങ്ങളിൽ കൃത്രിമം കാണിച്ചും അവർ സ്ത്രീകളുടെ അവകാശങ്ങളെയും സ്വാതന്ത്യത്തെയും കവർന്നു. പ്രവാചകന്റെ കാലത്ത് കുലീനഗോത്രാധിപത്യത്തിൽ നിന്നും സ്ത്രീകളും പുരുഷന്മാരും കൂട്ടത്തോടെ പലായനം ചെയ്ത് ഇസ്ലാം മതം സ്വീകരിച്ചത് ഇസ്ലാമിൽ സ്വാതന്ത്ര്യവും സമത്വവും ആശയ സംവാദങ്ങൾക്ക് ഇടവും ലഭിച്ചിരുന്നു എന്നത് കൊണ്ടാണ്. രണ്ടാം ഖലീഫയായ ഉമറിന്റെ കാലത്ത് മഹറുമായി ബന്ധപ്പെട്ടുകൊണ്ട് നടന്ന ഒരു സംഭവം (വിവാഹ സമയത്ത് പുരുഷന്മാർ സ്ത്രീകൾക്ക് നിർബന്ധമായി നൽകേണ്ട പാരിതോഷികമാണ് മഹർ) വിവാഹ മോചന സമയത്ത് പോലും മഹർ തിരിച്ചുകൊടുക്കേണ്ടതില്ല. പുരുഷന്റെ കഴിവിനനുസരിച്ചുള്ള മഹർ കൊടുക്കണമെന്നാണ് ഇസ്ലാം നിഷ്ക്കർഷിക്കുന്നത്. സ്ത്രീധനമല്ല. മഹർ കൂടുതൽ നൽകേണ്ടത് കൊണ്ട് പുരുഷന്മാർക്ക് വിവാഹം നടത്താൻ ബുദ്ധിമുട്ടാണെന്നും അതിനാൽ മഹർ കുറക്കണമെന്നും ആവശ്യപ്പെട്ട് പുരുഷന്മാർ ഖലീഫയെ സമീപിക്കുകയും ഉചിതമായ തീരുമാനമെടുക്കാൻ വേണ്ടി സഭ വിളിച്ചു ചേർക്കുകയും ചെയ്തു. പുരുഷന്മാർക്കനുകൂലമായ തീരുമാന

മെടുക്കാൻ ഖലീഫ മുതിർന്നപ്പോൾ സഭയിൽ സന്നിഹിതരായ സ്ത്രീകളിലൊരാൾ എഴുന്നേറ്റ് നിന്നു ചോദിക്കുകയുണ്ടായി. അല്ലാഹു നിജപ്പെടുത്തിയ കാര്യം ഖലീഫക്ക് തിരുത്താൻ എന്താണവകാശമെന്ന്. ഖലീഫ അവരുടെ വാദം കേൾക്കുകയും മഹർ നിർബന്ധമാക്കുകയും ചെയ്തു. ചരിത്രത്തിന്റെ താളുകളിൽ മുസ്ലിം സ്ത്രീകളുടെ സാന്നിദ്ധ്യം എല്ലായിടത്തുമുള്ളതായി നമുക്ക് കണ്ടെത്താൻ കഴിയും.

മുസ്ലിം സ്ത്രീകളുടെ അവകാശങ്ങൾ കവർന്നെടുക്കുയും അവരുടെ അന്തസ്സിനെ ചോദ്യം ചെയ്യുകയും ചെയ്യുന്ന ഒരു വ്യക്തിനിയമം ബ്രിട്ടീഷുകാരുടെ കാലത്ത് ഇന്ത്യയിൽ രചിക്കപ്പെട്ടു. തികച്ചും പുരുഷ കേന്ദ്രീകൃതമായതും മാറ്റങ്ങൾക്ക് വിധേയമാക്കാതെ എല്ലാക്കാലത്തേക്കുമായി രചിക്കപ്പെട്ടതുമായി അത് മാറി. ഇസ്ലാം കർശനമാക്കിയ പലനിയമങ്ങളും ബ്രിട്ടീഷുകാർ നിർത്തലാക്കിയപ്പോൾ ആർക്കും വേവലാതിയില്ല. പുരുഷനെ ബാധിക്കുന്നതായിരുന്നു അവയിൽ പലതും. എന്നാൽ സ്ത്രീകളുടെ പ്രശ്നങ്ങൾ വന്നപ്പോൾ മതയാഥാസ്ഥിതികരും രാഷ്ട്രീയ പാർട്ടികളും ഐക്യപ്പെടുകയാണുണ്ടായത്. വിവാഹവും വിവാഹമോചനവും സ്വത്തവകാശവും എല്ലാം തന്നെ ഏകപക്ഷീയവും പുരുഷന് മാത്രമായി നീക്കിവെക്കപ്പട്ടതു പോലെയായിരുന്നു 1937 ലുണ്ടാക്കിയ ആനിയമം. ഇന്ത്യയിലെ വ്യക്തിനിയമം ക്രൂരവും സ്ത്രീവിരുദ്ധവുമാണെന്ന് തിരിച്ചറിഞ്ഞ ബഹു: ജസ്റ്റിസ് വി. ഖാലിദ് ഒരു വിധിന്യായത്തിൽ പറഞ്ഞത് 'ശരീഅത്ത് നിയമത്തിന്റെ രാക്ഷസീയതയിൽ എന്റെ നീതിന്യായ മന:സാക്ഷി അസ്വസ്ഥമാകുന്നു. പൊതുജനാഭിപ്രായം സൃഷ്ടിക്കുന്ന നേതാക്കന്മാരുടെ മന:സ്സാക്ഷി അസ്വസ്ഥമാകുമോ എന്നതാണ് പ്രശ്നം. ( KLT Page 512,1972, മുഹമ്മദ് ഹനീഫ് പാത്തുമ്മ ഉമ്മാൾ High Court of Kerala).

വിശ്വാസത്തിന്റേയും ആചാരങ്ങളുടേയും പേരിൽ ക്രൂരമായ ബാലാവകാശ ലംഘനമാണ് ചേലാകർമ്മം (സുന്നത്ത് കർമ്മം) ഖുർആനിലൊരിടത്തും പ്രതിപാദിച്ചിട്ടില്ലാത്ത ഈ ആചാരം രക്ഷിതാക്കളുടെ വിശ്വാസ പൂർണ്ണതക്കായി പിഞ്ചുകുഞ്ഞുങ്ങളെ പീഡിപ്പിക്കുകയാണ്. ആഫ്രിക്കൻ രാജ്യങ്ങളിൽ പ്രാകൃതമായ ഒരുകാലഘട്ടത്തിൽ സ്ത്രീകളിൽ നടത്തിയിരുന്ന ചേലാകർമ്മം 'ഭഗശിശ്ന ച്ഛേദനം' (Clitorectomy) പെൺകുട്ടികളുടെ സുന്നത്ത് കർമ്മം)വിദ്യാസമ്പന്നമെന്ന് ഉൽഘോഷിക്കുന്ന കേരളത്തിലും അരങ്ങേറിയത് പരിഷ്കൃത സമൂഹത്തിന് അപമാനകരമാണ്. ചിലർ അത് നിലനിർത്തിക്കിട്ടാൻ വേണ്ടി സുപ്രീം കോടതിയെ സമീപിച്ചതും നമ്മൾ കണ്ടു. പുരുഷന്റെ ലൈംഗീകാവശ്യം കൂടുതൽ സുഖകരമാക്കാനും സ്ത്രീയുടെ ലൈംഗീകതയെ അടിച്ചമർത്താനും വേണ്ടിയാണ് ഇത് നടത്തുന്നത്.

ആർത്തവമെന്ന ശാരീരികാവസ്ഥയെ അശുദ്ധമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് ആരാധനാലയങ്ങളിൽ സ്ത്രീകൾക്ക് വിലക്ക് കൽപ്പിക്കുമ്പോൾ ചരിത്രത്തെയും വിശ്വാസത്തെയും സ്ത്രകളിൽ നിന്നും മാറ്റി നിർത്തപ്പെടുകയാണ് ചെയ്യുന്നത്. ആർത്തവത്തെക്കുറിച്ച് ഇസ്ലാമിന്റെ വീക്ഷണം എന്താണെന്ന് പരിശോധിക്കപ്പെടേണ്ട സമയമാണിത്. ഹിജ്റയുടെ അവസാന നാളുകളിൽ പ്രവാചകൻ ഭാര്യമാരിലൊരാളായ മൈമൂനയുമൊത്ത് മദീനയിൽ താമസിച്ചിരുന്ന കാലത്ത് ആർത്തവമുള്ള ഭാര്യ പള്ളിയിൽ നിസ്ക്കാരപ്പടം കൊണ്ടു കൊടുത്തതായും പ്രവാചകന്ന് അത് പള്ളിയിൽ വിരിച്ചു കൊടുത്തതായും ഇമാം അൽ നസായി ഒരു പ്രബലമായ ഹദീസിൽ രേഖപ്പെടുത്തുന്നുണ്ട്. ഭാര്യയുടെ കാൽമുട്ടിൽ തലചായ്ച്ച് ഖുർആൻ പാരായണം ചെയ്തതും ഭാര്യയുടെ ആർത്തവ സമയത്താണ് എന്നും അദ്ദേഹം രേഖപ്പെടുത്തുന്നുണ്ട്. (പുസ്തകം ഇസ്ലാമും സ്ത്രീകളും പേജ് 118)

പർദ്ദയെ പാശ്ചാത്യ സംസ്ക്കാരത്തോടുള്ള എതിർപ്പിന്റെ പ്രതീകമായി കണ്ടു ഇറാനിയൻ വിപ്ലവത്തിൽ പങ്കെടുത്ത സ്ത്രീകൾ പർദ്ദ ഒരായുധമായി അണിയുകയുണ്ടായി. എന്നാൽ ഇസ്ലാമിക വിപ്ലവത്തിന്റെ വിജയത്തിനു ശേഷം സ്ത്രീകൾ വീടുകളിൽ തളച്ചിടപ്പെടുകയും പർദ്ദ ഇസ്ലാമിക സംസ്ക്കാരത്തിന്റെ ഭാഗമായി വഹിക്കേണ്ടിയും വന്നു. ഈജിപ്ഷ്യൻ ഫെമിനിസ്ററ് പ്രസ്ഥാനത്തിന്റെ സ്ഥാപകയായ ഹുദാ ശെറാവി ലോകത്തെ സ്ത്രീ പ്രസ്ഥാനങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് കെയ്റോയിൽ തിരിച്ചത്തി യപ്പോൾ ഹുദാശെറാവിയെ റയിൽവേ സ്റ്റേഷനിൽ സ്വീകരിക്കാനെത്തിയവരുടെ മുമ്പിൽ വെച്ച് പർദ്ദ ഊരി വലിച്ചെറിഞ്ഞുകൊണ്ട് ഒരു ഫെമിനിസ്റ്റ് യൂനിയൻ സ്ഥാപിച്ചതായി പ്രഖ്യാപിക്കുകയുണ്ടായി. ഇസ്ലാമിൽ ഹിജാബ് (പർദ്ദ) എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് വേർതിരിക്കൽ, മറ, കർട്ടൺ, എന്നൊക്കെയാണ്. സ്ത്രീകൾ അവർക്ക് താൽപര്യമില്ലെങ്കിൽ കൂടി കണ്ണും കൂടി മറച്ച് വഹിക്കേണ്ടി വരുന്ന തരത്തിൽ അതിനെ മാറ്റി എടുക്കാൻ മത പുനരുത്ഥാന ശക്തികൾക്ക് കഴിഞ്ഞു എന്നതാണ് സത്യം.

മൂടുപടമിട്ട് ഒതുക്കി, പെറ്റുകൂട്ടാനുള്ള വെറും യന്ത്രങ്ങളല്ല മുസ്ലിം സ്ത്രീകളെന്നും അവരുടെ പദവി എത്രത്തോളം അംഗീകരിക്കപ്പെട്ടിരുന്നുവെന്നും മേൽപ്പറഞ്ഞ കാര്യങ്ങളിൽ നിന്നും മനസ്സിലാക്കാം. സ്ത്രീവിരുദ്ധ ആശയങ്ങൾ പ്രചരിപ്പിച്ച് നൂറ്റാ ണ്ടുകൾക്ക് പിറകെ സഞ്ചരിക്കാനുള്ള ആഹ്വാനം സ്ത്രീകളെ തളച്ചിടുക എന്ന ഒരു പദ്ധതിയുടെ ഭാഗം മാത്രമാണ്. സംസ്ക്കാരവും, മതവും തമ്മിലുള്ള വ്യത്യാസങ്ങൾ തിരിച്ചറിയാതെ അന്ധമായ പാരമ്പര്യങ്ങൾ പിന്തുടരുന്ന പതിവ് നാം ഉപേക്ഷിച്ചേ മതിയാകൂ. ലിംഗ നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിന് അതിരുകളില്ല എന്ന ബോധ്യത്തിൽ നിന്നു കൊണ്ട് നമുക്ക് പോരാടേണ്ടതുണ്ട്. ധാരാളം പണ്ഡിതരായ സ്ത്രീകളുള്ള മുസ്ലിം സമുദായത്തിൽ നിന്നും സ്ത്രീകൾ ഇമാമുകളും ഖാസിമാരും ആയി വരേണ്ടതുണ്ട്. എല്ലാതരം വ്യത്യസ്തതകൾക്കുമതീതമായി മുസ്ലിം പള്ളികളിൽ സ്ത്രീകൾക്ക് പ്രവേശനവും ഇന്നിന്റെ അനിവാര്യതയാണ്. ഒരിടവും അവൾക്കന്യമല്ല. അതിനു വേണ്ടി നമുക്ക് പോരാടാം.

■

ഉപ്പും മുളകും



പി. ഗീത

# എന്റെ വിശ്വാസത്തെ അളക്കാൻ നിങ്ങളാര്?

ശബരിമലയിലെ യുവതീ പ്രവേശം സംബന്ധിച്ചുണ്ടായ സുപ്രീംകോടതി വിധിയെ ത്തുടർന്ന് കേരളീയ പൊതുമണ്ഡലത്തിലുണ്ടായ വിശ്വാസ ആചാര ചർച്ചകൾ മലയാളി പൊതു ബോധത്തെ പല മട്ടു പിടിച്ചുലച്ചു കൊണ്ടിരി ക്കുന്നു. വിശ്വാസം എന്നാൽ എന്ത്, ആരാണ് യഥാർഥ വിശ്വാസി എന്നിങ്ങനെ പലതരം നിർണ യങ്ങൾ സമീപകാലത്തു നടന്നു കൊണ്ടിരിക്കുന്നു.

ഈ കുറിപ്പ് വിശ്വാസം എന്ന അവസ്ഥയെ ക്കുറിച്ചുള്ള എന്റെ വ്യക്തിപരമായ അനുഭവക്കു റിപ്പുകൂടിയാണെന്ന് ആദ്യമേ അറിയിക്കുന്നു. അതിനാൽ ഈ കുറിപ്പിൽ വൈയക്തികതയും വൈകാരികതയും ഒഴിവാക്കാനാകില്ല. എന്നാൽ അതു കൊണ്ടു മാത്രം അത് രാഷ്ട്രീയമല്ലാതിരി ക്കുന്നുമില്ല.

ചെറുപ്പത്തിലെ ഓർമ്മകളിൽ ഒന്ന് അമ്മ യോടൊപ്പം നടത്തിയ ക്ഷേത്ര ദർശനങ്ങളാണ്. തിരുമാന്ധാംകുന്ന്, ഗുരുവായൂർ, പഴനി എന്നി ങ്ങനെ... കളംപൂജ, കൃഷ്ണനാട്ടം, കാവടി...

അമ്മ പറയും അമ്മൂ തൊഴുതോളൂ. അമ്പാട്ടിയെ നല്ലോണം വിചാരിക്കൂ. അമ്മ കുറേ കീർത്തനങ്ങളും ശ്ലോകങ്ങളും പഠിപ്പിച്ചിരുന്നു

ഹരി: ശ്രീ ഗണപതയേ നമ:

ശുക്ലാംബരധരാം വിഷ്ണും....

സരസ്വതി നമസ്തുഭ്യം... എന്നിങ്ങനെ. അതൊക്കെ കാണാപ്പാഠമാക്കി. മൂകാംബികയാ യിരുന്നു അമ്മയുടെ മറ്റൊരു ദൗർബല്യം/ശക്തി.

അമ്മയുടെ ഈ ഭക്തിയിൽ അച്ഛൻ എന്തെ ങ്കിലും വിധത്തിൽ ഇടപെട്ടിരുന്നതായി ഓർമ്മയില്ല. അമ്മക്കെന്തു വേണമോ എവിടെ പോകണമോ കൂട്ടായി നിന്നു. പക്ഷെ ഞാനിതിനെ മറ്റൊരു വിധം സമീപിച്ചു. അമ്മ എന്ന ശകാരിക്കുകയോ അടിക്കു കയോ ചെയ്താൽ വലിയ വായിൽ ദൈവങ്ങളെ വിളിച്ചു കരയും. "അയ്യോ ന്റെ കൃഷ്ണാ ദേവീ... രക്ഷിക്കണേ...." ദൈവനാമത്തിലുള്ള ആ അലർ ച്ചകൾ അമ്മയെ ശാന്തയാക്കും. അടിയും ശകാ രവും നിർത്തും. എന്നോട് അലിവുള്ളവളാകും. അമ്മ ഒളിപ്പിച്ചു വെച്ച കായവറുത്തതും ചക്കവരട്ടി യതും ബിസ്ക്കറ്റും എനിക്കു കൊണ്ടത്തരും. ഇപ്പോൾ ഞാൻ തിരിച്ചറിയുന്നു അമ്മയുടെ വിശ്വാസം അമ്മയുടെ സ്നേഹമായിരുന്നുവെന്ന്.

എന്റെ ചിന്തകൾ മനുഷ്യരെയും മൃഗങ്ങ ളെയും പ്രകൃതിയെയും പറ്റിയായിരുന്നു.

കുട്ടിക്കാലം തൊട്ടേ നായ്ക്കളിൽ എനിക്കു വലിയ വിശ്വാസമായിരുന്നു. പക്ഷികളെയും പൂക്ക ളെയും ഞാൻ വിശ്വസിച്ചിരുന്നു. അതിനാൽ മൃഗ ങ്ങളെക്കൊണ്ട് അഭ്യാസം കാണിക്കുന്ന സർക്കസ് കാണാനേ എനിക്കിഷ്ടമായിരുന്നില്ല. സർക്കസിനെ ഞാൻ വല്ലാതെ ഭയപ്പെട്ടിരുന്നു. എന്തുകൊണ്ടാണ് മനുഷ്യർ മൃഗങ്ങളുടെ മേൽ ഇത്തരത്തിൽ ഏക പക്ഷീയമായ അധികാരം പ്രയോഗിക്കുന്നതെന്നത് എന്നെ അന്നും ഇന്നും അലട്ടുന്ന വിഷയമായി രുന്നു. മൃഗങ്ങളെ ദൈവങ്ങൾക്കു ബലി നല്കി സ്വന്തം ആചാര വിശ്വാസങ്ങൾ കാത്തു സൂക്ഷി ക്കുന്ന മനുഷ്യരെ ഞാനൊരിക്കലും നമ്പിയിട്ടില്ല.

ദേവാലയങ്ങളിലെ സ്ത്രീകളുടെ രണ്ടാം കിട പൗര പദവി ഏതെങ്കിലും ആചാരത്തിന്റെ ഭാഗമല്ല. മറിച്ച് ദൈവപ്രാതിനിധ്യം പുരുഷന്മാർ പിടിച്ചെടുക്കുന്നതിന്റെ ഭാഗമാണ്. ഇത്തരം മധ്യ പുരുഷന്മാരാണ് വിശ്വാസങ്ങളുടെയും ആചാര ങ്ങളുടെയും നിർണയങ്ങൾ നടത്താറ്. ഇയാളെ ബിഷപ്പ്, അച്ചൻ, പൂജാരി, തിരുമേനി, മുക്രി, മൊല്ലാക്ക എന്നിങ്ങനെ എന്തു വിളിച്ചാലും ശരി യാണ്. ഇയാൾ ആചാരങ്ങളുടെ ബലത്തിലും ദുർബലരുടെ ദൈവത്തോടുള്ള വിശ്വാസത്തിന്റെ പേരിലും ധാർമ്മികതയുടെ മാത്രമല്ല സമ്പത്തി ന്റെയും കുത്തക തട്ടിയെടുത്തവനാണ്. ഇയാ ളാണ് കന്യാസ്ത്രീകളെ പീഡിപ്പിക്കുന്നവനും

പെൺകുട്ടികളെ മതം പഠിപ്പിക്കുമ്പോൾ പീഡിപ്പിക്കുന്നവനും സ്ത്രീകളെ നാമജപത്തിനു തെരുവിലിറക്കുന്നവനും പെൺകുട്ടിയെ ക്ഷേത്രാങ്കണത്തിൽ കൂട്ടം ചേർന്നു ബലാത്സംഗം ചെയ്യുന്നവനും.

അതിനാൽ ഈ മധ്യവർത്തി പുരുഷനെ വകഞ്ഞു മാറ്റിയാൽ മാത്രമേ സ്ത്രീകൾക്കു ദൈവ വഴികൾ തുറന്നു കിട്ടുകയുള്ളു. ദൈവം എന്നൊരാൾ എവിടെയെങ്കിലുമിരുന്ന് സൃഷ്ടിസ്ഥിതി സംഹാരങ്ങൾ നടത്തുന്നുണ്ടോ എന്നതല്ല വിഷയം. മറിച്ച് ദൈവം എന്ന സങ്കല്പത്തിലേക്കുള്ള വഴികളാണ്, ആ വഴിയിലൂടെയുള്ള യാത്രയാണ്.

ദൈവം എന്തുമാകാം ആരുമാകാം. ഗാന്ധിജിക്കതു സത്യമായിരുന്നു, മദർ തെരേസക്ക് സേവനമായിരുന്നു, കാൾ മാർക്സിനു സിദ്ധാന്തമായിരുന്നു, മാവോക്കു സമരവും. ആ ലക്ഷ്യത്തിലെത്താനുള്ള പ്രവർത്തനങ്ങളെയാണ് ഞാൻ ആചാരങ്ങൾ എന്നു പേരിടുന്നത്. ആ നിലക്ക് വിശ്വാസിയല്ലാത്തവൻ നിലനില്ക്കുന്നില്ല. ജീവിച്ചിരിക്കുന്നവരാകട്ടെ ആചാരികളുമാണ്.

എന്റെ ദൈവത്തെ ഞാൻ നിശ്ചയിക്കും. അതിനിടയിൽ മറ്റൊരാൾക്കെന്തു കാര്യം?

ഇത്തരം ദൃഢനിശ്ചയങ്ങളിലൂടെ മാത്രമേ ഒരു പെണ്ണിനവളുടെ ജീവിതം നിർണയിക്കാൻ സാധ്യമാകൂ. വിശ്വാസികളും അവിശ്വാസികളും തമ്മിലും ഭക്തരും ആക്ടിവിസ്റ്റുകളും തമ്മിലുമുള്ള വിരുദ്ധ ദ്വന്ദ്വ സൃഷ്ടിയിലൂടെ ലാഭം കൊയ്യുന്നത് പുരുഷാധികാരം മാത്രമാണ്. ദൈവങ്ങൾക്കിതിൽ യാതൊരു കാര്യവുമില്ല. അതിനാൽത്തന്നെ സ്ത്രീ സമൂഹം സ്വന്തം വിശ്വാസത്തെ കണ്ടെത്തുകയും പ്രഖ്യാപിക്കുകയും ചെയ്യാൻ വൈകി. നീ വിശ്വാസിനിയാകൂ എന്നോ നീ വിശ്വാസിനിയല്ല എന്നോ വിധിക്കാൻ വരുന്ന പുരുഷനോട് എന്റെ വിശ്വാസത്തെ അളക്കാൻ നിങ്ങൾ ആരുമല്ലെന്നു തലയുയർത്തി നിന്ന് ഇനിയെങ്കിലും സ്ത്രീകൾ പ്രതികരിച്ചില്ലെങ്കിൽ ദൈവം മാത്രമല്ല സ്ത്രീസമൂഹമൊന്നാകെ റദ്ദുചെയ്യപ്പെടുകയായിരിക്കും ഫലം. ■

---

*(തുടർച്ച പേജ് 11)*

ടുക ഞങ്ങളെ' എന്നത് ഗുരു എഴുതിയതിൽ എനിക്കേറ്റവുമിഷ്ടപ്പെട്ട വരികളാണ്. വസ്ത്രം തരുന്ന ദൈവം തന്നെ അത് ഡിസൈൻ ചെയ്യണമെന്ന് പറയുന്നത് എന്തൊരു വിവരമില്ലായ്മയാണ്. ആത്മീയതയുടെ അരികുകൾ പോലും അറിഞ്ഞിട്ടില്ലാത്തവരാണ് ഇതിനൊക്കെ വേണ്ടി വാദിക്കുന്നത്. തുണി ഉടുക്കാതെ നടന്ന ജനതക്ക് ഒരിക്കൽ അമ്പലത്തിൽ കയറാം, പക്ഷെ ഇപ്പോൾ തുണി ഉടുത്തുകൊണ്ട് ചെന്നാൽ ദൈവം ഇറങ്ങി ഓടിക്കളയും എന്ന് വിശ്വസിക്കുന്നത് തന്നെ വിരോധാഭാസമാണ്. എല്ലാവരുടെയും വസ്ത്രമെടുത്തു കൊണ്ടുപോയ ആളാണ് ശ്രീകൃഷ്ണൻ. അവിടെ ചുരിദാറിട്ടത് കൊണ്ട് ഒന്നും സംഭവിക്കില്ല. വിദ്യാഭ്യാസവും വിവരവുമില്ലാത്ത ഫാഷിസ്റ്റ് ചിന്താഗതി പുലർത്തുന്നവരാണ് ഇത് പറയുന്നത്. അവർക്ക് അവരുടെ ഭാര്യമാർ ചുരിദാറിടുന്നത് ഇഷ്ടമല്ലായിരിക്കാം. പുരുഷമേധാവിത്വം കാണിക്കാനുള്ള ഒരു വഴി മാത്രമാണ് അത്. വൈദിക ഗ്രന്ഥങ്ങളെഴുതുന്ന കാലത്ത് ഉണ്ടായിരുന്ന വസ്ത്രമല്ല ചുരിദാർ. ഇനി അന്ന് ഉണ്ടായിരുന്ന വസ്ത്രങ്ങളെ കുറിച്ച് പോലും വേദങ്ങളിൽ പ്രതിപാദിച്ചിട്ടില്ല. അപ്പോൾ പിന്നെ ആരാണ് ഇതൊക്കെ തീരുമാനിക്കുന്നത്?

* ശബരിമലയിൽ പുരുഷന് ഉണ്ടാകേണ്ട ആത്മീയ അനുഭവം സാധ്യമാകുന്നതിനായി സ്ത്രീകൾ മാറി നിൽക്കണമെന്ന വാദത്തോട് യോജിക്കുന്നുണ്ടോ?

ആത്മീയയാത്ര ഒരു ഒറ്റയടിപ്പാതയാണ്. തുടങ്ങിയാൽ അതിനൊരു തിരിച്ചു പോക്കില്ല, തിരിച്ചു പോകണമെന്ന് നമുക്ക് തോന്നാത്ത ഒന്നായിരിക്കും. ഒരാൾക്ക് അയാളുടെ സ്പിരിചൽ ജേർണിക്ക് അമ്മയും ഭാര്യയും മകളുമെല്ലാം ഒരു പ്രശ്നമാണെങ്കിൽ അയാൾ അത് ഉപേക്ഷിക്കണം. പക്ഷേ പിന്നീട് തിരിച്ചുവരാൻ പാടില്ല. ചായകുടിച്ച് തിരിച്ചു പോരുന്നത് പോലെ ചെയ്യാവുന്ന ഒന്നല്ല ആത്മീയത.നാൽപ്പത്തിയൊന്നു ദിവസം കൊണ്ട് തീരുന്ന ഒന്നല്ല. പിന്നീട് അയാൾ സ്ത്രീയിലേക്ക് വരുന്നത് എന്തിനാണെന്ന് അയാൾ വ്യക്തമാക്കണം. എന്റേത് ഇവരെയെല്ലാം ഉൾപ്പെടുത്തിയിട്ടുള്ള യാത്രയാണ്.

* സ്ത്രീയായത് കൊണ്ട് പഠനകാലത്ത് എന്തെങ്കിലും വെല്ലുവിളികൾ നേരിട്ടിട്ടുണ്ടോ?

ഞാൻ എപ്പോഴും അസാധാരണമായ അന്തസ്സുള്ള പുരുഷന്മാരുടെ കൂടെയാണ് സഹവസിച്ചിട്ടുള്ളത്. എന്റെ ഗുരു മുതൽ സുഹൃത്തുക്കൾ വരെ അങ്ങനെ തന്നെയായിരുന്നു. അതിനുള്ള ഭാഗ്യം എനിക്ക് ഉണ്ടായിട്ടുണ്ട്. മണ്ടന്മാരായ പുരുഷന്മാരെ എനിക്ക് സഹിക്കാൻ കഴിയില്ല. അവരെ ഒഴിവാക്കാനുള്ള പ്രിവിലേജുകളെല്ലാം എനിക്ക് ലഭിച്ചു എന്നുള്ളതാണ് മറ്റൊരു ഭാഗ്യം. സഹോദരനായാലും ഭർത്താവായാലും എനിക്കതിനുള്ള സ്പേസ് തന്നിരുന്നു എന്ന് ഞാൻ തിരിഞ്ഞു നോക്കുമ്പോൾ മനസ്സിലാവുന്നുണ്ട്. എന്റെ പഠനങ്ങളെല്ലാം നടന്നത് എന്റെ പ്രിവിലേജുകളിലൂടെ കൂടിയാണ്. എന്റെ സ്ഥാനത്ത് കുറച്ചു കൂടി ഇരുണ്ട നിറമോ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നതോ ആയ ഒരാൾ ആണെങ്കിൽ ഇത്ര എളുപ്പമാവില്ലായിരുന്നു കാര്യങ്ങൾ. ■

വഴിത്താരകൾ

ജാനകി
*കോഴിക്കോട് സർവ്വകലാശാല*
*ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക*



# പെണ്ണരങ്ങുകൾ



**'സ്ത്രീ** നാടകവേദിയുടെ രാഷ്ട്രീയം അവതരിക്കപ്പെട്ട രംഗാവിഷ്കാരത്തിന്റെ സ്ത്രീപക്ഷ പാരായണമല്ല. മറിച്ചു നാടകവേദിയുടെ നിർമ്മിതിയെ തന്നെ സ്വാധീനിക്കുന്ന ഒന്നാണ്. നാടകവേദിയുടെ പ്രവർത്തനരീതി വിഷയം തിരഞ്ഞെടുക്കുന്നത് അവതരണശൈലി എന്നിവയെല്ലാം രൂപപ്പെടുത്തുന്ന ചിന്താധാരയാണ് സ്ത്രീനാടകവേദി.'

**മലയാള സ്ത്രീ നാടകചരിത്രം, സജിത മഠത്തിൽ**

നാടകപ്രവർത്തക, ചലച്ചിത്രനടി, മലയാളനാടക ചരിത്രരചയിതാവ്, സംവിധായിക, നാടകകൃത്ത്, ടെലിവിഷൻ പ്രവർത്തക, ഫെമിനിസ്റ്റ് ആക്ടിവിസ്റ്റ് എന്നീ നിലകളിലെല്ലാം കേരളത്തിന്റെ പൊതുമണ്ഡലത്തിൽ സ്വന്തമായ ഇടം അടയാളപ്പെടുത്തിക്കൊണ്ടിരിക്കുന്ന സജിത മഠത്തിലിന്റെ നാടകസമാഹാരത്തിനു മുൻകുറിപ്പെഴുതുമ്പോൾ അവരുടെ തന്നെ നിരീക്ഷണങ്ങളെ പരാമർശിച്ചു കൊണ്ട് തുടങ്ങുന്നത് എന്തുകൊണ്ടും ഉചിതമെന്നു കരുതുന്നു. കാരണം കഴിഞ്ഞ മൂന്നു ദശകങ്ങളായി സജിതയുടെ സുദീർഘമായ കലാസപര്യയിൽ നിന്നും നാടകപരീക്ഷണങ്ങളിൽ നിന്നും ജീവിതയാത്രയിൽ നിന്നും രാഷ്ട്രീയ അന്വേഷണങ്ങളിൽ നിന്നും, അവർ സംഭരിച്ചെടുത്ത ഉൾക്കാഴ്ചകളുടെ ഊർജ്ജം ഈ വരികളിൽ സ്പന്ദിക്കുന്നുണ്ട്.

ആഗോളതലത്തിൽ തന്നെ, കഴിഞ്ഞ നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ സ്ത്രീപക്ഷ ചിന്തകളുടെ ഉണർച്ചകളുടെ ഭാഗമായി അരങ്ങിന്റെ ഭാഷ ഒരു വലിയ തകിടം മറിച്ചിലിലൂടെ കടന്നുപോയതിനു പിന്നിൽ ഒരുകൂട്ടം നാടകരചയിതാക്കളായ സ്ത്രീകളുടെ, സ്ത്രീ കൂട്ടായ്മകളുടെ മുൻകൈയും ആത്മവിശ്വാസവും ഉണ്ടായിരുന്നു. വൻസാമൂഹ്യചലനങ്ങൾ സൂക്ഷ്മവും ലോലവുമായ വ്യക്തിബന്ധങ്ങളെ പോലും കീഴ്മേൽ മറിക്കുമ്പോൾ, മുളപൊട്ടുന്ന സംഘർഷങ്ങളെ അതാത് കാലങ്ങളിൽ നാടകങ്ങൾ ആവിഷ്കരിച്ചത് പുരുഷ പ്രധാനമായ കാഴ്ചപ്പാടിലൂടെയാണെന്ന തിരിച്ചറിവ് സ്ത്രീകളായ നാടകകൃത്തുക്കളെ അരങ്ങിനെക്കുറിച്ചും രംഗപാഠത്തെക്കുറിച്ചും ഒരു ബദൽ പരിപ്രേക്ഷ്യം രൂപപ്പെടുത്തേണ്ടുന്ന ആവശ്യകതയിലേക്കു നയിച്ചു. സ്ത്രീകളുടെ ജീവിതപശ്ചാത്തലങ്ങളുടെ,അനുഭവപരിസരങ്ങ

ളുടെ വർഗ്ഗ/വംശ/ജാതിപരമായ വൈജാത്യങ്ങളും വൈവിധ്യങ്ങളും സാമ്പ്രദായിക സ്ത്രീകഥാപാത്ര സങ്കല്പങ്ങളെയും സ്ത്രീപുരുഷബന്ധങ്ങളുടെ സമവാക്യങ്ങളെയും മാറ്റിമറിച്ചു.രംഗാവിഷ്കരണങ്ങളിൽ മലയാളിസ്ത്രീയുടെ തുടർച്ചകളെ അന്വേഷിക്കുമ്പോൾ, നമ്മൾ ചില അപ്രിയസത്യങ്ങളിൽ എത്തിച്ചേരുന്നു. നടി എന്ന നിലയിലുള്ള അസ്തിത്വത്തിനു നാടകരംഗത്തു മലയാളി സ്ത്രീക്കു അവകാശപ്പെടാവുന്ന പാരമ്പര്യം, നാടകകൃത്ത് എന്ന നിലയിൽ ഇല്ല. ആൺകോയ്മയിൽ അധിഷ്ഠിതമായ സദാചാരമൂല്യങ്ങളിൽ ഉറച്ചുനിന്നു എഴുതപ്പെട്ട പുരോഗനോന്മുഖമായ നാടകങ്ങൾ പോലും ആധുനിക മലയാളി പുരുഷന്റെ പ്രതിസന്ധിയും വൈരുധ്യങ്ങളുമാണ് ആവിഷ്കരിച്ചതെന്നത്, നാടകരചനയിലെ ലിംഗരാഷ്ട്രീയത്തിന്റെ സൂക്ഷ്മതലങ്ങളെ അനാവരണം ചെയ്യുന്നു.

കേരളത്തിന്റെ നാടകചരിത്രത്തിലേക്കു തിരിഞ്ഞു നോക്കുമ്പോൾ. സാമൂഹ്യ നവോത്ഥാനത്തിന് വേണ്ടിയുള്ള നാടകരചനയുടെ അഭിമാനാർഹമായ ഒരു പാരമ്പര്യം നമുക്ക് അവകാശപ്പെടാനുണ്ട്. എങ്കിലും നാടകരചനയിൽ സ്ത്രീപങ്കാളിത്തം ചുരുക്കം ചില വ്യക്തികളിലും കൂട്ടായ്മകളിലും ഒതുങ്ങി നിൽക്കുന്നതായി കാണാം. അരങ്ങിന്റെ ഭാഷയെ പുനർചിന്തിക്കുമ്പോൾ ലിംഗനീതിയിൽ ആഴ്ന്നു നിൽക്കുന്ന സ്വത്വബോധത്തിൽ നിന്ന് കഥാപാത്രങ്ങളെയും സംഘർഷങ്ങളെയും പുനർസങ്കൽപ്പിക്കേണ്ടിയിരിക്കുന്നു.

നോവൽ, കഥ, കവിത എന്നീ സാഹിത്യമേഖലകളിലേക്കു സ്ത്രീകൾ തങ്ങളുടെ സർഗ്ഗാത്മകതയെയും ഭാവനാവിലാസത്തെയും പ്രസരിപ്പിച്ചതുപോലെ നാടകരചനയിലേക്കു വിപുലപ്പെടുത്തിയില്ല എന്നത് ശ്രദ്ധേയമാണ്. സങ്കുചിതമായ സാമൂഹ്യജീവിതവും, പൊതു ഇടങ്ങളിൽ ഇറങ്ങി പ്രവർത്തിക്കാനുള്ള വിമുഖതയും ആണ് ഒരു collaborative കലയായ നാടകരചനയിൽ നിന്ന് സ്ത്രീകളെ പിന്മടക്കുന്നതെന്ന സിദ്ധാന്തങ്ങൾ പോലും മുന്നോട്ടുവെക്കപ്പെട്ടു.

അതേസമയം അത്ര ശുഷ്കമല്ല ഈ സർഗ്ഗധാര. അല്പം മെലിഞ്ഞിട്ടാണെങ്കിലും ഒരു ചെറുനീരുറവ കുട്ടിക്കുഞ്ഞി തങ്കച്ചിയിൽ തുടങ്ങി, തോട്ടക്കാട്ട് ഇക്കാവമ്മയിലൂടെയും ലളിതാംബിക അന്തർജ്ജനത്തിലൂടെയും തൊഴിൽകേന്ദ്രത്തിലേക്കു എന്ന ചരിത്രപ്രധാനമായ നാടകം രചിച്ച സ്ത്രീ സൗഹൃദത്തിലൂടെയും പിന്നീട് സമീപകാലങ്ങളിൽ ശ്രീജ ആറങ്ങോട്ടുകര, ഇ.രാജരാജേശ്വരി, സി.വി.സുധി, ശ്രീലത, സജിത മഠത്തിൽ, ശൈലജ എന്നിവരുടെ സംരംഭങ്ങളിലേക്കും നീളുന്നത് നമുക്ക് കാണാം.

ഈ നാടകരചന സമൂഹവും സംസ്കാരവുമായുള്ള സംഘർഷാത്മകമായ,ആഴത്തിലുള്ള സംവേദനവും സംവാദവുമാണ്. ഭാവഹാവാദികളും, ചേഷ്ടകളും സ്വയം പുതുക്കപ്പെടുന്നു. ഇത് വരെയുള്ള രംഗപാഠങ്ങൾ, അവതരണരീതികൾ ചോദ്യം ചെയ്യപ്പെടുന്നു. അപകടകരമായ ഒരു സഞ്ചാരമാണ് സ്ത്രീനാടകരചന വാഗ്ദാനം ചെയ്യുന്നതെന്ന കാര്യം സജിതയുടെ നാടകങ്ങൾ നമ്മെ വീണ്ടും ഓർമ്മിപ്പിക്കുന്നു. അതിനൊപ്പം, തന്റെ തന്നെ ചരിത്രവുമായിട്ടുള്ള ഏറ്റുമുട്ടലും ഈ പ്രക്രിയയിൽ അടങ്ങിയിട്ടുണ്ട്. ആ ഏറ്റുമുട്ടലുകളിൽ സ്വാഭാവികമായും ഉണ്ടാകുന്ന ഘർഷണമാണ് സ്ത്രീനാടകവേദിയുടെ സൗന്ദര്യശാസ്ത്രത്തിനു അടിത്തറ പാകുന്നത്. ഈ സംവേദനപ്രക്രിയ ജെണ്ടർ രാഷ്ട്രീയത്തിന്റെ ആത്മപരിശോധനകളിലൂടെയും, പുതിയ അവബോധങ്ങളിലൂടെയും കടന്നുപോകുമ്പോൾ സങ്കേതങ്ങളും ഘടനകളും സ്വയം അഴിച്ചുപണിയുന്നു. തുടർച്ചകളെക്കാൾ ഇടർച്ചകളിലൂടെ ഒരു പാരമ്പര്യം സ്വയം രൂപപ്പെടുത്തിക്കൊണ്ടേയിരിക്കുകയാണ്. സജിത രചിച്ച ഈ നാടകങ്ങളുടെ സമാഹാരം ആ സ്വയം നിർമ്മിതിയുടെ നിർണ്ണായക ഘട്ടങ്ങളിലൊന്നാണ്.

'മത്സ്യഗന്ധി', 'ചക്കീ ചങ്കരൻ ഒരു ഫാമിലി റിയാലിറ്റി ഷോ', 'മദർസ് ഡേ', 'കാളീനാടകം' എന്നീ രചനകൾ അടങ്ങിയ ഈ സമാഹാരത്തിലൂടെ നമ്മൾ യാത്ര ചെയ്യുമ്പോൾ ഐതിഹ്യങ്ങളും രാഷ്ട്രീയവും, അധികാരവും വിശ്വാസവും, പൗരാണിക സ്പന്ദനങ്ങളും സമകാലിക തുടിപ്പുകളും, സന്ദേഹങ്ങളും സംശയങ്ങളും ഇഴചേർന്നു കിടക്കുന്ന സങ്കീർണ്ണമായ ഭൂമികയിലാണ് നാമെന്നു നമ്മൾ അറിയുന്നു. നിലനിൽക്കുന്ന രംഗഭാഷയുടെ കരുത്തിനെ സ്വാംശീകരിച്ചും അതുമായി ക്രിയാത്മകമായി തർക്കിച്ചുമാണ് അതിദ്രുതം മാറിമറിഞ്ഞുകൊണ്ടിരിക്കുന്ന കേരളസമൂഹത്തിലെ ലിംഗാധിഷ്ഠിതമായ സ്വത്വപ്രതിസന്ധികളെ സജിത അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. നവമാധ്യമങ്ങളും ഡിജിറ്റൽ അഭിരുചികളും ആഗോള സാംസ്കാരികവിപണിയുടെ ദൈനംദിന സാന്നിധ്യവും, ലോകമെമ്പാടും ഭീഷണരൂപം പ്രാപിക്കുന്ന പ്രതിലോമശക്തികളുടെ ഉയർച്ചയും സാധാരണ ജീവിതതാളങ്ങളെ പോലും കീഴ്മേൽ മറിക്കുന്ന സാഹചര്യങ്ങളിലാണ് നാമിന്നു ജീവിക്കുന്നത്. മാറ്റങ്ങളിൽ നാം ആശ്വസിക്കുമ്പോഴും പൊതുസ്മൃതിയിൽ ആഴ്ന്നു കിടക്കുന്ന വർണ്ണ/ജാതി/വംശ വെറികളുടെയും, കാമവെറിയുടെയും വിത്തുകൾ വീണ്ടും വീണ്ടും പൊട്ടിമുളക്കുന്നതു ഈ നാടകങ്ങളിൽ കാണാം. പഴമയും പുതുമയും കൂടിക്കുഴഞ്ഞു കിടക്കുന്ന

ഒരു അനുസ്യൂതിയിലാണ് മലയാളി സ്ത്രീ ജീവിക്കുന്നത്. അവളനുഭവിക്കുന്ന യാതനയിലും, അവൾ നടത്തുന്ന ചെറുത്തുനില്പിലും പുരാതനവും നവീനവുമായ മൂല്യസംഹിതകൾ ഒത്തുചേരുന്നുണ്ട്. പുരുഷവിരുദ്ധമായ വാചാടോപമായി ചുരുങ്ങാതെ വിഭിന്നങ്ങളായ ലിംഗവ്യക്തിത്വങ്ങളെ, ലൈംഗികബോധങ്ങളെ എങ്ങിനെയാണ് പുതിയ അധികാര പരിസരങ്ങൾ നിർമ്മിക്കുകയും മെരുക്കുകയും ചെയ്യുന്നതെന്ന അന്വേഷണം ഈ നാടകങ്ങളിൽ കാണാം. പ്രമേയത്തിന്റെ തിരഞ്ഞെടുപ്പിന് കൊടുക്കുന്ന അത്ര തന്നെ അല്ലെങ്കിൽ അതിനുമുപരിയായ പ്രാധാന്യം രംഗാവതരണത്തിനുണ്ടെന്നുള്ളത്, വിശദമായ രംഗസജ്ജീകരണ നിർദ്ദേശങ്ങൾക്കും, ശബ്ദ സംവിധാനത്തിനും ദീപവിതാനത്തിനും കഥാപാത്രങ്ങളുടെ സാധ്യതകൾക്കും കൊടുക്കുന്ന പരിചരണത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാവുന്നതാണ്.

ഏകദേശം ഇരുപത്തിയഞ്ചു വർഷം മുൻപാണ് ഞാനാദ്യമായി, ശ്രീലതയുമൊത്തു സജിത അഭിനയിച്ച നാടകം എറണാകുളം പബ്ലിക് ലൈബ്രറി ഹാളിൽ വെച്ച് കാണുന്നത്. ജി.ശങ്കരപ്പിള്ളയുടെ രണ്ടു നാടകങ്ങളെ സമന്വയിപ്പിച്ചു സി.വി സുധി രചിച്ചു സംവിധാനം നിർവ്വഹിച്ച 'ചിറകടിയൊച്ചകൾ' എന്ന ആ നാടകം സ്ത്രീനാടകവേദിയുടെ സാക്ഷാത്ക്കാരത്തിലേക്കുള്ള നിർണ്ണായകമായ ഒരു ചുവടുവെപ്പായിരുന്നു. അന്ന് തൊട്ടിങ്ങോട്ടു ഈ കലാകാരികളുടെ പ്രയാണം കേരള സമൂഹം സാകൂതം വീക്ഷിച്ചിട്ടുണ്ട്. ആ പ്രയാണത്തിൽ പ്രേക്ഷകസമൂഹവും പങ്കാളികളാണ്. ഇവരിൽ ഒരാളായ സജിതയുടെ അന്വേഷണങ്ങളും പരീക്ഷണങ്ങളും ഇതര മാദ്ധ്യമങ്ങളിലേക്കും പടർന്നു കയറി എന്നത് ഈ കലാകാരിയുടെ ബഹുമുഖമായ കലാവ്യക്തിത്വത്തിന്റെ സവിശേഷതയാണ്. എഴുത്ത്, ടെലിവിഷൻ, സിനിമ എന്നീ ചില്ലകളിലേക്കു പറക്കുമ്പോഴും നാടകത്തിന്റെ ജൈവചൈതന്യം സജിതയിൽ തുടിച്ചു കൊണ്ടിരിക്കുന്നു എന്നതിന്റെ ദൃഷ്ടാന്തമാണ് ഈ യാത്രക്കിടയിൽ അവർ രചിച്ചിട്ടുള്ള നാടകങ്ങൾ. ഇലക്ട്രോണിക്ക് ഡിജിറ്റൽ സങ്കേതങ്ങൾ പരുവപ്പെടുത്തിയെടുക്കുന്ന,അവയുമായി സ്ഥിരം ഇടപെടുന്ന ഒരു പ്രേക്ഷകസമൂഹത്തിന്റെ അരങ്ങിനെ കുറിച്ചുള്ള സങ്കൽപ്പവും, ദൃശ്യ അഭിരുചികളും വ്യത്യസ്തമാണെന്ന ബോധ്യം ഈ നാടകങ്ങളിൽ നിഴലിക്കുന്നുണ്ട്.

നടികളായും, സംവിധായകരായും സ്ത്രീകൾ പല പൂർവ്വനിശ്ചിതങ്ങളായ റോളുകളെയും അരങ്ങിലെ പെരുമാറ്റങ്ങളെയും കീഴ്‌വഴക്കങ്ങളെയും അട്ടിമറിച്ചു എന്നത് ഇനിയും ആവർത്തിക്കേണ്ടതില്ല. സവർണ്ണമേധാവിത്തത്തിലും ആൺകോയ്മയിലും അധിഷ്ഠിതമായ ലാവണ്യബോധത്തെയും, നിലപാടുകളെയും ലിംഗസ്വത്വങ്ങളെ കുറിച്ചുള്ള ധാരണകളെയും വെല്ലുവിളിച്ചുകൊണ്ട് അവർ അവരുടെ ശരീരത്തിന്റെ സാധ്യതകളെ വിപുലീകരിച്ചു.തങ്ങളുടെ അവയവങ്ങളെ ബന്ധിപ്പിച്ചു നിർത്തിയിരുന്ന സദാചാര ആഘോഷങ്ങളെ, ശരീരസങ്കല്പങ്ങളെ അഴകളവുകളെ അതിലംഘിച്ചു. അവരുടെ തുറന്ന ശബ്ദവും, കൈകാലുകളുടെ പിടിവിട്ടുള്ള ചലനങ്ങളും സ്ക്രിപ്റ്റിന്റെ അതിരുകളെ ഭേദിച്ച് കടന്നു പോയി.

പടിഞ്ഞാറൻ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി സ്ത്രീനാടകവേദി തഴച്ചു വളർന്നപ്പോൾ, ഇവിടെ ചലച്ചിത്രത്തിന്റേയും പിന്നീട് ടെലിവിഷന്റെയും കടന്നുകയറ്റത്തിൽ നാടകം എന്ന കലാരൂപം തന്നെ തളരുന്ന ഒരു അവസ്ഥയുണ്ടായിരുന്നു. സ്ത്രീകൾ അനുഭവിക്കുന്ന വിവേചനങ്ങളെയും ചൂഷണങ്ങളേയും വിഷയങ്ങളാക്കി തെരുവുനാടകങ്ങളും മറ്റും ബോധവത്ക്കരണ പരിപാടികളുടെ ഭാഗമായി രചിക്കപ്പെട്ടുവെങ്കിലും, അരങ്ങിന്റെ സൗന്ദര്യശാസ്ത്രത്തെ തന്നെ വിമർശനവിധേയമാക്കുന്ന സൈദ്ധാന്തിക ഇടപെടലുകൾ വിരളമായിരുന്നു. എന്നാൽ ഇരുപതാംനൂറ്റാണ്ടിന്റെ അവസാനദശകത്തിൽ കേരളം കണ്ട നാടകക്യാമ്പുകളും പണിപ്പുരകളും ഒരു ബദൽ ചിന്താപദ്ധതിക്കു തന്നെ തുടക്കമിട്ടു. ആ പുതുചിന്തകൾ തുറന്നിട്ട ഇടങ്ങളെയാണ് സജിതയുടെ നാടകങ്ങൾ അഭിസംബോധന ചെയ്യുന്നത്. ഈ നാടകങ്ങളിൽ ഉരുത്തിരിയുന്ന ഒരു ആനുകാലിക സ്ത്രീസ്വത്വമുണ്ട്. അല്ലെങ്കിൽ സ്വത്വങ്ങൾ ഉണ്ട്.

വർഗജാതി വിഭിന്നതകൾക്കു അതീതമായി അവരിൽ കാണുന്ന സമാനത,വെറും ഇരകളായി വിധേയപ്പെട്ടു നിൽക്കാൻ അവർ തയ്യാറല്ല എന്നത് തന്നെയാണ്.സമ്മർദ്ദങ്ങൾക്ക് വഴങ്ങാതെ സദാ ജാഗരൂകരായി നിരന്തരം പൊരുതുന്ന കലഹിക്കുന്ന അതിജീവിക്കുന്ന സ്ത്രീകൾ. കാളീനാടകത്തിലെ അവസാന വാചകങ്ങൾ സ്ത്രീനാടകഭാവുകത്വത്തിന്റെ പുതുദിശകളെ കുറിക്കുന്നവയാണ്:

'കാളി സ്ഥാനം നിശ്ചയിക്കുന്നത് അവരത്രെ! ഇരിക്കണമോ എന്ന് നിശ്ചയിക്കുന്നത് നമ്മളാണ്!'

ഈ സമാഹാരത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 'മത്സ്യഗന്ധി' പ്രേക്ഷകശ്രദ്ധയും നിരൂപകപ്രശംസയും നേടിയ നാടകമാണ്. സർവകലാശാലകളിലെ പാഠപുസ്തകം കൂടിയായ ഈ രചന സജിതയുടെ നാടക ദർശനത്തെത്തന്നെ ഉദാഹരിക്കുന്ന ഒരു അനുഭവമായിത്തീരുന്നു. നമ്മുടെ സാമൂഹ്യജീവിതത്തിൽ എന്നും ഒരു ചിരപരിചിത സാന്നിധ്യമായ മീൻകാരിയുടെ ആത്മഭാഷണത്തി




ലൂടെയാണ് നാടകം വികസിക്കുന്നത്. തൊഴിൽ പരമായ സുരക്ഷിതത്വമില്ലാതെ, ശരീരമാസകലം മീൻ നാറുന്ന, പുറമ്പോക്കുകളിൽ ജീവിക്കുന്ന മുക്കുവസ്ത്രീയിലൂടെ മഹാഭാരതത്തിലെ സത്യവതിയുടെ ആഖ്യാനവും പുനർ വായിക്കപ്പെടുന്നു. മത്സ്യഗന്ധം വമിക്കുന്ന മീൻകാരി അനുഭവിക്കുന്ന അന്യവത്ക്കരണം അവളുടെ ശരീരത്തിൽ നിന്ന് കൂടിയുള്ള അന്യവത്ക്കരണമാണ്. ഇന്നത്തെ മീൻകാരി തന്റെ ഐതിഹാസിക പൂർവസൂരിയായ സത്യവതിയെ ഓർക്കുന്നു. മുക്കുവസ്ത്രീയുടെ അഴിച്ചിട്ട മുടിയിൽ പാഞ്ചാലീ ശപഥത്തിന്റെ മാറ്റൊലികൾ കേൾക്കാം. സ്ത്രീ ശരീരത്തിന്റെ ബഹുസ്വരതയും,അതിന്റെ  പ്രതീകാത്മക വൈവിധ്യവും പലതലങ്ങളിലുള്ള വായനകളിലേക്കു നമ്മെ നയിക്കുന്നു.

യന്ത്രവത്ക്കരിക്കപ്പെടുന്ന ജീവസന്ധാരണോപാധികൾ മൂന്നാം ലോകരാഷ്ട്രങ്ങളിലെ വികസന മാതൃകകളുടെ ശാപമാണ്. വികസനം എന്ന ദുരന്തത്തിലൂടെ ഹനിക്കപ്പെടുന്നത് പരമ്പരാഗത തൊഴിലിടങ്ങളും നിസ്വരായവരുടെ കൊച്ചു സ്വപ്നങ്ങളും ജീവനോപാധികളുമാണ്. നമ്മുടെ സംസ്കാരത്തിന്റെ അഭിമാനങ്ങളായി മഹാഭാരതത്തെയും ചെമ്മീനിനെയും നെഞ്ചിലേറ്റുന്ന ഒരു ജനത, മുക്കുവ സമുദായത്തിന്റെ സമകാലിക ദുരിതങ്ങളെ അവരുടെ ആഗ്രഹങ്ങളെ എത്ര തന്നെ അറിയുന്നുണ്ട്?

സാമൂഹ്യനാടകങ്ങളിൽ  പലപ്പോഴും കാണാറുള്ള പ്രചാരണസ്വഭാവം ഒഴിവാക്കി അവതരണത്തിനും  രംഗഭാഷക്കും നാടകകൃത്ത് നൽകുന്ന ശ്രദ്ധയും കരുതലും സ്പഷ്ടമാണ്. പ്രമേയത്തിനിണങ്ങുന്ന രീതിയിൽ അരങ്ങിന്റെ ഭാഷയെ വിപുലപ്പെടുത്താൻ സജിത കാണിക്കുന്ന സൂക്ഷ്മത  പ്രത്യേക പരാമർശം അർഹിക്കുന്നു.

കഴിഞ്ഞ രണ്ടു ദശകങ്ങളായി കേരളത്തിൽ ഉടലെടുത്ത പുതിയ തൊഴിലിടങ്ങളാണ്  ടെലിവിഷൻ സ്റ്റുഡിയോകളും അവയിൽ ഉത്പ്പാദിപ്പിക്കപ്പെടുന്ന വിനോദ ഉത്പന്നങ്ങളും. നമ്മൾ ഒരേ സമയം പ്രേക്ഷകരും, പങ്കാളികളും തൊഴിലാളികളുമാണ്. റിയാലിറ്റി ഷോകളിൽ പങ്കെടുക്കുമ്പോഴും, അവയോടു അവ ആവശ്യപ്പെടുന്ന രീതിയിൽ പ്രതികരിക്കുമ്പോഴും നമ്മൾ പോലുമറിയാതെ നമ്മുടെ അധ്വാനവും സമയവും നമ്മൾ ചിലവഴിക്കുന്നുണ്ട്. ഈ പുതിയ തൊഴിലിടങ്ങൾ കുരുത്തെടുക്കുന്ന കർത്തൃത്വങ്ങൾ, സൃഷ്ടിക്കുന്ന പുതിയ അവസരങ്ങൾ, തുറന്നിടുന്ന പുതിയ സാധ്യതകൾ ഇവയെല്ലാം 'മദേർസ് ഡേ'യിലും 'ചക്കീചങ്കരൻ ഒരു റിയാലിറ്റി ഷോ'യിലും അരങ്ങിന്റെ സംവിധാനങ്ങളായി  മാറുന്നത്

സ്വാഭാവികം മാത്രം. ദൃശ്യമാധ്യമങ്ങളുടെ പ്രവർത്തനരീതി,ആ തൊഴിലിടത്തിന്റെ പിരിമുറുക്കങ്ങൾ ,തൊഴിൽബന്ധങ്ങൾ ഇവയെല്ലാം ഒരു ടെലിവിഷൻ പ്രവർത്തകയെന്ന നിലയിൽ അടുത്ത് പരിചയപ്പെട്ടത് കൊണ്ട് തന്നെ, വിദഗ്ധമായി അരങ്ങിന്റെ ഭാഷയിലേക്കു അവയെ പരിവർത്തിപ്പിക്കുവാനും പുതിയ ഭാവുകത്വങ്ങളെ സങ്കല്പിക്കുവാനും സജിത ശ്രമിക്കുന്നുണ്ട്.

യാഥാർഥ്യങ്ങളും പ്രതിനിധാനങ്ങളും തമ്മിലുള്ള അതിർവരമ്പുകൾ മായുമ്പോൾ, സാധാരണ ജീവിതം കെട്ടുകാഴ്ചയാകുമ്പോൾ, കെട്ടുകാഴ്ചകൾ സാധാരണമാകുമ്പോൾ, എളിയ ജീവിതങ്ങൾ പിടികിട്ടാത്ത സന്ദിഗ്ധതകളിലേക്കു കൂപ്പു കുത്തുന്നു. ആ അമ്പരപ്പുകളും, ഞെട്ടലുകളും, ചിരികളും ഈ നാടകങ്ങളുടെ ആത്മാവാണ്. വിപ്ലവവും ചരിത്രവും കൗതുകങ്ങളായി മാറുമ്പോൾ പഴയ വിപ്ലവനായിക വിനോദോപാധി മാത്രമായി മാറുന്നു. ഏതു നൈതിക മുന്നേറ്റത്തെയും, രാഷ്ട്രീയ ഇടപെടലിനെയും, ലാഭകരമായ ദൃശ്യമാക്കി മാറ്റാനുള്ള രാസപ്രക്രിയ ചാനൽ സംസ്കാരത്തിനും, ദൃശ്യവിപണിക്കും ഇന്ന് അവകാശപ്പെടാം. ടെലിവിഷൻ ഷോയുടെ സങ്കേതങ്ങളും അരങ്ങിന്റെ സങ്കേതങ്ങളും തമ്മിൽ നെയ്തെടുക്കുന്ന സമവാക്യങ്ങൾ നാടകാവിഷ്കാരത്തിനു ഒരു മൾട്ടിമീഡിയ അനുഭവത്തിന്റെ പ്രതീതി പകരുന്നു. ആഗോള രാഷ്ട്രീയ/സാംസ്കാരിക/സാമ്പത്തിക ശക്തികളാൽ നിരന്തരം നിരീക്ഷിക്കപ്പെടുന്ന, തിരിച്ചു ആഗോള അഭിരുചികളിലേക്കും പ്രതീക്ഷയോടെ സദാ ഉറ്റുനോക്കുന്ന കേരളജനതയാണ് പുതിയ പ്രേക്ഷകസമൂഹം.ആ സെൻസിബിലിറ്റിയെ നേരിടാൻ അതിവൈകാരികതക്കും കാൽപ്പനിക ഭാവനയ്ക്കും അസാധ്യമാണെന്ന തിരിച്ചറിവ്, നാടകകൃത്തിനെ കൊണ്ട് കൈയ്യടക്കത്തോടെ ഹാസ്യം ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നു.

ഇതിനകം കേരളത്തിനകത്തും പുറത്തും അന്തർദ്ദേശിയ തലത്തിലും പലവേദികളിൽ അരങ്ങേറി കഴിഞ്ഞ കാളീനാടകം അതിന്റെ പരപ്പിലും കഥാപാത്ര ബാഹുല്യത്തിലും, പകിട്ടാർന്ന പശ്ചാത്തല സംവിധാനം കൊണ്ടും സവിശേഷവും വ്യത്യസ്തവുമായ ഒരുക്കങ്ങൾ ആവശ്യപ്പെടുന്നുണ്ട്.

അനുഷ്ഠാനത്തിന്റെയും, വിശ്വാസത്തിന്റെയും, ആചാരങ്ങളുടെയും, തനതു ദൃശ്യകലകളുടെയും, ശബ്ദതാളങ്ങളും ചടുലസംഗീതവും കാഴ്ചാശീലങ്ങളും ഫലപ്രദമായി ഇതിവൃത്തത്തിലേക്കു സംയോജിപ്പിച്ചു കൊണ്ടാണ് സമൂഹത്തിന്റെ പൊതു സ്മൃതിയിൽ വർഷങ്ങളായി നീറിനിൽക്കുന്ന മുറിവുകളെയും ദയാശൂന്യമായ ഓർമ്മകളെയും 'കാളീനാടകം' ഉച്ചാടനം ചെയ്യാൻ ശ്രമിക്കുന്നത്. ഇവിടെ നാടകവും ജീവിതവും തമ്മിൽ, കലയും വാസ്തവവും തമ്മിൽ പകർന്നാടുന്ന അനുഭവത്തിനു നാം സാക്ഷ്യം വഹിക്കുന്നു. ലക്ഷ്മീസങ്കൽപ്പത്തിലേക്കു മെരുക്കിയെടുക്കപ്പെട്ട ദേവീചൈതന്യത്തിന്റെ പ്രതികാര രൂപമാണ് കാളി.

സവർണദൈവ വിഗ്രഹങ്ങളിൽ നിന്ന് ഒഴിവാക്കപ്പെട്ടവൾ. കറുത്തവൾ. ചുടലയിൽ വസിക്കുന്നവൾ. അരികുകളിലും അതിരുകളിലും ജീവിക്കുന്ന ഈ ദേവീപൂജയുടെ ആഘോഷം ദാരികവധത്തിലാണ്, തിന്മയുടെ നിഗ്രഹത്തിലാണ്. നന്മതിന്മകൾ നിർവചിക്കുന്നതു അതാത് കാലങ്ങളിലെ തിരിച്ചറിവുകളും അധികാരരൂപങ്ങളുമാണെന്ന ഉൾക്കാഴ്ചയാണ് 'കാളീനാടകത്തിന്റെ കാതൽ.

ജാതിവ്യവസ്ഥയിൽ ഉരുകിത്തീർന്നിട്ടുള്ള സ്ത്രീകളുടെ രോഷമായി സ്വയം വളരുന്ന ഒരു കാളിയെയാണ് ഈ നാടകത്തിൽ കാണുന്നത്.

വിമോചന ആഖ്യാനങ്ങളും ബദൽ മാതൃകകളും ഒരുപാട് സംഘർഷങ്ങൾ വ്യക്തികൾക്കുള്ളിലും കുടുംബങ്ങൾക്കുള്ളിലും തീർത്ത കാലഘട്ടം കൂടിയാണിത്. ആനുകാലിക സമൂഹങ്ങളിലെ അപരിചിതഭാവങ്ങളും ഒറ്റപ്പെടലുകളും ഉണ്ടാക്കുന്ന ഉത്കണ്ഠകളെയാണ് അമ്മയും മകളും തമ്മിലുള്ള മൗനമുദ്രിതമായ സംഭാഷണത്തിൽ നമ്മൾ 'മദേഴ്സ് ഡേ'യിൽ കേൾക്കുന്നത്. സ്വാതന്ത്ര്യവാഞ്ഛക്കും,സ്നേഹബന്ധങ്ങളുടെ പതിവ് കെട്ടുപാടുകൾക്കുമിടയിൽ,തലകുനിക്കാതെ സ്വന്തമായ പാതകൾ വെട്ടാനൊരുങ്ങിയ രണ്ടു തലമുറകളിൽ പെട്ട സ്ത്രീകൾ തമ്മിലുള്ള ആശയവിനിമയം അഭിനേതാക്കൾക്ക് ഒരു വെല്ലുവിളിയായിരിക്കും. സ്ത്രീകൾ രചിക്കുന്ന നാടകങ്ങളുടെ സുപ്രധാനമായ ലക്ഷണമാണിത്. അനന്തമായി വളർന്നു കൊണ്ടിരിക്കുന്ന ഒരു പെൺസ്വത്വത്തെ അത് കനവ് കാണുന്നു. ആശയപരമായും വൈകാരികമായും ഈ പാതയിലൂടെ സഞ്ചരിച്ചിട്ടുള്ളവർക്കേ, സുരക്ഷിത ഇടങ്ങളെ കൈവിട്ടു സ്വയം അന്വേഷിച്ചവർക്കേ,നിയതമായ അതിരുകൾ ഇല്ലാത്ത ഈ യാത്രയിലടങ്ങിയ സാഹസികമായ ഉന്മാദത്തെ ഒന്ന് ചെറുതായെങ്കിലും സ്പർശിക്കാൻ കഴിയുകയുള്ളൂ.

സിനിമയും ടെലിവിഷനും നവദൃശ്യമാധ്യമങ്ങളും എല്ലാം ചേർന്ന് നാടകത്തിന്റെ സാധ്യതകളെ ഇല്ലാതാക്കുകയാണോ എന്ന് നമ്മൾ ഉത്കണ്ഠപ്പെടാൻ തുടങ്ങുമ്പോഴാണ്, അടുത്ത കാലത്ത് നാടകം ഒരു തിരിച്ച് വരവ് നടത്തുന്നത്. വലിയതോതിൽ സാമ്പത്തിക നിക്ഷേപം ആവശ്യപ്പെടുന്ന വൻ പ്രൊഡക്ഷനുകൾക്കു മുന്നിൽ ടിക്കറ്റ്

കിട്ടാൻ കായിക ബലം പ്രയോഗിക്കേണ്ടി വരുന്ന ഒരു സ്ഥിതി വിശേഷം ഇന്നുണ്ട്. അത്തരം ഭീമൻ ഉദ്യമങ്ങളുടെ അനുകരണമോ,പുനരുത്പാദനമോ അല്ല സ്ത്രീ നാടകവേദി ഉദ്ദേശിക്കുന്നത്. മറിച്ച് ചെറിയ തോതിൽ, വലിയ മുതൽമുടക്കില്ലാതെ, ചെറുവൃത്തങ്ങളിൽ സ്വന്തം ശരീരത്തിന്റെ സാദ്ധ്യതകളെ പരമാവധി വിപുലപ്പെടുത്തുകയാണ് നടി ചെയ്യുന്നത്.

സാമ്പ്രദായിക നാടകാവിഷ്കാരങ്ങളിൽ നിന്നും പെർഫോമൻസ് ആർട്ടിലേക്കും ഏകാഭിനയ അവതരണങ്ങളിലേക്കും ചുവടുമാറുവാനുള്ള പ്രവണത ഇന്ന് കലാകാരികൾക്കിടയിൽ പൊതുവേ കാണപ്പെടുന്നുണ്ട്. ഇവിടെ തങ്ങളുടെ കലാപ്രവർത്തനത്തിൽ അവർ കൃത്യമായ നിലപാടുകൾ എടുക്കുകയാണ്. വ്യവസ്ഥാപിതമായിട്ടുള്ള അരങ്ങുകളിൽ നിന്ന് മാറി ഷോപ്പിംഗ് മാളിലേക്കും ഹോട്ടലുകളിലേക്കും നാടകം ചേക്കേറുമ്പോൾ അതിൽ ഒരു സാംസ്കാരിക പ്രതിരോധമുണ്ട്.

സജിതയുടെ നാടകങ്ങൾ വിവിധങ്ങളായ അരങ്ങുകളെ വിഭാവനം ചെയ്യുന്നുണ്ട്. വർത്തമാനകാല പരീക്ഷണങ്ങളെ ഉൾക്കൊള്ളാനും ശ്രമിക്കുന്നുണ്ട്. നടീനടന്മാരുടെ ബഹുത്വവും, രംഗസജ്ജീകരണങ്ങളുടെ വലിപ്പവും പെരുപ്പവും നാടകപ്രവർത്തകർക്ക് വെല്ലുവിളികളാണ്. അരങ്ങുകളുടെ വൈവിധ്യം, പ്രേക്ഷകരുടെ പങ്കാളിത്തത്തിലെ വ്യത്യാസങ്ങൾ, നടീനടന്മാരുടെ മനോധർമ്മം, അവതരണസന്ദർഭങ്ങൾ ഇവയെല്ലാം ഈ പാഠങ്ങൾക്ക് നൽകുന്ന, ഭാഷ്യങ്ങൾ വിഭിന്നങ്ങളായിരിക്കും. ലിംഗരാഷ്ട്രീയത്തിന്റെ ഒട്ടും സരളമല്ലാത്ത കാലങ്ങളിലൂടെ നീങ്ങുന്ന നമുക്ക് സജിതയുടെ നാടകങ്ങൾക്ക് കൂടുതൽ വേദികൾ ഒരുക്കാം.അവയെ ക്രിയാത്മകമായ സംവാദങ്ങൾക്ക് നിമിത്തമാക്കാം.കാരണം, കാണികളിൽ ഉണ്ടാക്കുന്ന ചലനങ്ങളിലൂടെയാണ് ഈ നാടകങ്ങൾ തങ്ങളുടെ ദൗത്യം നിർവ്വഹിക്കുന്നത്. ■

---

*(തുടർച്ച പേജ് 48)*

കുട്ടികളും അപേക്ഷിക്കേണ്ടതില്ല" എന്ന നിബന്ധനയാണ് വിംഗ്സ് കേരള, അന്വേഷി, പെണ്ണൊരുമ എന്നീ സ്ത്രീ സംഘടനകൾ കോടതിയിൽ ചോദ്യം ചെയ്തത്. 2016-ൽ വെബ്സൈറ്റിലെ ഈ നിബന്ധന ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ എഫ്.ബിയിൽ ഇത് പോസ്റ്റു ചെയ്യുകയും ആ കാമ്പയിൻ സ്ത്രീകൾ ഏറ്റെടുക്കുകയും ചെയ്തു. അന്നത്തെ വനം വകുപ്പു മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ ഈ വിവേചനം അവസാനിപ്പിക്കാം എന്നു സമ്മതിച്ചെങ്കിലും അദ്ദേഹം അതിനു തയ്യാറായില്ല.

2017ൽ മുഖ്യമന്ത്രിക്കും വനംവകുപ്പു മന്ത്രിക്കും പരാതികൾ അയയ്ക്കുകയും പ്രത്യക്ഷ സമരപരിപാടികളുമായി സ്ത്രീ കൂട്ടായ്മകൾ രംഗത്ത് വരികയും ചെയ്തു. വിംഗ്സ് കേരള, അന്വേഷി, പെണ്ണൊരുമ, സഖി, തീരദേശ മഹിളാ വേദി, സേവായൂണിയൻ, നിസ തുടങ്ങിയ സംഘടനകളുടെയൊക്കെ പങ്കാളിത്തം സമരത്തിനുണ്ടായിരുന്നു. വനംവകുപ്പ് ഓഫീസിനു മുന്നിലും സെക്രട്ടറിയേറ്റിനു മുന്നിലും നടന്ന പ്രതിഷേധങ്ങളെത്തുടർന്ന് വനംവകുപ്പ് മന്ത്രി കെ.രാജു ചർച്ചയ്ക്ക് വിളിക്കുകയും വിശ്വാസാചാരങ്ങളെ ലംഘിക്കാതെ "അതിരുമല" വരെ മാത്രം സ്ത്രീകൾക്ക് ട്രക്കിംഗ് അനുവദിക്കാമെന്ന് സമ്മതിക്കുകയുമുണ്ടായി. "അതിരുമല എന്നൊരു ഔദാര്യം" ഞങ്ങൾക്കുവേണ്ട എന്ന് ശക്തമായി പ്രതിഷേധിച്ചുകൊണ്ടാണ് ചർച്ച അവസാനിച്ചത്. തുടർന്ന് വനംവകുപ്പു സെക്രട്ടറി മാരപാണ്ഡ്യനുമായി നടന്ന ചർച്ചയിൽ 2017 ഫെബ്രുവരിയിൽ സ്ത്രീകളെ പ്രവേശിപ്പിക്കാമെന്ന് സമ്മതിക്കുകയുണ്ടായി. വളരെ ദുർഘടമായ യാത്രയിൽ പങ്കെടുക്കാൻ സ്ത്രീകൾക്ക് ബുദ്ധിമുട്ടായിരിക്കുമെന്ന വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് യാത്രയ്ക്ക് തയ്യാറായ 61 പേരുടെ ലിസ്റ്റാണ് അന്ന് വനംവകുപ്പു സെക്രട്ടറിക്ക് കൊടുത്തത്. എന്നാൽ ആദിവാസി മഹാസഭ പ്രവർത്തകർ ഹൈക്കോടതിയിൽ നിന്ന് സ്റ്റേ വാങ്ങുകയും സ്ത്രീപ്രവേശം നടക്കാതിരിക്കുകയുമാണുണ്ടായത്.

സ്റ്റേ മറികടക്കുന്നതിനും സ്ത്രീകളെയും ട്രക്കിംഗിൽ പങ്കെടുപ്പിക്കുന്നതിനും വിംഗ്സ് കേരള, അന്വേഷി, പെണ്ണൊരുമ എന്നീ സ്ത്രീ സംഘടനകൾ ഹൈക്കോടതിയെ സമീപിക്കുന്നത് 2017 മാർച്ചിലാണ്. കോടതി ആവശ്യപ്പെട്ട മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നതിലും മറ്റും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ കാലതാമസം 2018ലെ ട്രക്കിംഗിലും സ്ത്രീകൾക്ക് പ്രവേശം നിഷേധിക്കാൻ കാരണമായി. ജനുവരി 26-ന് ദേശീയപതാകയുമായി ട്രക്കിംഗിന്റെ ബേസ് ക്യാമ്പായ ബോണക്കാട്ടേക്ക് സ്ത്രീകളുടെ നേതൃത്വത്തിൽ മാർച്ച് നടത്തുകയും പോലീസ് തടയുകയും ചെയ്തു. 2018 നവം. 30ന് ജസ്റ്റിസ് അനു ശിവരാമന്റെ അഗസ്ത്യാർകൂടം ട്രക്കിംഗിൽ സ്ത്രീകൾക്കും പ്രവേശനം അനുവദിച്ചുകൊണ്ടുള്ള വിധി വരുന്നത് ശബരിമല സ്ത്രീപ്രവേശവുമായി ബന്ധപ്പെട്ട കോലാഹലങ്ങൾക്കിടയിൽത്തന്നെയാണ്. ഒരു ലിംഗവിവേചനം കൂടി കേരളത്തിൽ അവസാനിപ്പിക്കാൻ ഈ വിധി കൊണ്ട് കഴിഞ്ഞു. ■

**കവിത**

**വിജി ശങ്കർ**



# കൽപ്പാത്തിയിലെ സന്ധ്യ...

കൽപ്പാത്തിയിലെ സന്ധ്യ സുന്ദരിയാണ്...
അവൾ സായാഹ്ന സൂര്യനോടൊപ്പം
കൽപ്പാത്തി പുഴയിൽ മുങ്ങി കുളിക്കുന്നു,
നിറമാർന്ന പട്ടുചേലയുടുക്കുന്നു,
വിടർന്ന നെറ്റിയിലും, സീമന്ത രേഖയിലും
ചുവന്നസിന്ദൂരമണിയുന്നു,
തിലകത്തിനു മേലെ അമ്പലത്തിലെ
വിശ്വനാഥന്റെ ഭസ്മക്കുറി...
വിശാലാക്ഷിയെ പോലെ കഴുത്തിലും,
കാതിലും മിന്നുന്ന വൈരങ്ങൾ...
മുടിയിൽ വിടരാൻ വെമ്പുന്ന മുല്ലമാല,
കാലിൽ മഞ്ജീരം പൊട്ടിച്ചിരിക്കുന്നു...
കാൽവിരലുകളിൽ മിഞ്ചികൾ**,
കൈയിൽ കളകളം പൊഴിക്കുന്ന കുപ്പിവളകൾ,
ഇടയിൽ ചുവന്ന ശംഖുവള...
അവൾ വീട്ടു വാസലിൽ** അരിനക്കാലമിടുന്നു,
പൂജാമുറിയിൽ തംബുരുവിൽ
'അലൈ പായുതേ' മീട്ടുന്നു,
പിന്നെ അവൾ ക്ഷേത്രങ്ങളിലെ
ദീപാരാധനകൾ തൊഴുതു നടക്കുന്നു,
സ്വന്തം വീട്ടുക്കാരന്** വേണ്ടി
താലി തൊട്ടു പ്രാർത്ഥിക്കുന്നു,
കൂട്ട് വന്ന പോക്കുവെയിലിനോട്
കിണ്ടൽ പണ്ണി**ചിരിക്കുന്നു,
നിർത്താതെ തമിഴ് പേശുന്നു,
വഴിയരികിലെ വാണിഭക്കാരോട് വില പേശുന്നു,
രാത്രി ചമയലിനുള്ള** വിഭവങ്ങൾക്കാവാം...
ഇരുട്ടു പരക്കാൻ തുടങ്ങുമ്പോൾ,
അവൾ ആത്തിലേക്ക്** മടങ്ങുന്നു,
ഉമ്മറത്തെ തിണ്ടിലിരുന്നു
വഴിപോക്കരോട് കുശലം പറയുന്നു,
പിലന്ന ആത്തിനുള്ളിലേക്ക്**...
ഇനിയവൾ, നാളെയേ വരികയുള്ളൂ...
അതെ, എന്റെ കൽപ്പാത്തി സന്ധ്യ
മറ്റാരെക്കാളും സുന്ദരിയാണ്...

**മിഞ്ചി: കാൽവിരലിലെ മോതിരം, **വീട്ടുവാസൽ: വീടിന്റെ മുൻവശം, **വീട്ടുക്കാരൻ: ഭർത്താവ്, **കിണ്ടൽ പണ്ണുക: കളിയാക്കുക
**ചമയൽ: പാചകം, **ആത്തിലേക്ക്: വീട്ടിലേക്ക്

# അന്വേഷി വാർഷികാഘോഷം






അന്വേഷിയുടെ ഇരുപത്തഞ്ചാം വാർഷികാഘോഷം 2019 ജനുവരി 12ന് വൈകീട്ട് അഞ്ചു മണിക്ക് കോഴിക്കോട് ടൗൺഹാളിൽ സിനി ആർട്ടിസ്റ്റ് റിമ കല്ലിങ്കൽ (WCC) ഉദ്ഘാടനം ചെയ്തു. അന്വേഷിയുടെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്യാൻ അവസരം കിട്ടിയതിൽ വളരെയധികം സന്തോഷമുണ്ടെന്ന് അവർ പറഞ്ഞു.

ഞങ്ങളുടെ 'ഏറ്റവും അടുത്ത സുഹൃത്ത്' അനുഭവിച്ച പ്രശ്നങ്ങളുടെ തുടർച്ചയായാണ് 2017 WCC രൂപീകരിച്ചത്. സ്ത്രീ പ്രശ്നങ്ങൾ ധാരാളമായി ചർച്ച ചെയ്യുകയും പരിഹാരങ്ങൾ കാണുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ പോലും ഇത്തരത്തിലൊരു സംഘടന രൂപീകരിച്ചപ്പോൾ ഞങ്ങൾ വളരെയധികം വെല്ലുവിളികൾ നേരിട്ടുണ്ട്. ഇരുപത്തഞ്ച് വർഷങ്ങൾ മുമ്പ് അന്വേഷി പ്രവർത്തനം തുടങ്ങിയപ്പോൾ എത്രയോ അധികം എതിർപ്പുകൾ നേരിട്ടിട്ടും ഇന്നും ശക്തമായൊരു സംഘടനയായി അത് നിലനിൽക്കുന്നു എന്നത് അത്ഭുതകരമാണ്. ഇങ്ങനെയൊരു സംഘടനയുടെ വില (മൂല്യം) പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്കാണ് മനസ്സിലാവുക എന്ന് റിമ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. അന്വേഷി പ്രസിഡണ്ട് കെ. അജിത അദ്ധ്യക്ഷം വഹിച്ച ചടങ്ങിൽ അന്വേഷി സെക്രട്ടറി പി. ശ്രീജ സ്വാഗതം പറഞ്ഞു. സംസ്ഥാന സാഹിത്യ അക്കാദമി വൈസ് ചെയർമാൻ ഡോ. ഖദീജ മുംതാസ്, ജില്ലാ പ്രൊട്ടക്ഷൻ ഓഫീസർ ഡോ. ലിൻസി, സി.കെ. ജാനു, പി.വിജി (പെൺകൂട്ട്), ദീപ (വിംഗ്സ്) കവിയും ട്രാൻജെൻഡറുമായ വിജയരാജമല്ലിക, പി.ഗീത തുടങ്ങിയവർ ആശംസ അർപ്പിച്ചു. പി. പ്രമീള (അന്വേഷി) നന്ദി പറഞ്ഞു. ഉദ്ഘാടന ചടങ്ങിനു ശേഷം സ്ത്രീകളും കുട്ടികളും അവതരിപ്പിച്ച വിവിധ കലാപരിപാടികൾ നടന്നു.







ശാസ്ത്രം

സീമ ശ്രീലയം

**പ്രമുഖ ശാസ്ത്ര ലേഖിക, നിരവധി ബഹുമതികൾക്ക് ഉടമ**



# ശാസ്ത്രരംഗത്തെ സ്ത്രീകൾക്കും പെൺകുട്ടികൾക്കും ഒരുദിനം

**ശാ**സ്ത്രരംഗത്തെ സ്ത്രീകളുടെയും പെൺകുട്ടികളുടെയും അന്താരാഷ്ട്രദിനമാണ് ഫെബ്രുവരി 11. ശാസ്ത്ര ഗവേഷണങ്ങളിലും നൂതന ആശയങ്ങൾ രൂപപ്പെടുത്തുന്നതിലും തങ്ങളുടെ കഴിവു മുഴുവൻ ഉപയോഗപ്പെടുത്താനും ഉയരങ്ങൾ കൈയെത്തിപ്പിടിക്കാനും സ്ത്രീകൾക്കും പെൺകുട്ടികൾക്കും പ്രചോദനവും പ്രോൽസാഹനവും നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഐക്യരാഷ്ട്രസഭ ഈ ദിനാചരണത്തിനു മുൻകൈ എടുത്തത്. യുനസ്കോയും യു.എൻ. വിമണും ആണ് ദിനാചരണത്തിനു നേതൃത്വം നൽകുന്നത്. ശാസ്ത്രരംഗത്തെ സ്ത്രീശാക്തീകരണവും ലിംഗസമത്വവുമാണ് ഈ ദിനാചരണം ഉയർത്തിപ്പിടിക്കുന്ന സന്ദേശങ്ങൾ. അറിവാണ് ശക്തിയെന്ന തിരിച്ചറിവിൽ ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ കൈപ്പിടിയിൽ ഒതുക്കാനുള്ള പടയോട്ടത്തിലാണ് ലോകരാജ്യങ്ങൾ. എന്നാൽ ഇതിൽ സ്ത്രീ പ്രാതിനിധ്യം എത്രത്തോളമുണ്ട്? ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽപ്പോലും നിർണായക ഗവേഷണങ്ങളിൽ സ്ത്രീ അദൃശ്യയാവുകയോ നിഴലായി ഒതുങ്ങിപ്പോവുകയോ ചെയ്യുന്നുണ്ട് എന്നതൊരു യാഥാർഥ്യമാണ്. അനന്ത വിസ്മയങ്ങളും അറ്റമില്ലാത്ത പ്രതീക്ഷകളും വിരിയിച്ചു കൊണ്ടിരിക്കുന്ന ശാസ്ത്ര സാങ്കേതിക രംഗത്ത് സ്ത്രീകളുടെ കഴിവുകൾ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ ഗവേഷണ രംഗത്തിന് അതൊരു മുതൽക്കൂട്ടുതന്നെയായിരിക്കും.

സുസ്ഥിരവികസനത്തിനായുള്ള യു.എന്നിന്റെ 2030 അജണ്ട ലക്ഷ്യത്തിലെത്തിക്കാൻ ശാസ്ത്രത്തിനും ലിംഗസമത്വത്തിനും ഉള്ള പങ്ക് വളരെ വലുതാണ്. സ്ത്രീകളെയും പെൺകുട്ടികളെയും ശാസ്ത്രത്തിലേക്ക് ആകർഷിക്കാനും അവരെ ആ രംഗത്തുതന്നെ പിടിച്ചുനിർത്താനുമായി സമീപ വർഷങ്ങളിൽ നിരവധിശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും ഉയർന്നതട്ടിലുള്ള ഗവേഷണ മേഖലകളിൽ സ്ത്രീസാന്നിധ്യം ഇപ്പോഴും പരിമിതമാണ് എന്നതാണ് യാഥാർഥ്യം. പതിനാലു രാജ്യങ്ങളിൽ നടത്തിയ ഒരു പഠനം അനുസരിച്ച് ശാസ്ത്ര വിഷയങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, ഡോക്റ്ററേറ്റ് എന്നിവ നേടുന്ന പെൺകുട്ടികൾ യഥാക്രമം 18%, 8%, 2% മാത്രമാണ്. അതേസമയം ആൺകുട്ടികളെ സംബന്ധിച്ച് ഇത്യഥാക്രമം 37%, 18%, 6% ആണ്. ശാസ്ത്ര ഗവേഷണരംഗത്ത് സ്ത്രീപുരുഷ തുല്ല്യത ഈ ഇരുപത്തിയൊന്നാംനൂറ്റാണ്ടിലും യാഥാർഥ്യമായിട്ടില്ല എന്നതാണ് വസ്തുത. ശാസ്ത്രപഠനവും ഗവേഷണവുമൊന്നും പെൺകുട്ടികൾക്ക് പറഞ്ഞിട്ടുള്ളതല്ല എന്നുറച്ചു വിശ്വസിക്കുന്നവർ ഈ നൂറ്റാണ്ടിലും ധാരാളം!

സുസ്ഥിരവികസന ലക്ഷ്യങ്ങൾ കൈയെത്തിപ്പിടിക്കണമെങ്കിൽ ആരോഗ്യരംഗത്തെ വെല്ലുവിളികൾ മുതൽ ഗുരുതരമായ കാലാവസ്ഥാ വ്യതിയാനങ്ങൾക്കുവരെ പരിഹാരം കണ്ടെത്തിയേ തീരൂ. അതുപോലെ പരിസ്ഥിതി, ഊർജം, കാർഷികരംഗം തുടങ്ങിയ മേഖലകളിലൊക്കെ ലോകത്തിന് നിരവധി വൈതരണികൾ മറികടക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ടുതന്നെ ശാസ്ത്ര ഗവേഷണങ്ങളിൽ സ്ത്രീകളുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്. ഗവേഷണ രംഗത്തും തുല്ല്യത വന്നാലേ വൈവിധ്യമാർന്ന നൂതന ആശയങ്ങളുടെ കലവറയായി, കഴിവുറ്റ ഗവേഷകരുടെ ഒരു റിസോഴ്സ്പൂൾ ആയി നമ്മുടെ ഗവേഷണരംഗം മാറുകയുള്ളൂ.

ആഗോളതലത്തിൽ ശാസ്ത്രഗവേഷകരുടെ കണക്കു പരിശോധിച്ചാൽ മുപ്പത് ശതമാനത്തിൽ താഴെ മാത്രമാണ് വനിതാഗവേഷകർ എന്നു കാണാം. സയൻസ്, ടെക്നോളജി, എഞ്ചിനീയറിങ്, മാത്സ് (STEM) വിഷയങ്ങളിൽ വിവിധ കോഴ്സുകളിലും ഗവേഷണങ്ങളിലും തുല്ല്യമായ സ്ത്രീപുരുഷ സാന്നിധ്യം എന്നത് ഇന്നും ഒരു സ്വപ്നമായി അവശേഷിക്കുന്നു. സ്ത്രീക്ക് കഴിവില്ലാത്തതു കൊണ്ടല്ല ഈ സ്ഥിതി വിശേഷം എന്നുതീർച്ച. കൂടിപ്പോയാൽ ഒരു ഡോക്റ്ററേറ്റ് എടുക്കുകയും നല്ലൊരു ജോലി കിട്ടുകയും ചെയ്യുന്നതിനപ്പുറം സ്ത്രീകളുടെ ഗവേഷണ താല്പര്യത്തെ പ്രോൽസാഹിപ്പിക്കാത്ത സമൂഹ മനഃസ്ഥിതിയും അവൾക്കു ചുറ്റും ജനിക്കുമ്പോഴേ കെട്ടിപ്പൊക്കാൻ തുടങ്ങുന്ന അരുതുകളുടെ വേലിക്കെട്ടുകളുമൊക്കെ ഇതിനു കാരണമാണ്.

ശാസ്ത്ര ചരിത്രം പരിശോധിച്ചാൽ സ്ത്രീകളെ ഗവേഷണ സംഘത്തിൽ ഉൾപ്പെടുത്താൻ പോലും മടിച്ചിരുന്നതിന്റെയും ലാബിൽ പ്രവേശിക്കാൻ പോലും അനുവദിക്കാതിരുന്നതിന്റെയും സുപ്രധാന ചർച്ചകളിൽ നിന്ന് അകറ്റി നിർത്തിയതിന്റെയുമൊക്കെ കയ്ക്കുന്ന വിവേചന ചരിത്രം നമുക്കു കാണാം. പല ശാസ്ത്രജ്ഞകൾക്കും സ്വന്തം കണ്ടുപിടിത്തത്തിന്റെ ക്രെഡിറ്റ് പോലും ലഭിച്ചിരുന്നില്ല. സഹഗവേഷകരായ പുരുഷന്മാർക്ക് നോബൽ സമ്മാനം വരെ ലഭിച്ചപ്പോൾ അതേ ഗവേഷണങ്ങളിൽ സുപ്രധാന പങ്കുവഹിച്ച പല വനിതകൾക്കും ലഭിച്ചത് അവഗണനയുടെ കയ്പുനീർ മാത്രം. എന്നിട്ടും ഇതിനെയൊക്കെ അതിജീവിച്ചു സ്വപ്നങ്ങൾ കൈയെത്തിപ്പിടിച്ച സ്ത്രീകൾ നൽകുന്ന ആത്മവിശ്വാസം ചില്ലറയല്ല.

ഇന്ന് ശാസ്ത്ര ഗവേഷണത്തിൽ സ്ത്രീകൾക്ക് അവസരങ്ങൾ നിരവധിയുണ്ട്. എങ്കിലും ഈ രംഗത്ത് ഉന്നതസ്ഥാനത്തെത്തുന്ന വനിതകളുടെ എണ്ണം ഇനിയും കൂടേണ്ടതുണ്ട്. ശാസ്ത്ര ഗവേഷണരംഗം കൂടുതൽ സ്ത്രീ സൗഹൃദപരം ആകേണ്ടതും അത്യാവശ്യമാണ്.

■

## കാർട്ടൂൺ

കടപ്പാട് : ഇന്റർനെറ്റ്




# പാപമില്ലാത്തവർ കല്ലെറിയട്ടെ



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara

ഫോട്ടോഫീച്ചർ

# റിറ്റാബ്ലോ ആത്മീയ



സ്പെയിനിലെ
സെന്റ് മോണിക്ക



ഫ്രാൻസിലെ
ജോൺ ഓഫ് ആർക്ക്



ആൻ ബർട്ട്

ക്രിസ്തീയ ദേവാലയങ്ങളിൽ അൽത്ത
പുറകിൽ വെയ്ക്കുന്ന രൂപങ്ങളാണ്
മെക്സിക്കൻ പശ്ചാത്തലമുള്ള ഈ
രൂപങ്ങൾ ആൻ ബർട്ട് എന്ന കലാകാ
പുനഃസൃഷ്ടിയിലൂടെ പ്രസിദ്ധമാണ്.
കരുള്ള ആൻ ബർട്ടിന്റെ ആത്മീയ ക
ഓൺലൈനായി വിൽക്കപ്പെടുന്നുണ്ട്

# യ കലാരൂപങ്ങൾ



താരയ്ക്ക്
റിറ്റാബ്ലോ.
പാർത്ഥനാ
രിയുടെ
ഏറെ ആരാധ
ലാരൂപങ്ങൾ
.



സ്പെയിനിലെ
സെന്റ് തെരേസ



ലോസ് ഏഞ്ചൽസിലെ
സെന്റ് വിഭാനിയ




മെക്സിക്കോയിലെ
ഔർ ലേഡി ഓഫ് ഗ്വാഡലൂപ്



ഐയർലണ്ടിലെ
സെന്റ് ബ്രിഗിഡ്